# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാർച്ച് 10, ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--346]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : 347 മുതൽ 419 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : 420 മുതൽ 448 വരെ |
| ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി | : 449 മുതൽ 604 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : 605 മുതൽ 665 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 666 മുതൽ 692 വരെ |

### വൈദ്യുതി മോഷണം

347. ശ്രീ.റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ്
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയുന്നതിന് എന്തെല്ലാം കരുതൽ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വൈദ്യുതി മോഷണത്തിനുള്ള പിഴ ഇനത്തിൽ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകുമോ ?

### സൗരോർജ്ജ നയം

348. ശ്രീ.വർക്കല കഹാർ

,, വി.ഡി.സതീശൻ

,, ലൂഡി ലൂയിസ്

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി സ്ഥലത്തെ പ്രവൃത്തി

349. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി യുടെ അധീനതയിലുള്ള സ്ഥലത്ത് ബോർഡിന്റെ ഏത് പ്രവൃത്തിക്കാണ് അംഗീകാരം നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ബി) നിർദ്ദിഷ്ടസ്ഥലത്ത് ഈ സാമ്പത്തിക വർഷം ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്താമോ?

## കെ.എസ്.ഇ.ബി-വൈദ്യുതി ചാർജ്ജ് കുടിശ്ശിക

350. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യ്ക്ക് നിലവിൽ പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണ്;

(ബി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ-ബോർഡുകൾ എന്നിവ ഏതെല്ലാം എന്നും; കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) കുടിശ്ശികയിനത്തിൽ എത്ര തുക സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും

അടയ്ക്കുവാനുണ്ട്;കുടിശ്ശിക അടയ്ക്കുന്നതിൽ എന്തു തുകയുടെ ഒഴിവാക്കൽ/ഇളവുകൾ അനുവദിച്ചിട്ടുണ്ട്;

(ഡി) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ കെ.എസ്.ഇ.ബി.യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ കെ. എസ്.ഇ.ബി. യുടെ ശരാശരി പ്രതിമാസ വരവ്-ചെലവ് കണക്കുകൾ വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

351. ശ്രീ.ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്ദൂർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം പ്രൊമോഷൻ നൽകി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരമാവധി നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

## കെ.എസ്.ഇ.ബി.യുടെ ഊർജ്ജ സംരക്ഷണ പ്രചരണം

352. ശ്രീ.ജോസഫ് വാഴയ്ക്കൻ

**,,** ടി.എൻ. പ്രതാപൻ

**,,** കെ.ശിവദാസൻ നായർ

**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ പ്രചരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പ്രചാരണത്തിനായി എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഊർജ്ജ സംരക്ഷണത്തിനായി എല്ലാ ഉപഭോക്താക്കളെയും ബോധവൽക്കരിക്കാനും പ്രോൽസാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ

(ഡി) പദ്ധതി നടത്തിപ്പുകൾക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കെ.എസ്.ഇ.ബി.യ്ക്ക് ചെലവു കുറഞ്ഞ രീതിയിൽ വൈദ്യുതോൽപ്പാദനം

353. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറഞ്ഞത് കെ.എസ്.ഇ.ബി.യ്ക്ക് താപ വൈദ്യുത ഉൽപാദനത്തിന് അനുകൂല സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് വേനൽക്കാലത്ത് ചെലവു കുറഞ്ഞ രീതിയിൽ വൈദ്യുതോൽപ്പാദനം നടത്തുന്നതിന് സഹായകരമാകുമെന്ന് കരുതുന്നുണ്ടോ ;

(സി) ജലവൈദ്യുത നിലയങ്ങളിൽനിന്ന് മുൻവർഷത്തെ അപേക്ഷിച്ച് എത്ര യൂണിറ്റ് അധിക വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത് ;വിശദമാക്കുമോ ;

(ഡി) ഈ അനുകൂല സാഹചര്യങ്ങൾ ഉപഭോക്താവിന് ഏത് വിധത്തിൽ പ്രയോജനപ്പെടുന്ന രീതിയിൽ ഉപയോഗിക്കാനാണ് വൈദ്യുതി ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

<u>പണി പൂർത്തിയാക്കാത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

354. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ഇനിയും പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയും പൂർത്തിയാകാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>എൽ ആന്റ് ടി.യിൽ നിന്നും വാങ്ങിയ വൈദ്യുത മീറ്ററുകൾ</u>

355. ശ്രീ.സി.ദിവാകരൻ
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.ജി.എസ്.ജയലാൽ
,, ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദ്രുത വൈദ്യുത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൽ ആന്റ് ടി.യിൽ നിന്നും വൈദ്യുത മീറ്ററുകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര മീറ്ററുകൾ വാങ്ങി;

(ബി) ഇത്തരം മീറ്ററുകൾ വാങ്ങിയ വകയിൽ ക്രമക്കേട് നടന്നിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ;

(സി) ഈ മീറ്ററുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് മീറ്റർ പരിശോധനാ കേന്ദ്രങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടോ; ഏങ്കിൽ എന്തെല്ലാം ന്യൂനതകളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമൂലം ഗാർഹിക വൈദ്യുത ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

<u>റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി</u>

356. ശ്രീ.പാലോട് രവി

,, അൻവർ സാദത്ത്

,, ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പ്രസ്തുത പദ്ധതി മുഖേന എത്രത്തോളം വൈദ്യുതിയാണ് ഗുണഭോക്താവിന് ലഭിക്കാവുന്നത് ; വിശദമാക്കുമോ ?

<u>പീറ്റ് കോക്ക് വൈദ്യുതി നിലയം</u>

357. ശ്രീ.എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ്

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീറ്റ് കോക്കിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇതിലൂടെ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്

; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത നിലയത്തിനുള്ള സ്ഥലവും ധനസമാഹരണവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിലുള്ള വൈദ്യുതി ഉൽപ്പാദനം യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>വീട്ട് നമ്പർ ലഭിക്കാത്ത ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ</u>

358. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ട് നമ്പർ ലഭിക്കാത്ത ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി. എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

<u>ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ</u>

359. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സർക്കാർ എത്ര തുക നാളിതുവരെ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് വകുപ്പ് തലത്തിൽ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

<u>കോവൂർ സെക്ഷൻ വിഭജനം</u>

360. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തി വകുപ്പിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) കോഴിക്കോട് കോവൂർ സെക്ഷൻ വിഭജിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ?

## കേബിൾ വയറുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ.

361. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ മണക്കാട് ഗംഗാ നഗർ, ബലവാൻ നഗർ, എം.എൽ.എ റോഡിന്റെ പരിസരം എന്നീ പ്രദേശത്തെ (ഡിവൈൻ) സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർ, അവരുടെ കേബിൾ വയറുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. യുടെ എത്ര ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗപ്പെടുത്തി വരുന്നു;

(ബി) ഇവർക്ക് കേബിൾ വയറുകൾ വലിക്കുന്നതിന് കെ.എസ്.ഇ.ബി. എത്ര പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; എന്ത് തുക ഈടാക്കിയിട്ടുണ്ട്;

(സി) അനുമതി നൽകിയതിൽ കൂടുതൽ ഇലക്ട്രിക് പോസ്റ്റുകൾ ഈ സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും കുറ്റക്കാരായ ഏജൻസികൾക്കെതിരെ നടപടി എടുക്കുന്നതിനും ഗവൺമെന്റ് തലത്തിൽ നിലവിലുള്ള സംവിധാനമെന്തെല്ലാം; വിശദമാക്കുമോ?

## വൈദ്യുത കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

362. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ സർക്കാർ ആഫീസുകളിൽ നിന്നും വൈദ്യുത കുടിശ്ശിക ഇനത്തിൽ വൈദ്യുതി വകുപ്പിന് എത്ര തുക ലഭിക്കാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത്

363. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ഡി.പി.ഡി.ആർ.പി. പദ്ധതി പ്രകാരം അങ്കമാലി, കുറുകുറ്റി, കാലടി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂഗർഭ കേബിളുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ

സ്ഥാപിക്കുന്ന പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി നല്കിയിതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയാണ് ;

(സി) കറുകുറ്റി പഞ്ചായത്തിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് കട്ടിംങ്ങിനായി നിരത്ത് ഉടമകളായ പൊതുമരാമത്ത് വകുപ്പിന്റെയും ദേശീയപാത അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; ആയതിന് അനുമതി ലഭ്യമയിട്ടുണ്ടോ ;

(ഡി) ഈ പ്രവൃത്തിയുടെ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നത് ; നടപടിക്രമങ്ങൾ എന്തെല്ലാമാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അങ്കമാലി, കറുകുറ്റി, കാലടി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂഗർഭകേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>നെന്മാറ മണ്ഡലത്തിൽ പുതിയ വൈദ്യുതി കണക്ഷൻ</u>

364. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ പുതുതായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകൾ മുഴുവൻ തീർപ്പാകുന്നതിന് എത്ര സമയം വേണമെന്ന് വിശദമാക്കുമോ ;

(സി) ഗാർഹിക ആവശ്യത്തിന് അപേക്ഷിച്ചാൽ ഉടൻതന്നെ കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>വൻകിട സ്ഥാപനങ്ങളുടെ വൈദ്യുത ചാർജ്ജ കുടിശ്ശിക</u>

365. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ വൻകിട സ്ഥാപനങ്ങളാണ് കെ.എസ്.ഇ.ബി.ക്ക് വൈദ്യുത ചാർജ്ജിനത്തിൽ കുടിശ്ശിക നൽകാനുള്ളതെന്ന് സ്ഥാപനം, ജില്ല, കുടിശ്ശിക തുക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) കുടിശ്ശിക തുക ഈടാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) 2014 ജനുവരി ഒന്നിന് ശേഷം വൻകിട സ്ഥാപനങ്ങളിൽ നിന്നും ആകെ എത്ര തുക

കുടിശ്ശികയായി പിരിച്ചെടുത്തിട്ടുണ്ടെന്ന് സ്ഥാപനം, ജില്ല, തുക തിരിച്ച് കണക്കുകൾ വിശദമാക്കാമോ ?

<u>കൂടംകുളം ആണവ നിലയത്തിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി വിഹിതം</u>

366. ശ്രീ.സണ്ണി ജോസഫ്
,, പി.എ.മാധവൻ
,, കെ.മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടത് എത്ര മെഗാവാട്ട് വൈദ്യുതി ആണ്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച കരാർ ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്ന് സംസ്ഥാനത്തിന്റെ വിഹിതം ലഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>വൈദ്യുതി മോഷണ കേസുകൾ .</u>

367. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം സംബന്ധിച്ച് 01 -07-2011 മുതൽ 31.01.2015 വരെ എത്ര കേസുകൾ എടുത്തു; പിഴയിനത്തിൽ ഈ കാലയളവിൽ എത്ര രൂപ സമാഹരിച്ചു; ജില്ലാടിസ്ഥാനത്തിൽ വിവരം നൽകാമോ;

(ബി) വൈദ്യുതി മോഷ്ടാക്കൾക്കെതിരെ എന്തെല്ലാം നടപടികൾ ആണ് പൊതുവായി സ്വീകരിച്ചത്;

(സി) വൈദ്യുതി മോഷണം തടയുന്നതിലൂടെ ഒരു വർഷം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയും എന്നാണ് കണക്കാക്കുന്നത്; വിശദാംശം നൽകാമോ;

<u>വൈദ്യുതി ക്ഷാമം</u>

368. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൈദ്യുത ദൗർലഭ്യം പരിഹരിക്കുവാൻ ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ; ഇതിനുവേണ്ടി എത്ര തുക അധികമായി

ചെലവഴിച്ചുവെന്നു പറയാമോ ; ഇതുമൂലം എത്ര വൈദ്യുതി അധികമായി ലഭിച്ചുവെന്നു വ്യക്തമാക്കുമോ ;

(ബി) വരും ദിനങ്ങളിൽ ഉണ്ടാകാവുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കാനും പവ്വർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കുവാനും കൈക്കൊണ്ടിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്നു വിശദമാക്കാമോ ; ഇതുമൂലം പവ്വർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാകുമെന്നു കരുതാമോ ?

<u>വൈദ്യുതി ഉപഭോഗം</u>

369. **ശ്രീ.കെ.രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം ഇപ്പോൾ എത്ര യൂണിറ്റ് ആണെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി പ്രതിസന്ധി നേരിടുന്നതിനുള്ള ബോർഡിന്റെ പ്രചരണ ബോധവൽക്കരണ പരിപാടിയായ ലാഭപ്രഭയിലൂടെ പ്രതിദിന ഉപഭോഗം കുറയ്ക്കുവാൻ സാധിച്ചുവോയെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പരിപാടി ഇപ്പോൾ നിലവിലുണ്ടോ;

(സി) കനത്ത വരൾച്ച മൂലം വൈദ്യുതി പ്രതിസന്ധി ഉണ്ടായാൽ നേരിടുന്നതിന് എന്തൊക്കെ മുന്നൊരുക്ക പ്രവർത്തനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ചിമ്മിനി ഡാമിലെ ഊർജ്ജോൽപ്പാദന പദ്ധതി.</u>

370. **പ്രൊഫ.സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിമ്മിനി ഡാമിലെ ഊർജ്ജോൽപ്പാദന പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കാമോ?

<u>വൈദ്യുതി ഉല്പാദന രംഗത്തെ വർദ്ധന</u>

371. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉല്പാദന രംഗത്ത് എത്ര മെഗാവാട്ടിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രതിദിന ഉപഭോഗം

ഇപ്പോൾ എത്ര മെഗാവാട്ടാണെന്നും വ്യക്തമാക്കാമോ?

<u>വൈദ്യുതി ഉത്പാദനം / ഉപഭോഗം</u>

372. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പ്രതിദിനം ഉല്പാദിപ്പിക്കുന്ന വൈദ്യുതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഇപ്പോഴത്തെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം എത്ര യൂണിറ്റാണെന്ന് പറയാമോ ;

(സി) സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങുന്നതെന്ന് സ്ഥാപനം, വാങ്ങുന്ന അളവ്, നൽകുന്ന വില , എന്നിവ തരം തിരിച്ച് വിശദമാക്കാമോ ;

(ഡി) കേന്ദ്ര പൂളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി എത്രയാണെന്ന് പറയാമോ ;

(ഇ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനോ, സർചാർജ്ജ് ഏർപ്പെടുത്താനോ റഗുലേറ്ററി കമ്മീഷന് കെ.എസ്.ഇ.ബി. അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>വൈദ്യുതി തൂണുകൾ വാടകയ്ക്ക് അനുവദിയ്ക്കൽ</u>

373. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി തൂണുകൾ മറ്റ് സ്വകാര്യ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും കേബിൾ വലിയ്ക്കുന്നതിനും മറ്റുമായി വാടകയ്ക്കോ മറ്റേതെങ്കിലും വിധത്തിലോ അനുവദിച്ചു നൽകാറുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ അനുമതി നൽകുന്നതിന് മുമ്പായി മതിയായ പഠനങ്ങൾ കെ.എസ്.ഇ.ബി നടത്താറുണ്ടോ;

(സി) കെ.എസ്.ഇ.ബി. യ്ക്ക് കീഴിലുള്ള വൈദ്യുതി തൂണുകളിൽ കേബിൾ വലിയ്ക്കുന്നതിന് റിലയൻസിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് മതിയായ പഠനങ്ങൾ കൂടാതെയും സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്നതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

374. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

## കൊറിയൻ കമ്പനിയുമായി ചർച്ച.

375. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് സൗരോർജ്ജം ഉല്പാദിപ്പിച്ചു നൽകാമെന്നേറ്റ് കൊറിയൻ കമ്പനിയായ ടാൻയോങ് എനർജി പ്രൈവറ്റ് ലിമിററഡ് കമ്പനിയുടെ പ്രതിനിധികളുമായി വൈദ്യുതിവകുപ്പ് മന്ത്രി ചർച്ചകൾ നടത്തിയിരുന്നോ;

(ബി) എങ്കിൽ ചർച്ചയിൽ കമ്പനിയെ പ്രതിനിധീകരിച്ച് പങ്കെടുത്തവരുടെ പേരുവിരങ്ങൾ വെളിപ്പെടുത്താമോ;

(സി) ചർച്ചയുടെ അടിസ്ഥാനത്തിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## അധികമായി ഉൽപാദിപ്പിച്ച വൈദ്യുതി

376. **ശ്രീ.എ.എ.അസീസ്**
**,, കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്;

(ബി) എത്ര പുതിയ പവർ സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു;

(സി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ഡാമുകളുടെ സുരക്ഷ

377. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള ഡാമുകളുടെ സുരക്ഷയെ സംബന്ധിച്ച് പഠനം നടത്താൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ സുരക്ഷാപഠനത്തെ ഏത് ഏജൻസിയുടെ കീഴിലാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും ഇതിന് എന്ത് തുകയാണ് ബോർഡ് നീക്കിവെച്ചതെന്നും വെളിപ്പെടുത്താമോ;

(സി) സുരക്ഷാപഠനത്തോടൊപ്പം തന്നെ ഡാമുകൾ തകർന്ന് അത്യാഹിതം സംഭവിച്ചാൽ സ്വീകരിക്കേണ്ട ബദൽ സംവിധാനത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പഠന സംഘത്തിന് നിർദ്ദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

## വൈദ്യുതി നിരക്ക് വർദ്ധന

378. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എപ്പോഴെല്ലാം വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഓരോ തവണയും എത്ര ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) വ്യത്യസ്ത വിഭാഗങ്ങൾക്ക് നിലവിലുള്ള വൈദ്യുതി നിരക്ക് എത്രയാണെന്ന് വിശദമാക്കാമോ?

## വൈദ്യുതി ഉൽപാദന രംഗത്തെ വർദ്ധനവ്

379. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ഉൽപാദന രംഗത്ത് എത്ര മെഗാവാട്ട് വൈദ്യുതിയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വൈദ്യുതി ചാർജ്ജ് വർദ്ധന

380. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഇതുവരെ എത്രതവണ വൈദ്യുതി നിരക്കുകൾ കൂട്ടി; ഓരോ തവണയും കൂട്ടിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; വൈദ്യുതി വകുപ്പിൽ മറ്റേതെല്ലാം ഇനങ്ങളിൽ ചാർജ്ജുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്; വൈദ്യുതി ബോർഡിന്റെ ധൂർത്ത് ഒഴിവാക്കിയും കുടിശ്ശികതുക പിരിച്ചെടുത്തും വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിനു പകരം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് ജനങ്ങൾക്ക് ദുരിതം ഉണ്ടാക്കുന്ന നടപടി പുന പരിശോധിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

<u>വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ</u>

381. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽകാലത്തെ വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്;

(ബി) ഇപ്പോൾ സംസ്ഥാനത്തെ റിസർവോയറുകളിൽ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം സംഭരിച്ചിട്ടുണ്ട്;

(സി) കേന്ദ്രപൂളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്;

(ഡി) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ഏതെങ്കിലും വൈദ്യുത പദ്ധതി കമ്മീഷൻ ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>സമ്പൂർണ വൈദ്യുതീകരണ സംസ്ഥാനം</u>

382. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ വൈദ്യുതീകരണം സമ്പൂർണമാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇനി ശേഷിക്കുന്നത് ;

(സി) സമ്പൂർണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റുന്നതിന് എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

## കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി

383. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ചീമേനി താപനിലയം യാഥാർത്ഥ്യമായാൽ കാസർഗോഡ് ഇന്നനുഭവിക്കുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനനുസൃതമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ചീമേനി താപനിലയവുമായി ബന്ധപ്പെട്ട് സമന്വയമുണ്ടാക്കുന്നതിന് ജില്ലയിലെ ജനപ്രതിനിധികളെയും പ്രധാന രാഷ്ട്രീയ കക്ഷി പ്രതിനിധികളെയും ഡൽഹിയിൽ പ്രവർത്തിച്ച് വരുന്ന താപനിലയങ്ങൾ കാണുന്നതിന് അവസരമുണ്ടാക്കാൻ ആവിഷ്കരിച്ചിരുന്ന പരിപാടി റദ്ദ് ചെയ്യുതിനുള്ള കാരണമെന്താണ്;

(ഇ) ടി താപനിലയം യാഥാർത്ഥ്യമാകുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ വൈദ്യുതി ലഭ്യത

384. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ലഭ്യതയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ വർഷം ലോഡ് ഷെഡിംഗോ, പവർകട്ടോ ആവശ്യമായി വരുമോയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമെ അവശ്യഘട്ടത്തിൽ പുറത്ത് നിന്നും, വൈദ്യുതി വാങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ദക്ഷിണ ഗ്രിഡിൽ S1 മേഖലയിൽ നിന്നും S2 മേഖലയിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് പ്രസരണ ശൃംഖലയിൽ എന്തെങ്കിലും പ്രയാസം നേരിടുന്നുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി. നിലയം എൽ.എൻ.ജി. അടിസ്ഥാനമാക്കിയുള്ള നിലയമാക്കി മാറ്റുന്നതിനും, പുതിയ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിനും ഉള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## കാസർഗോഡ് വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ നടപടി

385. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വൈദ്യുതി വിതരണം മെച്ചപ്പെടുത്താൻ 110KV ദൊട്ടുഗൊലി ലൈൻ ഡബിൾ സർക്യൂട്ട് ആക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവൃത്തിക്കായുള്ള ചെലവ് എത്രയാണ്; ഇതിനായി ഫണ്ട് നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

## വൈദ്യുതിവില വർദ്ധനവ്

386. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതിവില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വീടുകൾക്ക് യൂണിറ്റിന് എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപഭോഗം

387. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം എത്രയാണ്; ഓരോ വൈദ്യുത നിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) വിവിധ ഉപഭോക്താക്കൾക്ക് യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് KSEB വൈദ്യുതി വിതരണം ചെയ്യുന്നത്; വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പുറത്തു നിന്നും വൈദ്യുതി എത്തിക്കുന്നതിനായി ഏതൊക്കെ കമ്പനികളുമായി എത്ര വർഷത്തേയ്ക്കുള്ള കരാറിലാണ് KSEB ഒപ്പിട്ടിട്ടുള്ളത്; ഓരോ കമ്പിനിയിൽ നിന്നും പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതി, എതു നിരക്കിലാണ് സംസ്ഥാനത്തിന് ലഭിക്കുക; ഇങ്ങനെ പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിന് പവർഗ്രിഡ് കോർപ്പറേഷന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട്;

(ഡി) കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;ഇതിനെതിരേ എന്തു നടപടിയാണ് KSEB സ്വീകരിച്ചിട്ടുള്ളത്;

(ഇ) കോടിക്കണക്കിന് രൂപ ലാഭിക്കാൻ കഴിയുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>വൈദ്യുതിയുടെ അധിക ഉല്പാദനം</u>

388. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറഞ്ഞതിന്റെ ഭാഗമായി വൈദ്യുതി ലാഭകരമായി ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോ ; ഇതിന്റെ ഭാഗമായി വൈദ്യുതി ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്കു കൂടി ലഭ്യമാകുന്നതിനായി വൈദ്യുതി ചാർജ്ജ് കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇതിന്റെ ഭാഗമായി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുള്ളത്?

<u>പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ</u>

389. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും കേരളത്തിൽ ഇപ്പോൾ ലഭ്യമാകുന്ന വൈദ്യുതി എത്രയാണെന്ന് പറയാമോ ;

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വിനിയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(സി) മാലിന്യ സംസ്കരണം സംസ്ഥാനത്താകമാനം വലിയ പ്രതിസന്ധി സൃഷ്ടിക്കുമ്പോഴും ഊർജ്ജ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ചേർന്ന് മാലിന്യത്തിൽ നിന്നും ഊർജ്ജോത്പാദനം സാധ്യമാക്കുന്ന പദ്ധതികൾക്ക് അവസരമുണ്ടാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; ഇത്തരം പദ്ധതികൾക്ക് തുടക്കം കുറിക്കുമോ ?

<u>വൈദ്യുതിയുടെ പ്രതിദിന ഉപഭോഗം</u>

390. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രതിദിനം ഉപഭോഗം എത്രയാണ്; കേരളത്തിലെ ഓരോ വൈദ്യുത നിലയത്തിൽ നിന്നും കഴിഞ്ഞ 6 മാസമായി ഉദ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ്, നിലയം തിരിച്ച് വ്യക്തമാക്കാമോ;

(ബി) വിവിധ ഉപഭോക്താക്കൾക്ക് ഏതു നിരക്കിലാണ് കെ.എസ്.ഇ.ബി. വൈദ്യുതി വിതരണം നടത്തുന്നത്;

(സി) വൈദ്യുതിയുടെ കുറവ് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പുറത്തുനിന്നും എത്ര രൂപ നിരക്കിലാണ് കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത്തരത്തിൽ ഈ സാമ്പത്തിക വർഷം എത്ര രൂപയുടെ വൈദ്യുതിയാണ് പുറത്തു നിന്നും വാങ്ങിയിട്ടുള്ളത്; എവിടെ നിന്നെല്ലാം;

(ഇ) കൂടംകുളത്തു നിന്നും സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതിക്കാണ് അർഹതയുള്ളത്; ഇത് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എഫ്) സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുമ്പോൾ അർഹമായ വൈദ്യുതി ലഭിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ; ആയത് അടിയന്തിരമായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതികരൺ യോജന

391. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതികരൺ യോജനയുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) വിശദാംശങ്ങൾ പദ്ധതി തിരിച്ച് അറിയിക്കുമോ ;

(സി) ഈ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ എത്ര തുക വകയിരുത്തി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) കേന്ദ്ര / സംസ്ഥാന വിഹിതമടക്കം പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് അറിയിക്കുമോ ?

## പെരുന്തേനരുവി ജല വൈദ്യുത പദ്ധതി

392. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയമസഭ മണ്ഡലത്തിലെ പെരുന്തേനരുവി കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; എത്ര മെഗാ വാട്ടിന്റെ പദ്ധതിയാണിത്; ഈ പദ്ധതിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്; കരാർ പ്രകാരം നിർമ്മാണം പൂർത്തികരിക്കേണ്ടത് എന്നാണ്; ഇപ്പോഴത്തെ നിർമ്മാണ പുരോഗതിയനുസരിച്ച് കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തികരിക്കുവാൻ കഴിയുമോ; ഇല്ലെങ്കിൽ ഇതിനായി എന്തു നടപടി സ്വീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ;

(സി) ഇതിനായി ഡാം നിർമ്മിക്കുമ്പോൾ ഡാമിനു മുകളിലൂടെ ഇരുവശത്തേക്കും വാഹനയാത്ര ചെയ്യാൻ കഴിയും വിധം റോഡ് കൂടി ഉൾപ്പെടുത്തിയാണോ ഡിസൈൻ തയ്യാറാക്കിയിട്ടുള്ളത്; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഡാം നിർമ്മിക്കുമ്പോൾ ഇപ്പോൾ പെരുന്തേനരുവിയിലുള്ള സ്വഭാവിക വെള്ളച്ചട്ടവും മറ്റും ഇല്ലതാകുമെന്ന ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വെള്ളച്ചാട്ടവും അനുബന്ധ ടൂറിസം സാദ്ധ്യതയുമുള്ള സ്ഥലവും സംരക്ഷിക്കുന്നതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കാർഷികാവശ്യ വൈദ്യുതി താരിഫ്</u>

393. ശ്രീ.എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യവിളകളുടെ കാർഷികാവശ്യത്തിനുള്ള വൈദ്യുതി ഉപയോഗം കാർഷിക താരിഫിൽ നിന്നും മാറ്റി വ്യാവസായിക താരിഫായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത മാറ്റത്തിലൂടെ താരിഫിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത താരിഫിലെ വർദ്ധന, സബ്സിഡിയായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

<u>കടുത്തുരുത്തി, കുറവിലങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിട നിർമാണം</u>

394. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ച് നിലവിൽ ഫയൽ വൈദ്യുതി വകുപ്പിനു കീഴിൽ ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ നമ്പർ നൽകുമോ ;

(ബി) കുറിവിലങ്ങാട് സെക്ഷൻ ഓഫീസ് നിർമ്മാണം സംബന്ധിച്ച് കെ.എസ്.ഇ.ബി. യുടെ കീഴിൽ നിലവിൽ പ്രൊപ്പോസൽ ഉണ്ടോ ; ഇതു സംബന്ധിച്ച് ബോർഡിന്റെ പരിഗണനയിലുള്ള ഫയലിൽ എന്തു തീരുമാനമെടുത്തു ; ആയതിന്റെ ഫയൽ നമ്പർ നൽകുമോ ?

## തലക്കുളത്തൂർ ട്രാൻസ്ഫോർമർ നിർമ്മാണം

395. **ശ്രീ.എ. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ അണ്ടിക്കോട് അന്നശ്ശേരി റോഡിൽ പഞ്ചായത്ത് കുളത്തിന് സമീപം പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഊർജ്ജോല്പാദനം

396. **ശ്രീ.സി.എഫ്.തോമസ്**

**,, റ്റി.യു. കുരുവിള**

**,, മോൻസ് ജോസഫ്**

**,, തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

## വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള വൈദ്യുതി പ്രതിസന്ധി.

397. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള വൈദ്യുതി പ്രതിസന്ധിയും ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകളാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആഗോള വിപണിയിൽ പെട്രോളിയം ഉൽപന്നങ്ങളുടെ വിലക്കുറവ്, കായംകുളം, ബി. എസ്. ഇ. എസ്.,കോഴിക്കോട് നിലയങ്ങളിൽ നിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി വിലയിൽ എത്രമാത്രം കുറവുണ്ടാക്കിയിട്ടുണ്ട്; മുൻപ് ഉണ്ടായിരുന്ന വിലയും ഇപ്പോഴത്തെ വിലയും വ്യക്തമാക്കുമോ;

(സി) ഈ നിലയങ്ങളിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതിയും കെ. എസ്. ഇ. ബി. ലിമിറ്റഡ് വാങ്ങുന്ന വൈദ്യുതിയും എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിലയുടെ കുറവ് വേനൽക്കാലത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ സഹായിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

## വേനൽക്കാലത്തെ വൈദ്യുതിക്ഷാമം

398. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് സംസ്ഥാനത്ത് പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം പ്രതിദിനം ശരാശരി എത്ര യൂണിറ്റാണെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വരാൻ പോകുന്ന കടുത്ത വൈദ്യുതിക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

## പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി

399. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ചാലക്കുടിപ്പുഴയിലെ നീരൊഴുക്ക് ജലസേചനത്തിന് ഉപയുക്തമായ രീതിയിൽ, വൈദ്യുതി ഉൽപ്പാദനം ക്രമീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

## പെരിങ്ങൽകുത്ത്, ഷോളയാർ ഹൈഡൽ ടൂറിസം

400. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്ത്, ഷോളയാർ എന്നീ ഡാമുകളോട് ചേർന്ന് ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ബോട്ടിംഗ് ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ ;

(ബി) പെരിങ്ങൽകുത്തിലെ കെ.എസ്.ഇ.ബി. വക ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ, ടൂറിസ്റ്റുകൾക്ക് താമസ സൗകര്യമേർപ്പെടുത്തുന്നതിനും, ഹൈഡൽ ടൂറിസത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം</u>

401. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം പരിഹരിക്കാൻ ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>അയൽക്കൂട്ടങ്ങൾ നടത്തുന്ന കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ്</u>

402. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽക്കൂട്ടങ്ങൾ നടത്തുന്ന കുടിവെള്ള പദ്ധതിയുടെ വൈദ്യുത ചാർജ്ജ് അടുത്തകാലത്ത് ഭീമമായി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല പദ്ധതികളും ബിൽ തുക അടക്കാതെ സ്തംഭനാവസ്ഥയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) കുടിവെള്ള പദ്ധതിക്കുള്ള വൈദ്യുതി ചാർജ്ജ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് ചാർജ്ജ് ചെയ്യുന്നതെന്ന് വിശദമാക്കുമോ?

<u>സർക്കാർഉടമസ്ഥതയിൽ വൈദ്യുതി പദ്ധതികൾ</u>

403. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2011 മെയ് മുതൽ നാളിതുവരെയായി ഏതെങ്കിലും വൈദ്യുതി പദ്ധതികൾ സർക്കാർ ഉടമസ്ഥതയിൽ വൈദ്യുതി ഉല്പാദനം തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിൽനിന്നെല്ലാം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ട് ;വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ഏതെങ്കിലും പദ്ധതിയുടെ നിർമ്മാണപ്രവർത്തി തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ;വിശദമാക്കുമോ;

(ഡി) കേരളത്തിൽ നിലവിൽ നിർമ്മാണത്തിലിരിക്കുന്ന എത്ര പദ്ധതികൾ ഉണ്ട് ; ഏതെല്ലാം; അവ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയും; വ്യക്തമാക്കുമോ?

## ചെറായി **110** കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം

404. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം അനിശ്ചിതമായി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇക്കഴിഞ്ഞ ആറുമാസക്കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ലൈൻ വലിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ ബന്ധപ്പെട്ട കമ്മീഷന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ തീയതി സഹിതം വിശദീകരിക്കാമോ;

(ഡി) കമ്മീഷന്റെ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

## കെ.എസ്.ഇ. ബി. പോസ്റ്റുകളിലൂടെ **4G** കേബിൾ വലിക്കാൻ റിലയൻസിന് നൽകിയ അനുമതി

405. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ഇ. ബി. പോസ്റ്റുകളിലൂടെ 4G കേബിൾ വലിക്കാൻ റിലയൻസിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) വർഷത്തിൽ ഒരു പോസ്റ്റിന് എത്ര രൂപ നിരക്കിൽ എത്ര വർഷത്തേക്കാണ് റിലയൻസിന് കരാർ നൽകിയിട്ടുള്ളത് ;

(സി) ചെറുകിട കേബിൾ ഓപ്പറേറ്റർമാരുടെ തൊഴിലിനെ പ്രസ്തുത കരാർ ദോഷകരമായി ബാധിക്കും എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് വൈദ്യുത മന്ത്രിയും ചെറുകിട കേബിൾ ഓപ്പറേറ്റർമാരുടെ പ്രതിനിധികളും തമ്മിൽ സംഭാഷണം നടത്തിയിട്ടുണ്ടോ ;

(ഇ) മന്ത്രിയുമായി നടന്ന ഒത്തുതീർപ്പ് മറികടന്ന് റിലയൻസിന് കേബിൾ വലിക്കാൻ അനുവാദം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>മിഷൻ **676-**സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതവത്കരണം</u>

406. **ശ്രീ.**ബെന്നി ബെഹനാൻ

**,,** അൻവർ സാദത്ത്

**,,** എ.റ്റി.ജോർജ്

**,,** ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതവത്കരിക്കുവാൻ മിഷൻ 676 ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നല്കാമോ ;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നല്കാമോ ?

<u>സബർബൻ റെയിൽവേ</u>

407. **ശ്രീ.**സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബർബൻ റെയിൽവേയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; എന്നേത്തേയ്ക്ക് ഇത് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

<u>റെയിൽവേ സുരക്ഷിതത്വം</u>

408. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എ.എം. ആരിഫ്
,, ബി.ഡി. ദേവസ്സി
,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്നും ഇത് സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(ബി) റെയിൽവെ ഉപയോഗിക്കുന്ന ബോഗികൾ വർഷങ്ങളുടെ പഴക്കമുള്ളതും സുരക്ഷിതവുമല്ലെന്ന ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) യഥാസമയം സുരക്ഷാ ജോലികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ജീവനക്കാർ റെയിൽവേയിൽ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു മൂലം വൻദുരന്തങ്ങൾ സംഭവിക്കാനുള്ള സാദ്ധ്യതകളെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

## പുതിയ റെയിൽപ്പാതകളുടെ തുടർപ്രവൃത്തികൾ

409. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റെയിൽപ്പാതകൾക്കായി സർവ്വേകൾ നടത്തുന്നുണ്ടെങ്കിലും അവയൊന്നും നടപ്പിലാക്കുന്നതിനുള്ള തുടർപ്രവൃത്തികൾ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(സി) സർവ്വേകൾ പൂർത്തിയാക്കിയശേഷം തുടർ പ്രവൃത്തികൾ നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വേ പൂർത്തിയാക്കിയ ഏതെങ്കിലും റയിൽവേ പാതയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

## കൊല്ലം റെയിൽവേ സ്റ്റേഷൻ വികസനം

410. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റെയിൽവേ സ്റ്റേഷൻ വികസനത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് റെയിൽവേയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## കൊച്ചി മെട്രോ റെയിൽ പദ്ധതി

411. ശ്രീ.ഹൈബി ഈഡൻ

,, അൻവർ സാദത്ത്

,, ഡൊമിനിക് പ്രസന്റേഷൻ

,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ എന്തെല്ലാം മോണിറ്റർ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിക്ക് വേണ്ടി വരുന്ന തുക എങ്ങനെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## ട്രയിൻ അപായപ്പെടുത്തുന്നത് തടയുന്നതിന് നടപടി

412. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ട്രാക്കിൽ കല്ലുകളും മറ്റും നിരത്തി ട്രയിൻ അപായപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം റിപ്പോർട്ടുകളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) റയിൽവേ ട്രാക്കിൽ ഇത്തരം വസ്തുക്കൾ നിരത്തി വയ്ക്കുന്നതും ഉപേക്ഷിക്കുന്നതും തടയുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) റയിൽവേ ട്രാക്കുകൾ സുരക്ഷിതമാക്കുന്നതിന് സംസ്ഥാന സർക്കാരിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

## റെയിൽവേ മേൽപ്പാലം

413. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽവേ പദ്ധതിയുടെ ഭാഗമായി , മനയ്ക്കപ്പടി എയർപോർട്ട്, നായത്തോട് എന്നിവിടങ്ങളിലെ റെയിൽവേ മേൽപ്പാലങ്ങളുടെ അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ ;

(സി) കാലടി റെയിൽവേ സ്റ്റേഷനോട് ചേർന്നുള്ള റോഡും അണ്ടർപാസ്സും സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതിയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

## തീവണ്ടികളിൽ വിൽപ്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ

414. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ സ്റ്റേഷനുകളിലും തീവണ്ടികളിലും വിൽപന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് നിലവിൽ ഉള്ളത് എന്ന് വിശദമാക്കുമോ;

(ബി) തീവണ്ടിയിലെ കാറ്ററിംഗ് യൂണിറ്റിൽ പാചകത്തി നായി തീവണ്ടിയിൽ ലഭിക്കുന്ന ശുചിത്വമില്ലാത്ത വെള്ളം ഉപയോഗിക്കുന്ന ചാനൽ ദൃശ്യങ്ങളുടെ പശ്ചാത്തലത്തിൽ ആവശ്യമായ പരിശോധനക്ക് നിർദ്ദേശം നൽകുമോ?

## തീവണ്ടികൾക്കുനേരെയുള്ള അജ്ഞാത കല്ലേറ്

415. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സഞ്ചരിക്കുന്ന തീവണ്ടികൾക്കുനേരെയുള്ള അജ്ഞാത കല്ലേറ് കാരണം അപകടങ്ങൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പരിക്കേൽക്കുകയും കാഴ്ച നഷ്ടപ്പെടുകയും ചെയ്യുന്നവർക്ക് എന്തെങ്കിലും സഹായം അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) യാത്രക്കാരുള്ള തീവണ്ടികൾക്കുനേരെ കല്ലേറു നടത്തുകയും മറ്റ് അതിക്രമങ്ങൾ

നടത്തുകയും ചെയ്യുന്നവർക്കെതിരെ ഏത് നിയമപ്രകാരമാണ് നടപടി സ്വീകരിക്കുന്നത്;

(ഡി) സഞ്ചരിക്കുന്ന തീവണ്ടികൾക്കുനേരെ കല്ലേറ് നടത്തുന്നത് തടയുന്നതിന് ബോധവൽക്കരണം നൽകുന്നതിനും അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുമോ?

<u>സി.എഫ് ലാമ്പുകളുടെ പരിസരമലിനീകരണം</u>

416. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ സി.എഫ് ലാമ്പുകൾ അലക്ഷ്യമായി വലിച്ചെറിയുന്നതിലൂടെയും കൈകാര്യം ചെയ്യുന്നതിലൂടെയും അതിൽ അടങ്ങിയിരിക്കുന്ന മെർക്കുറി വായുവിലും വെള്ളത്തിലും കലർന്ന് ഉണ്ടായി കൊണ്ടിരിക്കുന്ന പരിസരമലിനീകരണവും, ആരോഗ്യ പ്രശ്നങ്ങളും തടയുന്നതിന്, അവ സുരക്ഷിതമായി നശിപ്പിച്ചു കളയുന്നതിന് എന്തെല്ലാം നടപടികളാണ് ഊർജ്ജവകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

<u>സി.എഫ്.എൽ. സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി</u>

417. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗ ശൂന്യമായ സി.എഫ്.എൽ. സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എത് ഏജൻസിയാണ് തയ്യാറാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സി.എഫ്.എൽ.ന്റെ റീ സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പ്രോജക്ട് തയ്യാറാക്കുന്നതിനും റീ സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനും മൂലധനത്തിനും മറ്റ് ചെലവുകൾക്കുമായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഏതു വർഷമാണ് തുക വകയിരുത്തിയത്; ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## സി.എഫ്.എൽ., എൽ.ഇ.ഡി. സംസ്കരണം

418. **ശ്രീ.റ്റി.എ.അഹമ്മദ് കബീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എഫ്.എൽ., എൽ.ഇ.ഡി. തുടങ്ങിയ പ്രകാശ ഉപകരണങ്ങളുടെ ഉപയോഗം മനുഷ്യന് ഹാനികരമാണോ എന്നതു പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉപയോഗശൂന്യമായവയുടെ സംസ്കരണം നിലവിൽ നടത്തി വരുന്നത് എങ്ങനെയാണ് ;

(സി) സംസ്കരണത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് എവിടെയെല്ലാമാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

## ഇലക്ട്രോണിക്സ് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

419. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വളർച്ചയുടെ ഭാഗമായും സമൂഹത്തിന്റെ മറ്റ് മേഖലകളുടെ വളർച്ചയ്ക്കു വേണ്ടിയും അത്യന്താപേക്ഷിതമായി കരുതി വിനിയോഗിക്കപ്പെടുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഉപയോഗശൂന്യമായാൽ അതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് എന്ന നിലയിൽ കണ്ടെത്തിയിരിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണ്; ഇതിനായി ചെലവിടുന്ന തുക എത്രയാണ് ;വ്യക്തമാക്കുമോ ;

(ബി) ഓഫീസുകളിൽ കുന്നുകൂടുന്ന ഇലക്ട്രോണിക്സ് മാലിന്യങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കാത്തവിധം സംസ്കരിക്കുവാനും പുനരുപയോഗം നടത്തുവാനും പദ്ധതി തയ്യാറാക്കുമോ;വിശദമാക്കുമോ?

## സഹകരണ വകുപ്പ് ചെലവഴിച്ച ബജറ്റ് വിഹിതം

420. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 -15 സാമ്പത്തിക വർഷം എൽ.ആർ.സി (എൽ.റ്റി.ഒ) പദ്ധതിയിനത്തിൽ എത്ര തുക അനുവദിച്ചുവെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം നൽകാമോ;

(ബി) തുക ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾക്കാണ് നബാർഡ് അനുമതി

നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) 2014- 15 സാമ്പത്തിക വർഷം സഹകരണ വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം എത്രയായിരുന്നു എന്നും എത്ര ശതമാനം ഇതുവരെ ചെലവഴിക്കുകയുണ്ടായി എന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

## ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നേരിടുന്ന പ്രതിസന്ധി.

421. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ;

(ബി) ത്രിവേണി സ്റ്റോറുകളിൽ അവശ്യത്തിന് സാധനങ്ങൾ ലഭ്യമാകാത്തതു സംബന്ധിച്ചുള്ള പരാതിക്ക് പരിഹാരം കാണുന്നതിന് ശ്രദ്ധിക്കുമോ ;

(സി) സബ്സിഡി സാധനങ്ങൾ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തു ഈ സ്റ്റോറുകളെ ജനകീയമാക്കുവാൻ നടപടി സ്വീകരിക്കുമോ ; ഈ സാമ്പത്തിക വർഷം എത്ര രൂപയാണ് സബ്സിഡിക്ക് നീക്കിവച്ചിരിക്കുന്നത് ; ആയത് മുഴുവനും ചെലവാക്കിയിട്ടുണ്ടോ ;വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നഷ്ടത്തിൽ പ്രവർത്തിക്കുന്നു; വ്യക്തമാക്കുമോ?

## ത്രിവേണി, നീതി, നന്മ സ്റ്റോറുകളുടെ പ്രവർത്തനം

422. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ത്രിവേണി, നീതി, നന്മ സ്റ്റോറുകൾ പ്രവർത്തനം നിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുള്ള ത്രിവേണി, നീതി, നന്മ സ്റ്റോറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ നിലവിലുള്ള നന്മ, നീതി സ്റ്റോറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇവയിൽ ഏതെങ്കിലും പൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഇത് അടിയന്തിരമായി പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) താമരക്കുളത്ത് പ്രവർത്തിക്കുന്ന ത്രിവേണി ഗോഡൗൺ പൂട്ടാനെടുത്ത തീരുമാനം അടിയന്തിരമായി പിൻവലിക്കുമോ?

<u>'നന്മ' സ്റ്റോറുകൾ</u>

423. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര 'നന്മ' സ്റ്റോറുകൾ ആരംഭിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ; ഇതിൽ ആകെ എത്ര ജീവനക്കാർ നിയമിക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കാമോ; ഇപ്പോൾ ആകെ പ്രവർത്തിക്കുന്ന നന്മ സ്റ്റോറുകൾ എത്രയെന്ന് വെളിപ്പെടുത്താമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>നന്മ , ത്രിവേണി സ്റ്റോറുകൾ</u>

424. ശ്രീ.എളമരം കരീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ ആരംഭിച്ച എത്ര നന്മ / ത്രിവേണി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ ഏറിയ പങ്കും വില്പനക്ക് വേണ്ടത്ര സാധനങ്ങളില്ലാതെ, കാര്യമായ വിറ്റുവരവില്ലാതായ സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവിധ ജില്ലകളിൽ പ്രവർത്തനം നിർത്തിയ കൺസ്യൂമർ ഫെഡിന്റെ വില്പന കേന്ദ്രങ്ങളുടെയും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെയും വിവരം വിശദമാക്കുമോ?

<u>സഹകരണ മേഖലയിലെ ആശ്വാസ് പദ്ധതികൾ</u>

425. ശ്രീ.സണ്ണി ജോസഫ്

**,,** എം.പി.വിൻസെൻറ്

**,,** പി.എ.മാധവൻ

**,,** വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ മുഖേന

കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയനുസരിച്ച് ഇതുവരെ എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയതെന്ന് വിശദമാക്കാമോ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകാമോ?

<u>സഹകരണ മേഖലയിൽ പലിശരഹിത വായ്പാ പദ്ധതി</u>

426. ശ്രീ.ടി.എൻ. പ്രതാപൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ;ഏതെല്ലാം തരത്തിലുള്ള സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ?

<u>സഹകരണ സംഘങ്ങളുടെ വളർച്ച -കർമ്മ പദ്ധതികൾ</u>

427. ശ്രീ.പാലോട് രവി

,, വി.റ്റി.ബൽറാം

,, ഡൊമിനിക് പ്രസന്റേഷൻ

,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ സുസ്ഥിര വളർച്ചയ്ക്കും കാര്യക്ഷമതയ്ക്കും എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം ആവിഷ്കരിച്ച് നടപ്പാക്കിയതെന്നു വിശദമാക്കാമോ;

(ബി) സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയതെന്ന് വിശദമാക്കാമോ ?

## സഹകരണ ബാങ്കുകളിലെ നിയമനം

428. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ നിയമനം സംബന്ധിച്ച് പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;എങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വരും; പുതിയ ഉത്തരവ് പ്രകാരം പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സഹകരണ ബാങ്കുകളിലെ അറ്റൻഡർ, പ്യൂൺ തസ്തികകളിലുള്ളവരുടെ പ്രൊമോഷന് നേരത്തേ നിഷ്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; അവ പുതിയ ഉത്തരവിൽ വ്യത്യാസപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ വ്യത്യാസങ്ങളാണ് വരുത്തിയിട്ടുള്ളത് ;

(സി) ബാങ്കിലെ ഒരു ജീവനക്കാരന് പ്രൊമോഷൻ ലഭിക്കണമെങ്കിൽ പുറമേ നിന്നും 4 പേരെ പുതുതായി ജോലിക്കെടുക്കണം എന്നൊരു നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഒന്നോ രണ്ടോ ജീവനക്കാർ മാത്രമുള്ള ചെറിയ പ്രാഥമിക ബാങ്കുകളിൽ ഇത് എങ്ങനെ നടപ്പാക്കും എന്ന് വിശദമാക്കാമോ ?

## സഹകരണ സ്ഥാപനങ്ങളുടെ പ്രതിസന്ധി.

429. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

**,,** കെ. ദാസൻ

**,,** സി.കെ സദാശിവൻ

**,,** കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ ഇടപെടേണ്ട സഹകരണ സ്ഥാപനങ്ങൾ സർക്കാർ സഹായം ലഭിക്കാത്തതിനാൽ അടച്ചുപൂട്ടേണ്ട സ്ഥിതിയിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനകം അടച്ചുപൂട്ടിയ നീതിസ്റ്റോറുകളും നന്മസ്റ്റോറുകളും എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സഹകരണ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നത് പൊതുവിപണിയിൽ വിലക്കയറ്റം സൃഷ്ടിക്കുമെന്നതു പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കാമോ;

(ഡി) സ്വകാര്യ മേഖലയിലെ വൻകിട റീട്ടെയിൽ കച്ചവടക്കാരെ സഹായിക്കാനാണ് സഹകരണസ്ഥാപനങ്ങൾ തകരുന്നതരത്തിൽ നിലപാട് സ്വീകരിക്കുന്നതെന്ന ആക്ഷേപത്തിൽ അഭിപ്രായം വ്യക്തമാക്കാമോ?

<u>വായ്പ തിരിച്ചടയ്ക്കൽ</u>

430. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്തിട്ടുള്ള വ്യക്തികൾ മാരകരോഗങ്ങൾ വന്ന് മരിച്ചാൽ വായ്പ/പലിശ/പിഴപ്പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകൾ ഇപ്പോൾ അനുവദിക്കാറുണ്ട്; ഇതിലേക്കായി പുറപ്പെടുവിച്ചിട്ടുള്ള പ്രത്യേക നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മാരക രോഗങ്ങൾ വന്ന് മരണപ്പെടുന്നവർക്ക് കുടിശ്ശിക കൂടാതെ വായ്പ തുക അടക്കുവാൻ കഴിയാത്തതിനാൽ ഇവർക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ ലഭിക്കാറില്ലായെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഈ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം വായ്പക്കാർക്കും പ്രസ്തുത ആനുകൂല്യം ലഭിക്കാത്ത സാഹചര്യത്തിൽ പുതിയ നിർദ്ദേശവും പരിഗണനയും ലഭ്യമാക്കുവാൻ സന്നദ്ധമാകുമോ?

<u>സഹകരണ സ്ഥാപനങ്ങളിൽ ആദായ നികുതി വകുപ്പിന്റെ പരിശോധന</u>

431. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ ആദായ നികുതി വകുപ്പിന്റെ പരിശോധന വ്യാപകമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സഹകരണ സംഘങ്ങളെ സംരക്ഷിക്കുന്നതിനും ഇത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>സഹകരണ ബാങ്കുകൾക്കുള്ള സർക്കാർ മൂലധന സഹായം</u>

432. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾക്ക് സർക്കാർ മൂലധന സഹായം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇപ്രകാരം മൂലധന സഹായം നൽകുന്നതിന്റെ മാനദണ്ഡം

എന്താണെന്നു വ്യക്തമാക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകൾക്കടക്കം മൂലധനസഹായം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>കർഷക സേവന പദ്ധതികൾ</u>

433. ശ്രീ.സി.മമ്മൂട്ടി

,, പി.കെ.ബഷീർ

,, റ്റി.എ.അഹമ്മദ് കബീർ

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയിൽ സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ കർഷക സേവന പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആരംഭിക്കാൻ ലക്ഷ്യമിട്ട പുതിയ കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിലൂടെ ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

434. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് എന്നായിരുന്നു എന്ന് അറിയിക്കുമോ; ഇതുപ്രകാരം എന്നാണ് ശമ്പളപരിഷ്കരണ കാലാവധി അവസാനിച്ചത്; ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി കഴിഞ്ഞിട്ടും പരിഷ്കരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് അറിയിക്കുമോ; ഇവരുടെ ശമ്പള പരിഷ്കരണം അടിയന്തരമായി നടപ്പിലാക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം എന്ന് നടപ്പിലാക്കുമെന്ന് അറിയിക്കുമോ?

<u>കൊച്ചി മെട്രോ പദ്ധതിയ്ക്ക് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ</u>

435. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പദ്ധതിയ്ക്ക് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും എന്തു തുക വായ്പയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്; ഇതിനകം ലഭിച്ച വായ്പ എത്ര;

(ബി) വായ്പ സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്; വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വായ്പ എത്ര വർഷം കൊണ്ട്, എത്ര നിരക്കിലുള്ള പലിശ സഹിതം തിരിച്ച് നൽകുമെന്നും സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിലുണ്ടാകുന്ന ബാധ്യതകൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

## ആശ്വാസ് പദ്ധതി

436. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിഞ്ഞതെന്ന് വിശദമാക്കുമോ?

## സംസ്ഥാന സഹകരണബാങ്കുകളിൽ ആധുനിക സൗകര്യങ്ങൾ

437. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എസ്.രാജേന്ദ്രൻ
,, കെ.വി.വിജയദാസ്
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൻധൻ യോജന പദ്ധതിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ഒഴിവാക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമായി പറയുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സഹകരണബാങ്കുകളിൽ കോർ ബാങ്കിംഗ് സൗകര്യവും ഇലക്ട്രോണിക് ട്രാൻസാക്ഷൻ നടത്തുന്നതിനുവേണ്ടുന്ന സൗകര്യവും ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ ഈ സൗകര്യങ്ങൾ ഇല്ലാത്തത് സഹകരണ ബാങ്കുകളിൽ ഇടപാടുകാർ കുറയുന്നതിന് കാരണമാകുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ആധുനിക സൗകര്യങ്ങൾ സഹകരണ പ്രസ്ഥാനങ്ങളിൽ പ്രായോഗികമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ത്രിവേണി സ്റ്റോർ-നിത്യോപയോഗ സാധനങ്ങളുടെ ദൗർല്ലഭ്യം

438. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിവേണി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ദൗർല്ലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

കാർഷിക വായ്പകൾ

439. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വായ്പാസംഘങ്ങൾ എത്ര ശതമാനം പലിശയ്ക്കാണ് കാർഷിക വായ്പകൾ അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കൃത്യമായി കാർഷിക വായ്പകൾ തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്ക് പലിശയിളവ് നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ എത്ര ശതമാനം പലിശയിളവാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഇളവ് അനുവദിച്ച വകയിൽ നടപ്പ് സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

സുവർണ്ണ കേരളം പദ്ധതി

440. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) സുവർണ്ണ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എത്ര സഹകരണ സംഘങ്ങൾ മുഖേനയാണ് ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുവാനുള്ള സാങ്കേതിക വിദ്യ കൈമാറുവാൻ ഉദ്ദേശിക്കുന്നത്;

(സി) അടുക്കളത്തോട്ട നിർമ്മാണം ഉൾപ്പെടെ ഏതെല്ലാം കൃഷി രീതികളും ഉൽപാദനോപാദികളുമാണ് സഹകരണ സംഘങ്ങൾ മുഖേന കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>പെരുങ്ങാല സർവ്വീസ് സഹകരണ ബാങ്ക്</u>

441. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ടതും 6425 അംഗങ്ങൾ ഉള്ളതും, പ്രവർത്തന മൂലധനം 28.5കോടി രൂപയുള്ളതും, നിലവിൽ 15% ലാഭവിഹിതവും നൽകിവരുന്ന പെരുങ്ങാല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2152 പ്രഭാതസായാഹ്ന ശാഖയ്ക്ക് 17-2-2014 ലും, പുതിയ ബ്രാഞ്ച് ആരംഭിക്കുന്ന 19-7-2014ലും ആലപ്പുഴ ജോയിന്റ് രജിസ്ട്രാർക്ക് നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ ബ്രാഞ്ചിനും,പ്രഭാതസായാഹ്ന ശാഖയ്ക്കും എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിരിക്കുന്ന സാഹചര്യത്തിൽ ഈ ബാങ്കിന്റെ പുതിയ ബ്രാഞ്ചും പ്രഭാതസായാഹ്ന ശാഖയും ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>വയനാട്ടിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം</u>

442. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ എത്ര സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്നും എത്ര സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുവെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഓരോ സംഘങ്ങളുടെയും മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ

443. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടച്ചുപൂട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) ഇത്തരം പ്രവണതകൾ തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ അടച്ച പൂട്ടുന്നതു മൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കൺസ്യൂമർ ഫെഡ്

444. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡ്ഡിന്റെ വിവിധ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി എത്ര വിതരണ കേന്ദ്രങ്ങൾ പൂട്ടിയിട്ടുണ്ട്;ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) സബ്സിഡി ഇനത്തിൽ സർക്കാർ കൺസ്യൂമർ ഫെഡ്ഡിന് എത്ര തുക നൽകാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

## മിഷൻ **676 -** ൽ സഹകരണ മേഖലയിൽ പലിശരഹിത വായ്പയും നൂതന പദ്ധതികളും

445. **ശ്രീ.ജോസഫ് വാഴയ്ക്കൻ**

,, വി.റ്റി.ബൽറാം

,, ഡൊമിനിക് പ്രസന്റേഷൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 - ൽ ഉൾപ്പെടുത്തി സഹകരണ മേഖലയിൽ പലിശരഹിത വായ്പയും നൂതന പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി സഹകരണ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഖാദി വ്യവസായ യൂണിറ്റുകളുടെ നവീകരണം</u>

446. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പേരാമ്പ്ര, കനകമല എന്നിവിടങ്ങളിലെ ഖാദി വ്യവസായ യൂണിറ്റുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുമായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

<u>ഖാദി ഉല്പന്ന വിപണന രംഗം</u>

447. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, സി.പി.മുഹമ്മദ്

,, അൻവർ സാദത്ത്

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഉല്പന്ന വിപണന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട്;

(ബി) ഖാദി ഉല്പന്നങ്ങളുടെ വില്പനയിൽ നിന്നുള്ള വരുമാനത്തിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) ഖാദി ഉല്പന്ന വിപണന രംഗത്ത് എത്ര ശതമാനം വർദ്ധനയാണ് ഉണ്ടായിട്ടുള്ളത് ; വിശദമാക്കുമോ;

(ഡി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

ചെറുകിട വ്യവസായം-കുടിശ്ശിക എഴുതി തള്ളല്‍

448. **ശ്രീ.പി.കെ.ഗുരുദാസന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഖാദി ബോര്‍ഡില്‍ നിന്നും വായ്പ എടുത്ത് ചെറുകിട വ്യവസായ സ്ഥാപനങ്ങള്‍ നടത്തിവന്നവര്‍ നഷ്ടം കാരണം ആത്മഹത്യ ചെയ്യപ്പെട്ടപ്പോള്‍ കുടുംബങ്ങള്‍ റവന്യൂ റിക്കവറി നേരിടുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ കുടിശ്ശിക എഴുതി തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കില്‍ ഇത്തരം കുടുംബങ്ങളെ സഹായിക്കാന്‍ പ്രത്യേകപദ്ധതി നടപ്പിലാക്കാന്‍ നടപടി സ്വീകരിക്കുമോ?

കാലടി കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററില്‍ എക്സ്റേ യൂണിറ്റ്

449. **ശ്രീ.ജോസ് തെറ്റയില്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും നിയമവും ഭവനനിര്‍മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററില്‍ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 19-4-2013 ല്‍ ആസ്തിവികസന പദ്ധതിയില്‍ നിന്നും 25 ലക്ഷം രൂപ അനുവദിച്ചിട്ടും പ്രസ്തുത എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ടി പ്രവൃത്തിയുടെ അടിയന്തര സ്വഭാവവും ഫിറ്റ്നസ് സര്‍ട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിച്ച സാഹചര്യങ്ങളും കണക്കിലെടുത്ത് എക്സ്റേ യൂണിറ്റ് സ്ഥാപിക്കുവാനാവശ്യമുള്ള 16,68,634 രൂപയുള്ള 2-2-2014ലെ മുന്‍ഗണന പട്ടികയില്‍പ്പെടുത്തി നിര്‍ദ്ദേശിയ്ക്കപ്പെട്ട ലെറ്റര്‍ ഓഫ് ക്രഡിറ്റ് അതില്‍ നിന്നും മാറ്റി സ്പെഷ്യല്‍ ലെറ്റര്‍ ഓഫ് ക്രഡിറ്റിലൂടെ തുക അടിയന്തരമായി അനുവദിക്കുന്നതിനായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ ഓഫീസില്‍ നിന്നു 29-2-2015 ല്‍ സമര്‍പ്പിച്ച കത്തില്‍ മേല്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാം എന്ന് വിശദമാക്കാമോ?

സഞ്ചിത കടം

450. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും നിയമവും ഭവനനിര്‍മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2014-15 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച നൽകിയിട്ടുള്ള വായ്പാ പരിധി എത്ര കോടി രൂപയാണ്;

(ബി) ആയതുപ്രകാരം 2015 ജനുവരി 31 വരെ എത്ര കോടി വായ്പ എടുത്തു; വ്യക്തമാക്കുമോ;

(സി) 2014-15 സാമ്പത്തിക വർഷം 2015 ജനുവരി 31 വരെ റിസർച്ച് ബാങ്കിന്റെ ഭരണാനുമതിയോടുകൂടി എത്ര തുക കടപ്പത്രം വഴി സമാഹരിച്ചു; ഈ നടപ്പുവർഷം ഇനി ഇത്തരത്തിൽ എത്ര കോടി രൂപ കൂടി സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ കടമെടുക്കുന്ന തുക സംസ്ഥാനത്തിന്റെ വികസന ചെലവുകൾക്കാണോ ഉപയോഗിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) 2014-15 നടപ്പുവർഷം ഇത്തരത്തിൽ കടമെടുത്ത തുക റവന്യൂചെലവുകൾക്കാണ് ഉപയോഗിച്ചതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് നിയമവിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) നിലവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര; 2015മാർച്ച് 31 ആകുമ്പോഴേയ്ക്കും സഞ്ചിത കടം എത്രയാകുമെന്നാണ് സർക്കാർ കരുതുന്നത്;

(ജി) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിതകടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>സർക്കാർ ജീവനക്കരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം</u>

451. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം 1.7.2014 മുതൽ മുൻകാല പ്രാബല്യം നൽകി എന്ന് ഉത്തരവിറക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ശമ്പളപരിഷ്കരണം ഇപ്രകാരം അനന്തമായി നീണ്ടു പോകുന്നസാഹചര്യത്തിൽ 1.7.2014 മുതൽ ഇടക്കാലാശ്വാസം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വ്യക്തമാക്കുമോ ?

<u>നടപ്പുവർഷം പ്രഖ്യാപിച്ച പദ്ധതികൾ</u>

452. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, കെ.സുരേഷ് കുറുപ്പ്

,, കെ.വി.അബ്ദുൾ ഖാദർ

,, ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ധനം ലഭ്യമാക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രഖ്യാപിച്ച പദ്ധതികൾ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി കാരണം ഉപേക്ഷിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

(സി) വിഭവസമാഹരണം ഉറപ്പിക്കാൻ സാധിക്കാത്ത വിധത്തിൽ പദ്ധതി വിഭാവനം ചെയ്തതും ഇതിന് കാരണമായെന്ന് കണക്കാക്കാമോ ;

(ഡി) നടപ്പു വർഷത്തെ നാളിതുവരെയുള്ള പദ്ധതിചെലവ് എത്ര ; ഇതിൽ ഇപ്പോഴും ട്രഷറി അക്കൗണ്ടുകളിൽ കിടക്കുന്നവ എത്രയെന്ന് വിശദമാക്കുമോ ;

(ഇ) കേന്ദ്രാവിഷ്കൃതം ഉൾപ്പെടെ പദ്ധതി അടങ്കലിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) നടപ്പു വർഷം എത്ര കോടിരൂപ വായ്പയെടുത്തു ; റവന്യൂകമ്മി എത്ര കോടിയായി ഉയർന്നു ; വ്യക്തമാക്കുമോ?

## <u>ഖജനാവിനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി .</u>

453. ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.എം. ഹംസ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും വരുമാന ചോർച്ച തടയുന്നതിന് എത്രത്തോളം സാദ്ധ്യമാകുന്നുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിവിധ മേഖലകളിൽ നികുതി വെട്ടിപ്പ് തുടരുന്നതായ വാർത്തകൾ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ ;

(സി) സംസ്ഥാന ഖജനാവിനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നിലവിലെ സംവിധാനങ്ങൾക്ക് വേണ്ടത്ര സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) നികുതി വെട്ടിപ്പും അഴിമതിയും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; വരുമാനം ചോരുന്ന വഴികൾ കണ്ടെത്താനുള്ള നടപടികൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം

454. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതി വരുമാനത്തിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് ആദ്യമായി ഉന്നയിച്ചത് എപ്പോഴായിരുന്നു; ഏതെല്ലാം ധനകാര്യകമ്മിഷനുകൾ മുമ്പാകെ നല്കിയ നിവേദനത്തിലാണ് ആ ആവശ്യം ഉന്നയിച്ചിട്ടുണ്ടായിരുന്നത്;

(ബി) ചരക്ക്സേവന നികുതി (ജി.എസ്.ടി) നിലവിൽ വരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കപ്പെടണമെങ്കിൽ യഥാർത്ഥത്തിൽ കേന്ദ്രനികുതി വരുമാനത്തിന്റെ എത്ര ശതമാനം സംസ്ഥാനത്തിന് ലഭിക്കേണ്ടതായിട്ടുണ്ട്;

(സി) പതിനാലാം ധനകാര്യ കമ്മീഷൻ ഇപ്പോൾ ശുപാർശ ചെയ്തപ്രകാരം എത്ര ശതമാനം നികുതി വരുമാനം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്; ഇത് സംസ്ഥാനത്തിന്റെ യഥാർത്ഥ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ പര്യാപ്തമാണോ;

(ഡി) ജി.എസ്.ടി നടപ്പാക്കുമ്പോഴുണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് ഇപ്പോഴത്തെ വർദ്ധന പര്യാപ്തമാണോ?

## ഇ-മാർക്കറ്റിംഗുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ്

455. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട് നികുതി വെട്ടിപ്പ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) വാണിജ്യ നികുതി വകുപ്പിന്റെ കണക്കുപ്രകാരമുള്ള നികുതി വെട്ടിപ്പ് എത്രയാണ്;

(സി) ഓൺലൈൻ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

## ധന ഉത്തരവാദിത്വ നിയമം

456. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൊണ്ടുവന്ന സംസ്ഥാനത്തിന്റെ ധനഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ലക്ഷ്യവും നാളിതുവരെയുള്ള നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) എന്തെല്ലാം കാര്യത്തിലാണ് ലക്ഷ്യത്തിലെത്താൻ കഴിയാതെ പോയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ധവളപത്രം ഇറക്കി, ധനഉത്തരവാദിത്വ നിയമം പാസ്സാക്കി മുൻ സർക്കാരിനെതിരെ പ്രചരണം സംഘടിപ്പിച്ച സർക്കാർ നാലു വർഷം പിന്നിടുമ്പോൾ പുതിയ ധവളപത്രം പുറപ്പെടുവിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഓരോ സാമ്പത്തിക വർഷവും ലക്ഷ്യമിട്ട റവന്യൂ വരുമാനം</u>

457. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് ഓരോ സാമ്പത്തിക വർഷവും ലക്ഷ്യമിട്ട റവന്യൂ വരുമാനം എത്ര; അതിൽ നികുതി വരുമാനം എത്ര; നികുതിയേതര വരുമാനം എത്ര;

(ബി) യഥാർത്ഥത്തിൽ ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം റവന്യൂ വരുമാനം ഓരോ വർഷവും ലഭിച്ചു; തുക എത്ര വീതം; അതിൽ നികുതി വരുമാനം എത്ര; നികുതിയേതര വരുമാനം എത്ര;

(സി) പിന്നിട്ട വർഷങ്ങളിലെ റവന്യൂ വരുമാനത്തെ അടിസ്ഥാനമാക്കിട്ടാണോ 2015-16 വർഷത്തെ ലക്ഷ്യം കണക്കാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

<u>തുക വകയിരുത്താതെ ഭരണാനുമതി നൽകിയ ജോലികൾ</u>

458. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ചട്ടമനുസരിച്ച് പൊതുമരാമത്ത് ജോലികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ എത്ര ഇരട്ടി തുകയ്ക്ക് വരെ ഭരണാനുമതി നല്കാവുന്നതാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ചട്ടം കൃത്യമായി പാലിച്ച് പോന്നിട്ടുണ്ടോയെന്നും ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ഇരട്ടിവരെ തുകയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) തുക വകയിരുത്താതെ എത്ര തുകയുടെ ജോലികൾക്ക് ഓരോ വർഷവും ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നുവെന്നും ഇവ പൂർത്തിയാക്കുന്ന മുറയ്ക്ക് ഉണ്ടാകാവുന്ന അധിക ബാദ്ധ്യത എത്രത്തോളമാണെന്നും വിശദമാക്കുമോ ?

ഡയറി അച്ചടി .

459. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ ജി.ഒ.(പി) 523/2014 Fin ഉത്തരവിന് വിരുദ്ധമായി ഡയറിയോ കലണ്ടറോ പ്രിന്റ് ചെയ്ത ഏതെങ്കിലും സർക്കാർ വകുപ്പുകളോ, പൊതുമേഖലാ സ്ഥാപനങ്ങളോ, ആട്ടോണമസ് ബോഡികളോ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പൊതു കടം

460. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പൊതു കടം എത്രയായിരുന്നു;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയുള്ള പൊതുകടം എത്രയാണെന്നും കടമെടുത്ത തുക എപ്രകാരമാണ് ചെലവഴിച്ചതെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കടബാദ്ധ്യതയിൽ എന്തു തുകയുടെ വർദ്ധവുണ്ടായി; ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന കടത്തിന്റെ എത്രശതമാനമാണ് വർദ്ധന?

കേരള സംസ്ഥാന സംരംഭക മിഷൻ

461. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സംരംഭക മിഷന്റെ കീഴിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടിയിട്ടുള്ളത്; എത്ര രൂപ ചെലവഴിച്ചു; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(ബി) സംരംഭകർക്ക് എന്തൊക്കെ പരിശീലനങ്ങളാണ് നല്കിവരുന്നത്; ഓരോ സംരംഭത്തിനും എത്ര രൂപ വീതമാണ് സഹായം നൽകുന്നത്; വിശദാംശം

നൽകാമോ?

<u>അധിക തസ്തികകൾ നിർത്തലാക്കൽ</u>

462. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുള്ള തസ്തികകൾ എത്രയായിരുന്നുവെന്നും ഇവയിൽ 2014-15 വർഷത്തിൽ നിർത്തലാക്കുമെന്ന് പ്രഖ്യാപിച്ചത് എത്ര ശതമാനം ആയിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഈ വർഷം നിർത്തലാക്കുന്ന തസ്തികകൾ കണ്ടെത്തിയിട്ടുണ്ടോ ; അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; നിർത്തലാക്കുന്ന തസ്തികകളിൽ ജോലി നോക്കി വരുന്നവരെ സംബന്ധിച്ച സർക്കാർ തീരുമാനം വിശദമാക്കാമോ ?

<u>വേതന പരിഷ്കരണത്തിന് വകയിരുത്തേണ്ട തുക</u>

463. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജൂലൈ 1 മുതൽ ജീവനക്കാരുടെയും അധ്യാപകരുടെയും വേതനം പരിഷ്കരിക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ആയിരുന്നു;

(ബി) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വേതന പരിഷ്കരണത്തിനായി എത്ര കോടി രൂപ വകയിരുത്തേണ്ടതുണ്ട്; ഇത് സംബന്ധിച്ച് പൊതുഭരണ വകുപ്പിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

<u>പ്ലാൻ & നോൺ പ്ലാൻ ബജ്ജറ്റ് വിഹിതവും ചെലവും</u>

464. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014- 15 വർഷത്തിലെ പ്ലാൻ & നോൺ പ്ലാൻ ബജ്ജറ്റ് വിഹിതവും ചെലവും വകുപ്പ് തിരിച്ചുള്ളതും 2015 ഫെബ്രുവരി 28 വരെയുള്ളതുമായ വിശദമായ സ്റ്റേറ്റ്മെന്റ് നൽകുമോ;

(ബി) ചെലവ് കുറയുവാനുണ്ടായ സാഹചര്യം നികുതിയിനത്തിൽ വന്നു ചേർന്നിട്ടുള്ള കുറവാണോ;എങ്കിൽ വിശദാംശം നൽകുമോ?

## ആസ്തി വികസന ഫണ്ട് വിനിയോഗം

465\. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗത്തിലെ കാലതാമസം ഒഴിവാക്കുവാൻ അവയുടെ നിർവ്വഹണം ജില്ലാ കളക്ടർമാരെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;വ്യക്തമാക്കാമോ?

## ആസ്തി വികസന ഫണ്ട്

466\. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണം ലഭിക്കാൻ കാലതാമസം നേരിടുന്നത് മൂലം ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കരാറുകാർ താൽപര്യം കാണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ ഫണ്ട് മാതൃകയിൽ ആസ്തി വികസന പദ്ധതി പ്രവർത്തികൾക്ക് വേഗത്തിൽ പണം ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

## ആസ്തി വികസന സ്കീം

467\. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനം നടന്നുവരുന്നതും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ വൈപ്പിൻ മണ്ഡലത്തിലെ വിവിധ പ്രവർത്തികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(ബി) നടന്നുവരുന്ന പ്രവർത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അതാത് എം.എൽ.എ മാരെ യഥാസമയം അറിയിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുന്നതിനും പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ?

## ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവർത്തികൾ

468. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) ആസ്തി വികസന ഫണ്ടിൽ നിന്ന് നിർദ്ദേശിച്ച പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രവൃത്തികൾ പെട്ടെന്ന് പൂർത്തീകരിക്കാൻ വേണ്ടി ആസ്തി വികസന ഫണ്ട് ജില്ലാ കലക്ടർമാർക്ക് നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ആസ്തി വികസന പദ്ധതിപ്രകാരമുള്ള കുടിശ്ശിക</u>

469. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് ബിൽ കുടിശ്ശിക നൽകാനുണ്ടോ ;

(ബി) എങ്കിൽ ഏതു കാലയളവുവരെയുള്ള ബില്ലുകളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത് ;

(സി) ഇനി എത്ര രൂപയുടെ ബിൽ കുടിശ്ശികയുണ്ട് ;

(ഡി) ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തിയാക്കിയ പ്രവർത്തികളുടെ ബില്ല് മാറുന്നതിന് എന്തെങ്കിലും മുൻഗണനയുണ്ടോ ; വിശദമാക്കുമോ ;

(ഇ) ആസ്തി വികസന പദ്ധതി പ്രകാരം പൂർത്തീയാക്കിയ പ്രവർത്തികൾ എത്ര രൂപയുടെ ബില്ലുകൾ ഇതുവരെ മാറി നൽകിയിട്ടുണ്ട് ?

<u>ചെലവ് അവലോകന കമ്മിറ്റി റിപ്പോർട്ട്</u>

470. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധന ഉത്തരവാദിത്തനിയമ പ്രകാരം ചെലവ് അവലോകന കമ്മിറ്റി (Expenditure Review Committee) സമർപ്പിച്ചിട്ടുള്ള മുൻ റിപ്പോർട്ടുകളിലെ എല്ലാ ശുപാർശകളും സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ശുപാർശകളിൽ സർക്കാർ തള്ളിക്കളഞ്ഞവ, സ്വീകരിച്ച് നടപ്പിലാക്കിയവ എന്നിവ വിശദമാക്കാമോ?

<u>ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനങ്ങൾ</u>

T 471. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിക്കുന്നതിന് കമ്മീഷനെ നിയമിച്ചതെന്നാണെന്നു വ്യക്തമാക്കുമോ;

(ബി) ശമ്പള പരിഷ്കരണ കമ്മീഷന്റെ ഇതേവരെയുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കമ്മീഷൻ എപ്പോൾ റിപ്പോർട്ട് സമർപ്പിക്കുമെന്നു വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഞ്ചുവർഷതത്വം ഉറപ്പാക്കി 1.7.2014 മുതൽ പ്രാബല്യത്തോടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## പുതിയ പെൻഷൻ പദ്ധതി

472. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പെൻഷൻ പദ്ധതി നടപ്പാക്കിയതുവഴി പൊതു ചെലവിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ കുറവ് എത്രയെന്ന് പറയാമോ ;

(ബി) ഇല്ലായെങ്കിൽ ചെലവിൽ എന്ന് മുതൽ കുറവുണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

## വികസന ചെലവിന്റെ സംസ്ഥാന ശരാശരി

473. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന ചെലവിനത്തിൽ സംസ്ഥാനം അയൽ സംസ്ഥാനങ്ങളുടേയും അഖിലേന്ത്യാ ശരാശരിയുടേയും പിന്നിലായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ, അഖിലേന്ത്യാടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എത്രാം സ്ഥാനമാണെന്ന് വിശദമാക്കുമോ ?

## വിവിധ സാമ്പത്തിക വർഷങ്ങളിലെ സർക്കാർ ചെലവുകൾ

474. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലുണ്ടായ റവന്യൂ ചെലവ്, മൂലധന ചെലവ്, വികസന ചെലവ്, വികസനേതര ചെലവ്, പദ്ധതി ചെലവ്, പദ്ധതിയേതര ചെലവ് എന്നിവ എത്രയാണെന്ന് ആഡിറ്റഡ് കണക്കുകളുടെ അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ; ഇവ ഓരോന്നിനും അതതു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് തുക എത്രയായിരുന്നു?

<u>വിവിധ വകുപ്പുകൾ ലീസ്, വാടക, നടത്തിപ്പ് ചുമതല നല്കിയത് -ധനവകുപ്പിനെ അറിയിക്കുന്നത് സംബന്ധിച്ച്</u>

475. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകൾ ലീസ്, വാടക, നടത്തിപ്പ് ചുമതല എന്നിവയ്ക്കായി നൽകിയിട്ടുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ധനവകുപ്പിനെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;വ്യക്തമാക്കാമോ ;

(ബി) എല്ലാ വകുപ്പുകളും അതിൻപ്രകാരം വ്യക്തമായ കണക്കുകൾ നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ ;

(സി) വ്യക്തമായ കണക്കുകൾ നൽകിയിട്ടില്ലാത്ത വകുപ്പുകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>വിവിധ വകുപ്പുകൾ സർക്കാരിലേയ്ക്ക് നൽകേണ്ട കുടിശ്ശിക തുക</u>

476. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15 വർഷക്കാലത്തെ റവന്യൂ വരുമാന വർദ്ധന നിരക്ക് എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകൾ സർക്കാരിലേയ്ക്ക് നൽകേണ്ട തുക എത്രയാണ് കുടിശ്ശികയായതെന്ന് വ്യക്തമാക്കുമോ;

(സി) ആയതിന്റെ വകുപ്പുകൾ തിരിച്ച കണക്ക് വിശദമാക്കാമോ?

<u>വായ്പ എടുക്കുന്നതിന് നൽകുന്ന ഗ്യാരണ്ടി</u>

477. ശ്രീ.കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, അർദ്ധ-സർക്കാർ ധനകാര്യസ്ഥാപങ്ങൾ വായ്പ എടുക്കുന്നതിന് നൽകുന്ന ഗ്യാരണ്ടിക്ക് പരിധി നിശ്ചയിച്ചുകൊണ്ടുള്ള ഗ്യാരണ്ടി സീലിംഗ് ആക്ട് പ്രകാരം നിശ്ചയിക്കപ്പെട്ട പരിധി എത്ര കോടിയാണ് ; നാളിതുവരെയുള്ള ഗ്യാരണ്ടി എത്ര കോടി രൂപയുടേതാണ് ; വിശദമാക്കാമോ ?

<u>വികസന പദ്ധതികൾക്ക് പുറപ്പെടുവിച്ച കടപ്പത്രങ്ങൾ</u>

478. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികസന പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി എത്ര തവണ കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം വികസനപദ്ധതികൾക്കുവേണ്ടിയാണ് കടപ്പത്രങ്ങൾ പുറപ്പെടുവിച്ചത്; ഓരോ പദ്ധതികൾക്കുമായി കടപ്പത്രങ്ങൾ മുഖേന എത്ര തുക സ്വരൂപിച്ചിട്ടുണ്ട്;

(സി) ഓരോ വികസനപദ്ധതികൾക്കുമായി ഇതിനോടകം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

<u>നികുതി ഇളവ് നൽകിയിട്ടുള്ള മേഖലകൾ</u>

479. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം മേഖലയിലാണ് നികുതി ഇളവ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇളവുകൾ നൽകിയിട്ടുള്ളത് ഏതെല്ലാം ബഡ്ജറ്റുകളിലാണെന്നും ഏതെല്ലാം ഉത്തരവുകൾ പ്രകാരമാണെന്നും പ്രത്യേകം വിശദമാക്കാമോ;

(സി) ഈ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>റവന്യൂ കമ്മി</u>

480. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനം റവന്യൂ കമ്മിയുണ്ടായിരുന്നു ; 2013-14-ന് അത്

എത്രയായി വകയിരുത്തുകയുണ്ടായി ;

(ബി) ധന ഉത്തരവാദിത്വ നിയമം അനുസരിച്ച് റവന്യൂ കമ്മി ഓരോ വർഷവും എത്രയായി കുറച്ച് കൊണ്ടുവന്ന് ഏത് വർഷം പൂജ്യം ശതമാനമാക്കി മാറ്റുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത് ;

(സി) ഈ വർഷം ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം റവന്യൂ കമ്മി എത്രയായിരുന്നു ; നടപ്പ് വർഷാവസാനം എത്രയായി ഉയരും ; വിശദമാക്കാമോ ?

<u>പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ</u>

481. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനായി പത്താം ശമ്പളപരിഷ്കരണ കമ്മീഷനെ നിയോഗിച്ചത് എന്നാണ്;

(ബി) നിയമിച്ച വേളയിൽ കമ്മീഷൻ റിപ്പോർട്ട് എന്നത്തേക്ക് നൽകണമന്നായിരുന്നു നിർദ്ദേശിച്ചിരുന്നത്;

(സി) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് എന്നു മുതലായിരുന്നു പുതിയ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കേണ്ടിയിരുന്നത്;

(ഡി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; അന്തിമ റിപ്പോർട്ട് എന്നത്തേക്ക് ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്?

<u>റവന്യൂ കമ്മി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്</u>

482. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ഓരോ സാമ്പത്തിക വർഷത്തെയും യഥാർത്ഥ റവന്യൂ കമ്മി, ധനകമ്മി, പ്രാഥമിക കമ്മി, അധികവിഭവ സമാഹരണം, പദ്ധതിയേതര റവന്യൂശിഷ്ടവും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷത്തെയും സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനം (GSDP) , പ്രതിശീർഷ വരുമാനം (per capita income) എന്നിവ എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ?

നികുതി പിരിവ്

483. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് നൽകുമോ;

(ബി) കേരളത്തിലെ പ്രധാന ചെക്ക്പോസ്റ്റുകളിലൂടെ ലഭിച്ച തുക വർഷം തിരിച്ച് നൽകുമോ;

(സി) 2006-2011 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ കണക്ക് ലഭ്യമാക്കുമോ?

റവന്യൂ വരുമാനം

484. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷത്തെയും റവന്യൂ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ; റവന്യൂ വരുമാനത്തിലും വർദ്ധനവിന്റെ നിരക്കിലും കുറവ് ഉണ്ടായിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിലെ പൊതു ചെലവ് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ പൊതുകടം എത്രയെന്നും 2014 - 15 വർഷം അവസാനിക്കുമ്പോൾ പൊതുകടം എത്രയാകുമെന്നും വ്യക്തമാക്കാമോ?

നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടി

485. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 ബജറ്റിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 2015 ഫെബ്രുവരി 28 വരെ ആകെ ലഭിച്ച നികുതി വരുമാനം എത്രയാണ്;

(സി) ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച ബാക്കി നികുതി വരുമാനം 2015 മാർച്ച് മാസത്തിൽ ലഭിയ്ക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ആകെ എത്ര നികുതി വരുമാനം ലഭിക്കുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്?

## പദ്ധതി അടങ്കൽ തുക

486. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്തെ പദ്ധതി അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ നാളിതുവരെ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് നാളിതുവരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വകുപ്പുകൾ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ തുകയും അനുവദിച്ച തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് പ്രത്യേകം വിശദമാക്കാമോ?

## ക്യാഷ് റിസർവ് പരിധി

487. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്കുമായുള്ള എഗ്രിമെന്റ് പ്രകാരം സർക്കാരിന് റിസർവ് ബാങ്കിൽ ഉണ്ടായിരിക്കേണ്ട ക്യാഷ് റിസർവ് പരിധി 2014-15 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ഘട്ടങ്ങളിൽ കവിഞ്ഞു പോയിട്ടുണ്ട്; നിശ്ചിത തുക മിനിമം ബാലൻസായി നിലനിർത്താൻ എപ്പോഴെങ്കിലും കഴിഞ്ഞിട്ടുണ്ടായിരുന്നുവോ;

(ബി) റിസർവ് നല്കിയ വെയ്സ് ആന്റ് മീൻസ് അഡ്വാൻസിന്റെ പരിധി കവിഞ്ഞ് ഓവർ ഡ്രാഫ്റ്റായ ദിവസങ്ങൾ ഏതൊക്കെയായിരുന്നു; ഓവർ ഡ്രാഫ്റ്റിന് പിഴ പലിശ നല്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ; വ്യക്തമാക്കാമോ ?

## കഴിഞ്ഞ ബജറ്റിലെ പുതിയ പദ്ധതികൾ

488. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 ബജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതെല്ലാമായിരുന്നു ;

(ബി) ഇവയിൽ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച് പ്രവർത്തനം ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ് ;

(സി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി മന്ത്രിതലയോഗങ്ങളിൽ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

<u>നടപ്പ് സാമ്പത്തിക വർഷത്തെ നികുതി വരുമാനം സംബന്ധിച്ച്</u>

489. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലക്ഷ്യമിട്ട നികുതി വരുമാനം എത്ര കോടിയായിരുന്നു ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ലഭിച്ച നികുതി വരുമാനം എത്ര ; ഇനം തിരിച്ച് വെളിപ്പെടുത്താമോ ; ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം വർദ്ധന ഉണ്ടായി ;

(സി) ഏതെല്ലാം മേഖലകളിൽ നിന്നാണ് പ്രധാനമായും നികുതി വരവിൽ കുറവുണ്ടായിട്ടുള്ളത് ; ആയതിന്റെ പ്രമുഖ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്</u>

490. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക എത്ര ; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള പദ്ധതി ചെലവ് വകുപ്പ് അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതിനകം ചെലവഴിച്ചു ;

(ഡി) നടപ്പു സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഓരോ വകുപ്പിലും

വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു ; അതിൽ ഇതുവരെ ചെലവായ തുക വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണം

491. ശ്രീ.ജി.സുധാകരൻ

,, രാജു എബ്രഹാം

,, കെ.കെ.ജയചന്ദ്രൻ

,, ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ നിശ്ചയിച്ച കേന്ദ്രവിഹിതം ലഭ്യമായിട്ടുണ്ടോ;

(ബി) സാമ്പത്തിക പരാധീനത കാരണം നിശ്ചയിച്ച തോതിൽ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തിന്റെ ഓരോ സെക്ടറിലേയും പുരോഗതി വ്യക്തമാക്കാമോ;

(ഡി) നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാംപാദം അവസാനിക്കുമ്പോൾ 50ശതമാനമോ അതിൽ കൂടുതലോ ചെലവ് വരുത്തിയ വകുപ്പുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഇ) നിശ്ചയിക്കപ്പെട്ട പ്രകാരം വർഷാവസാനം പദ്ധതി മുഴുവനായും നടപ്പിലാക്കാനാവശ്യമായ വിഭവസമാഹരണം ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ?

വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക

492. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വാർഷിക പദ്ധതിയിൽ ഓരോ വികസനമേഖലയിലും വകയിരുത്തിയ തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം വകയിരുത്തിയതിൽ 31.1.2015 വരെ ഓരോ വികസനമേഖലയിലെയും ചെലവിന്റെ ശതമാനം വെളിപ്പെടുത്താമോ?

നികുതി വരുമാനത്തിലെ കുറവ്

493. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനെക്കാൾ എന്ത് തുകയുടെ കുറവാണുണ്ടായത്;

(ബി) ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>റവന്യൂ വരുമാനത്തിലെ കുറവ്</u>

494. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഈ കാലയളവിൽ വാണിജ്യ നികുതിയിനത്തിൽ എത്ര തുക ലഭ്യമായി എന്ന് വെളിപ്പെടുത്താമോ ?

<u>പ്ലാൻ , നോൺപ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക</u>

495. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തികവർഷം പദ്ധതി, പദ്ധതിയേതര ഫണ്ടിൽ വകയിരുത്തിയ തുക ഇനം തിരിച്ചും വകുപ്പ് തിരിച്ചും വ്യക്തമാക്കാമോ;

(ബി) 2015 ഫെബ്രുവരി 28 വരെയുള്ള എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും, എക്സ്പെൻഡിച്ചറിന്റെ ശതമാനവും ഇനം തിരിച്ചും വകുപ്പ് തിരിച്ചും വ്യക്തമാക്കുമോ;

(സി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയ തുക, നാളിതുവരെ ചെലവഴിച്ച തുക എന്നിവ വിശദമാക്കുമോ?

<u>നിതാഖത് മൂലം മടങ്ങുന്ന പ്രവാസികൾക്ക് പലിശരഹിത വായ്പ</u>

496. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖത് മൂലം മടങ്ങുന്ന പ്രവാസികൾക്ക് വ്യവസായം തുടങ്ങാൻ 20 ലക്ഷം രൂപവരെ പലിശരഹിത വായ്പ നൽകുമെന്ന് ആഗോള പ്രവാസി സമ്മേളനത്തിൽ ധനമന്ത്രി പ്രഖ്യാപിച്ചിരുന്നോ ;

(ബി) ഇതുവരെ എത്ര തുക പലിശരഹിത വായ്പ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ പ്രവാസി വ്യവസായ സംരംഭങ്ങൾക്ക് 10% വരെ സർക്കാർ മൂലധന പങ്കാളിത്തം ധനമന്ത്രി പ്രഖ്യാപിച്ചിരുന്നോ ;

(ഡി) ഇക്കാര്യത്തിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ?

<u>കേന്ദ്ര നികുതി വരുമാനത്തിൽ നിന്നും കേരളത്തിനുള്ള ഗ്രാന്റ്</u>

497. ശ്രീ.എ.എ.അസീസ്

**,,** കോവൂർ കുഞ്ഞുമോൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ് കേരളത്തിന് കേന്ദ്രസർക്കാർ ഗ്രാന്റായി അനുവദിക്കുന്നത് ;

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ അതിൽ എത്ര ശതമാനത്തിന്റെ വർദ്ധനയാണ് വരുത്തിയിട്ടുള്ളത് ;

(സി) അതിൻപ്രകാരം സംസ്ഥാനത്തിന് അധികമായി ലഭ്യമാകുന്ന തുക എത്രയാണ് ;ഈ തുക ഏതൊക്കെ പദ്ധതികൾക്കായാണ് ചെലവഴിക്കാൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>പ്രവാസി നിക്ഷേപം</u>

498. ശ്രീ.എം.എ.ബേബി

**,,** കെ.വി.അബ്ദുൾ ഖാദർ

**,,** ടി.വി.രാജേഷ്

**,,** കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രവാസി നിക്ഷേപം അടിസ്ഥാന വികസനത്തിനും മറ്റുമായി ഉചിതമായ തരത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ പൊതുവികസനത്തിനും പ്രവാസി നിക്ഷേപകർക്കും പ്രയോജനകരമായ തരത്തിൽ പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്തുന്നതിന് ആലോചിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള വായ്പകൾ</u>

499. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും നാളിതുവരെ കമ്പോളത്തിൽ നിന്നും എത്രകോടി രൂപ വായ്പ എടുത്തിട്ടുണ്ട്; ഏതെല്ലാം നിലയിൽ എന്ന് വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും മറ്റു നിലയിലും എടുത്ത വായ്പ എത്രയാണ്; വിദേശ വായ്പകൾ എത്ര;

(സി) നാഷണൽ സേവിംഗ്സ് പദ്ധതി പ്രകാരം സമാഹരിക്കപ്പെട്ട തുക എത്ര;

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെമൊത്തം കടം എത്രയായിരുന്നു; അതിപ്പോൾ എത്ര യാണ് : എത്ര കോടിയുടെ വർദ്ധനയാണുണ്ടായത് ;

(ഇ) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം സംസ്ഥാന ഗവൺമെന്റ് കൊടുത്തു തീർക്കുവാനുള്ള മറ്റ് ബാധ്യതകൾ ആകെഎത്ര രൂപയാണ് എന്ന് വ്യക്തമാക്കാമോ ?

## പ്രവാസി നിക്ഷേപങ്ങൾ

500. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ നിക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിന് വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രവാസികളുടെ നിക്ഷേപമായി വിവിധ ബാങ്കുകളിൽ എത്ര തുകയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ വെളിപ്പെടുത്താമോ?

## ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണം

501. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന കാര്യം വിശദമാക്കുമോ;

(ബി) അനധികൃത പലിശ, ആകർഷകങ്ങളായ പലിശ,മറ്റ് വാഗ്ദാനങ്ങൾ എന്നിവ നൽകി നിക്ഷേപം സ്വീകരിച്ച ശേഷം കബളിപ്പിച്ച സാമ്പത്തിക കുറ്റകൃത്യങ്ങൾ നടത്തുന്നവരുടെ സ്വത്ത് വകകൾ പിടിച്ചെടുക്കുന്നതടക്കമുള്ള കർശന നടപടികൾ

സ്വീകരിക്കുന്നതിന് ഉണ്ടാക്കിയ നിയമങ്ങൾ പ്രാബല്യത്തിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പദ്ധതികൾ</u>

502. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും അടിസ്ഥാന സൗകര്യ വികസന മേഖലയിലെ പദ്ധതികൾക്കായി വകയിരുത്തപ്പെട്ട വിഹിതം എത്ര കോടി വീതമായിരുന്നു;വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ വർഷവും ഓരോ പദ്ധതിക്കും വേണ്ടി ഖജനാവിൽ നിന്നും ചെലവഴിച്ചത് എത്ര കോടി വീതമായിരുന്നു;വിശദമാക്കാമോ;

(സി) ഓരോ പദ്ധതികളിലും ഇപ്പോൾ എത്ര ശതമാനം പിന്നിട്ടിരിക്കുന്നു എന്ന് വിശദമാക്കാമോ; ഓരോ പദ്ധതിയും പൂർണ്ണ തോതിൽ പൂർത്തീകരിക്കുന്നതിന് എത്തു തുക വീതം ഇനിയും ആവശ്യമായിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമാണ് ചെലവഴിക്കാത്തത് :വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്ര ;വിശദമാക്കാമോ?

<u>കുടിശ്ശിക തുക</u>

503. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ കരാറുകാർക്ക്, ഇപ്പോഴത്തെ കണക്കനുസരിച്ച്, കൊട്ടുത്ത് തീർക്കാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) കുടിശ്ശിക തുക കൊടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>സെയിൽസ് ടാക്സ് ചെക്ക്ചെക്ക് പോസ്റ്റുകളിൽ നിന്നും ലഭിച്ച നികുതി വരുമാനം</u>

504. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷക്കാലം സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകളിൽ നിന്നും ലഭിച്ച നികുതി വരുമാനം വർഷാടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) ഓരോ ചെക്ക് പോസ്റ്റിൽ നിന്നും പ്രതീക്ഷിച്ച വരുമാനം എത്രയായിരുന്നു, വിശദാംശങ്ങൾ അറിയിക്കാമോ ?

## വകുപ്പുകൾ ചെലവഴിച്ച തുക

505. ശ്രീ.മാത്യൂ റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്ന തുകകളിൽ ഓരോ വകുപ്പും 2015 ജനുവരി 31 വരെ എത്ര ശതമാനം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് എത്ര ശതമാനം പ്രസ്തുത കാലയളവിൽ കൈവരിച്ചുവെന്ന് വകുപ്പ് തിരിച്ച് കണക്കുകൾ നൽകുമോ?

## ക്ഷേമനിധി ബോർഡുകളിൽ നിന്നും ഫണ്ട് മാറ്റുന്നത് സംബന്ധിച്ച് .

506. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി പണം ഖജനാവിലേയ്ക്ക് മാറ്റണമെന്ന് ക്ഷേമനിധി ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും ഇത്തരത്തിൽ ശേഖരിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ക്ഷേമനിധി ബോർഡുകളിൽ നിന്നും ഫണ്ട് മാറ്റുന്നത് സംബന്ധിച്ച് വൈമനസ്യം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയെന്ന് വിശദീകരിക്കുമോ?

## എലത്തൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ

507. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന്

വെളിപ്പെടുത്താമോ;

(ബി) ഇവയിൽ പ്രവൃത്തി പൂർത്തീകരിച്ചവയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ;ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തികളിൽ ചിലത് തുടങ്ങാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

<u>കടപ്പത്രം പുറപ്പെടുവിച്ചുകൊണ്ട് സംസ്ഥാനം സമാഹരിച്ച പണം</u>

508. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം കടപ്പത്രം പുറപ്പെടുവിച്ചുകൊണ്ട്, വികസന പ്രവർത്തനങ്ങളുടെ മറവിൽ സംസ്ഥാനം സമാഹരിച്ച പണം എത്ര കോടി രൂപയാണ് ; ഏതെങ്കിലും വികസന പ്രവർത്തനത്തിനായി ഈ പണം വിനിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട മൂലധന ചെലവ് എത്ര കോടിയായിരുന്നു ; ഇതിനകം എത്ര കോടി രൂപയുടെ വികസന ചെലവുണ്ടായി ;വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ മുൻ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ലക്ഷ്യമിട്ട മൂലധന ചെലവും യഥാർത്ഥ മൂലധന ചെലവും സംബന്ധിച്ച് വിശദമാക്കാമോ ?

<u>ധനഃസ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടികൾ</u>

509. **ശ്രീ.സി.മമ്മൂട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനഃസ്ഥിതി മെച്ചപ്പെടുത്തുന്നതിന് സാധാരണക്കാരുടെമേൽ കൂടുതൽ നികുതി ഭാരമടിച്ചേൽപ്പിക്കാതെ ഏതെല്ലാം നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ട്;

(ബി) ഇത് സംബന്ധിച്ച് വിശദവിവരം നൽകുമോ ?

<u>നികുതിയേതര വരുമാനം</u>

510. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നികുതിയേതര വരുമാനത്തിൽപ്പെട്ട ഫീസുകൾ, പിഴകൾ, വന ഉൽപ്പന്നങ്ങളുടെ വില, മണലിന്റെ വില എന്നിവ എത്ര തവണയായി, എത്ര ശതമാനം വർദ്ധിപ്പിക്കുകയുണ്ടായി;

(ബി) നികുതിയേതര വരുമാനത്തിലൂടെ 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച തുക എത്ര വീതമാണ്; ഓരോ വർഷവും ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുക എത്ര?

<u>പങ്കാളിത്ത പെൻഷൻ ഇനത്തിൽ ശേഖരിച്ച തുക</u>

511. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിൽ നിന്നും ഇതിനകം പങ്കാളിത്ത പെൻഷൻ ഇനത്തിൽ എത്ര തുക ശേഖരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ പങ്കാളിത്ത ഇനത്തിൽ സർക്കാർ എന്തു തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ജീവനക്കാരിൽ നിന്ന് ശേഖരിച്ചതും സർക്കാർ പങ്കാളിത്തവും ചേർത്ത് ഇതിനകം എത്ര തുക സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാന ട്രഷറിക്കു പുറമെ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ എത്ര തുക വീതം നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>സാമ്പത്തിക പ്രതിസന്ധി</u>

512. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണോ;എങ്കിൽ നിലവിലെ സാമ്പത്തിക സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഓർഡിനൻസുകൾ വഴിയും മറ്റ് സർക്കാർ ഉത്തരവുകൾ വഴിയും എത്ര കോടി രൂപയുടെ അധിക നികുതി പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുവാനാണ് ലക്ഷ്യമിട്ടത്; ആയതു പ്രകാരം എത്ര കോടി രൂപ ഇത്തരത്തിൽ 2015 ജനുവരി 31 വരെ പിരിച്ചെടുക്കുവാൻ സാധിച്ചു; ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്പോൾ വന്നിട്ടുള്ള ഈ സാമ്പത്തിക പ്രതിസന്ധി മറികടക്കാനായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് റാങ്കുള്ളവർ പ്രതിമാസം എത്ര തുക വീതം തിരിച്ചു നൽകാൻ തീരുമാനിച്ചുവെന്നും ആയതു പ്രകാരം 2015 ജനുവരി 31 വരെ ആകെ എത്ര തുക ഇത്തരത്തിൽ ഓരോരുത്തരും നൽകിയെന്നും വ്യക്തമാക്കുമോ;

(ഡി) ചെലവ് ചുരുക്കലിന്റെ ഭാഗമായി പ്രസ്തുത തീരുമാനം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള

കാബിനറ്റ് റാങ്കുള്ളവർ എടുത്തതിനുശേഷം പ്രസ്തുത വ്യക്തികൾ ഓരോരുത്തരും വിദേശയാത്ര, യാത്രാപടി, പുതിയ കാറുകൾ, വീടുകളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി 2015 ജനുവരി 31 വരെ സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക വീതം ഓരോരുത്തരും കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ?

## ആസ്തിവികസന പദ്ധതിയിൽ കെ. എസ്.ആർ.ടി.സി യ്ക്ക് ബസുകൾ

T 513. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി യ്ക്ക് ബസുകൾ വാങ്ങുന്നതിന് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സിയ്ക്ക് ബസ് വാങ്ങിയിട്ടുള്ള മണ്ഡലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി യ്ക്ക് ബസ് വാങ്ങുന്നതിന് ആസ്തിവികസന പദ്ധതി ഉപയോഗിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

## ട്രഷറിയിലെ നിക്ഷേപങ്ങൾ

514. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ തുടങ്ങിയ മേഖലയിൽ നിന്നുള്ള സംസ്ഥാന ട്രഷറിയിലെ നിക്ഷേപങ്ങൾ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ മൊത്തം സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ബി) എത്ര ശതമാനം പലിശ നൽകാമെന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി പണം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ട്രഷറി നിക്ഷേപം ഇനത്തിൽ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം തിരികെ നൽകേണ്ടതായ മൊത്തം തുകയും പലിശയും സംബന്ധിച്ച് വിശദമാക്കാമോ?

## വർഷാവസാന ചെലവുകൾക്ക് വേണ്ടിവരുന്ന തുക

515. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ സാമ്പത്തിക വർഷത്തിൽ മാർച്ച് മാസം ഗവൺമെന്റിനുണ്ടാകുന്ന വർഷാവസാന ചെലവുകൾക്ക് എത്ര തുക വേണ്ടിവരുമെന്നാണു കണക്കാക്കപ്പെടുന്നത്;

(ബി) ഇത്രയും തുക സ്വരൂപിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(സി) ഓവർഡ്രാഫ്റ്റ് ആകാതിരിക്കുവാൻ കൈക്കൊണ്ട മുൻകരുതൽ നടപടികൾ വ്യക്തമാക്കുമോ?

<u>അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് നടപടി</u>

516. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ മാർ ഇവാന്യോസ് കോളേജിൽ നിന്ന് റിട്ടയർ ചെയ്ത സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച് 42037/എഡ്യൂക്കേഷൻ C2/ഫൈനാൻസ് നമ്പർ ഫയലിൽ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്ന വിവരങ്ങളും അഭിപ്രായങ്ങളും വിദ്യാഭ്യാസ വകുപ്പ് ധനകാര്യ വകുപ്പിന് പുനർസമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിനുള്ള ധനകാര്യ വകുപ്പിന്റെ ഫയലിൽ ഉടൻ തീരുമാനമെടുക്കുമോ?

<u>ആസ്തിവികസന ഫണ്ടിൽനിന്നും ഭരണാനുമതി നൽകിയ പദ്ധതികൾ</u>

517. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പദ്ധതികൾക്കായി ആസ്തിവികസന ഫണ്ടിൽനിന്നും 2015 ഫെബ്രുവരി മാസം വരെ ആകെ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തുക ചെലവഴിക്കപ്പെട്ടു എന്ന് വെളിപ്പെടുത്താമോ; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

<u>നികുതിയിളവ്</u>

518. ശ്രീ.മാത്യു റ്റി.തോമസ്
ശ്രീമതി.ജമീല പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നികുതിയിളവ് നൽകിയതു വഴി സംസ്ഥാന ഖജനാവിനു എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങൾക്കാണ് നികുതിയിളവുകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇളവുകൾ മൂലം ഉപഭോക്താക്കൾക്ക് ഏതെങ്കിലും രീതിയിലുള്ള ഗുണം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) അരിയുടെ നികുതി ഒഴിവാക്കിയതു മൂലം ഖജനാവിലേക്കു എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിന്റെ ഗുണഫലം ഉപഭോക്താക്കൾക്ക് ലഭ്യമാകാത്തത് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) സ്വർണ്ണത്തിന്റെ കോമ്പൗണ്ടിങ്ങ് നികുതി എത്ര ശതമാനമാക്കിയാണ് കുറച്ചിട്ടുള്ളത്; ഇതിന് മുൻകാല പ്രാബല്യം നൽകി ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## <u>സംസ്ഥാനത്തെ നികുതി കുടിശ്ശിക</u>

519. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെയുള്ള നികുതി കുടിശ്ശിക എന്തു തുകയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ കോടതി നടപടികൾ, സർക്കാർ നൽകിയ സ്റ്റേ, എന്നിവ മുഖേന കുടിശ്ശികയായ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ബജറ്റിനൊപ്പം നിയമസഭയിൽ സമർപ്പിച്ച പ്രകാരം നികുതി കുടിശ്ശിക എത്രയാണെന്നും ഇതിൽ എന്ത് തുക പിരിച്ചെടുത്തു എന്നും വ്യക്തമാക്കുമോ;

(സി) പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശിക എത്രയാണെന്നും ഇത് ഏതെല്ലാം വകുപ്പകളിൽ നിന്നുമാണ് കിട്ടേണ്ടതെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന നികുതിവരുമാനം എത്രയായിരുന്നെന്നും ഈ ഇനത്തിൽ എത്രകോടി രൂപ ലഭ്യമായെന്നും വ്യക്തമാക്കുമോ?

## സംസ്ഥാനത്തെ നികുതി കുടിശ്ശിക

520. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014 ഡിസംബർ 31 വരെ പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ പിരിച്ചെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഓരോ വകുപ്പിലും പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക ഇനംതിരിച്ച് വിശദമാക്കുമോ?

## സംസ്ഥാനത്തെ പൊതുകടം

521. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിൽ സംസ്ഥാനത്തെ പൊതുകടം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) 2015 ഫെബ്രുവരി മാസം വരെ സംസ്ഥാനത്തെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കാമോ?

## പദ്ധതികളുടെ സമയബന്ധിത നടത്തിപ്പ്

522. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, സി.മമ്മൂട്ടി

,, അബ്ദുറഹിമാൻ രണ്ടത്താണി

,, പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിക്കുന്ന നൂതന പദ്ധതികൾ സമയബന്ധിതമായി, അനുബന്ധ നടപടി ക്രമങ്ങൾ പൂർത്തിയാക്കി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ;

(ബി) പുതിയ പദ്ധതി പ്രഖ്യാപിക്കുമ്പോൾ, നിലവിലുള്ള സമാന പദ്ധതികൾ നിന്നു പോകുന്ന അവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) അത്തരം സാഹചര്യങ്ങളിൽ ആ പദ്ധതിക്കായി മുടക്കിയ പണം പ്രയോജനരഹിതമായിപ്പോകുന്ന അവസ്ഥ ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതൽ

സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

<u>സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി</u>

523. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയോ സാമ്പത്തിക ഞെരുക്കമോ നിലവിലുണ്ടോ ;

(ബി) ഇതുമറികടക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(സി) സാമ്പത്തിക പ്രതിസന്ധി/പ്രയാസം മറികടക്കുന്നതിനായി മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും തങ്ങളുടെ ശമ്പളത്തിൽ നിന്ന് തുക സർക്കാറിലേക്ക് തിരിച്ചു നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നാളിതുവരെയായി എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത തീരുമാനം എടുത്തതിന് ശേഷം ഓരോരുത്തരുടെയും വിദേശയാത്ര, യാത്രാപ്പടി, വീടുകളുടെ അറ്റകുറ്റപ്പണി, പുതിയവാഹനങ്ങൾ എന്നിവക്കായി ഖജനാവിൽ നിന്നും എന്തു തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ?

<u>സർക്കാർ ബാങ്കുകളിലും ട്രഷറിയിലും നിക്ഷേപിച്ചിട്ടുള്ള തുക</u>

524. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ചെലവിടാതെ ബാങ്കുകളിലും ട്രഷറിയിലും നിക്ഷേപിച്ചിട്ടുള്ള പണം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ള തുക എത്ര; മറ്റ് ബാങ്കുകളിൽ സൂക്ഷിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

(സി) ഏതെല്ലാം വർഷങ്ങളിൽ ചെലവഴിക്കേണ്ടിയിരുന്ന പണമായിരുന്നു ഇവയെന്ന് വിശദമാക്കാമോ?

<u>നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ നിന്നും ഒഴിവാക്കിയ നികുതി നിർദ്ദേശങ്ങൾ</u>

525. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ ഏതെല്ലാം നികുതി നിർദ്ദേശങ്ങൾ പിന്നീട് വേണ്ടെന്ന് വയ്ക്കുകയുണ്ടായിട്ടുണ്ട്; അവ

ഏതെല്ലാം;

(ബി) ഈ സർക്കാരിന്റെ കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ ഏതെല്ലാം നികുതികൾ പിന്നീടുള്ള ബഡ്ജറ്റുകൾ വഴി വേണ്ടെന്ന് വയ്ക്കുകയാ, ഭാഗികമാക്കുകയോ, കുറയ്ക്കുകയോ ചെയ്യുകയുണ്ടായിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ ഏതെല്ലാം നിർദ്ദേശങ്ങൾ പിന്നീട് ധനകാര്യ ബില്ലിൽ ഉൾപ്പെടുത്താതിരുന്നിട്ടുണ്ട്; ഏതെങ്കിലും നിർദ്ദേശങ്ങൾ പിന്നീട് ലഘൂകരിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത വരവ് ചെലവ് തുക</u>

526. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിലെ ഓരോ സാമ്പത്തിക വർഷവും താഴെപ്പറയുന്ന ഇനങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരവും എത്രയാണെന്നു വിശദമാക്കാമോ; A. ടാക്സ് ഓൺ ഇൻകം ആന്റ് എക്സ്പെന്റിച്ചർ 1. ടാക്സ് ഓൺ അഗ്രികൾച്ചർ ഇൻകം B.ടാക്സസ് ഓൺ പ്രോപ്പർട്ടി ആൻറ് ക്യാപിറ്റൽ ട്രാൻസാക്ഷൻസ് 1. ലാന്റ് റവന്യൂ 2. സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ 3.പ്രോപ്പർട്ടി ഇതര മറ്റ് നികുതികൾ C. ടാക്സ് ഓൺ കമ്മോഡിറ്റീസ് ആന്റ് സർവ്വീസസ് 1.സ്റ്റേറ്റ് എക്സൈസ് 2.സെയിൽ ടാക്സ് ആന്റ് വാറ്റ് 3.ടാക്സസ് ഓൺ വെഹിക്കിൾസ് 4.ടാക്സസ് ഓൺ ഗുഡ്സ് ആന്റ് പാസഞ്ചേഴ്സ് 5.ടാക്സസ് ഓൺ ഡ്യൂട്ടീസ് ആന്റ് ഇലക്ട്രിസിറ്റി 6.മറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടീസ് ഓരോ വർഷവും മേൽപ്പറഞ്ഞവ ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം ലഭിച്ചു; എത്ര ശതമാനം കുറവുണ്ടായി?

<u>ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ കഴിയാത്തതുമായ പ്രൊജക്ടുകൾ</u>

527. **ശ്രീ.ടി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ കഴിയാത്തതുമായ പ്രധാനപ്പെട്ട പ്രൊജക്ടുകൾ ഏതൊക്കെയാണ് ; വിശദാംശം നൽകുമോ ?

## വിരമിക്കുന്ന സർക്കാർ ജീവനക്കാരുടെ ആനുകൂല്യം നൽകൽ

528. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും എണ്ണം വ്യക്തമാക്കാമോ;

(ബി) ഇവരിൽ 2015, 2016 സാമ്പത്തിക വർഷങ്ങളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാരും അധ്യാപകരും എത്രയെന്നു ലഭ്യമാക്കാമോ;

(സി) വിരമിക്കുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ കമ്മ്യൂട്ടേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും നല്കുന്നതിന് 2015,2016 വർഷങ്ങളിൽ ആവശ്യമായി വരുന്ന ശരാശരി തുക വ്യക്തമാക്കാമോ?

## കേരളത്തിന്റെ കടബാധ്യത - റവന്യൂ വരുമാന അനുപാതം .

529. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കടബാധ്യത - റവന്യൂ വരുമാന അനുപാതം അഖിലേന്ത്യാ ശരാശരിയേക്കാൾ എത്ര ശതമാനം കൂടുതലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക ആസ്തിയുടെ എത്ര ശതമാനം സാമ്പത്തിക ബാധ്യതയുണ്ട് ;

(സി) കട ബാധ്യതയാൽ ഞെരുക്കപ്പെടുന്ന (debt stressed) സംസ്ഥാനമായിട്ടാണോ ഇപ്പോൾ കേരളം പരിഗണിക്കപ്പെടുന്നത് ;

(ഡി) സാമ്പത്തിക ക്രമീകരണത്തിന്റെ ലക്ഷ്യങ്ങളിൽ നിന്നും കേരളം ഇത്രയധികം വ്യതിചലിച്ചു പോകുവാനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

## കരാറുകാർക്ക് നല്കാനുള്ള കുടിശ്ശിക തുക

530. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് എത്ര തുക കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട് ;എത്ര നാളത്തെ കുടിശ്ശിക തുകയാണ് നൽകാനുള്ളത് ;

(ബി) കരാറുകാർക്ക് സർക്കാർ നൽകുന്ന ചെക്കുകൾക്ക് ബാങ്കുകൾ ഡിസ്കൗണ്ട് നൽകുന്ന സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സമ്പ്രദായപ്രകാരം തുക മുൻകൂർ നൽകുന്ന ബാങ്കുകൾ അമിത പലിശ ഈടാക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

നോട്ടെണ്ണൽ യന്ത്രങ്ങൾ വാങ്ങൽ

531. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ സ്ഥാപനങ്ങൾ, ട്രഷറികൾ എന്നിവയ്ക്കായി എത്ര നോട്ടെണ്ണൽ യന്ത്രങ്ങൾ വാങ്ങി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യന്ത്രങ്ങൾ വാങ്ങുന്നതിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്നും അവ ഓരോന്നിനും എത്ര തുക നൽകിയെന്നും വെളിപ്പെടുത്തുമോ;

(സി) ഓരോ യന്ത്രത്തിലും പരമാവധി എത്ര കറൻസിനോട്ടുകൾ എണ്ണാൻ കഴിയുമെന്നും , ഓരോ യന്ത്രവും ഏതൊക്കെ സ്ഥാപനങ്ങൾക്കുവേണ്ടി എവിടെ നിന്നാണ് വാങ്ങിയതെന്നും വിശദമാക്കുമോ ?

പ്രാദേശികമായി മുൻഗണന നൽകേണ്ട ചെറുകിട പ്രവൃത്തികൾ .

532. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശികമായി മുൻഗണന നൽകേണ്ട ചെറുകിട പ്രവൃത്തികൾ തദ്ദേശതലത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് 2014-2015-ലെ ബഡ്ജറ്റിൽ മാറ്റിവച്ച 5 കോടി രൂപയുടെ പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു ; വിശദമാക്കുമോ; ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

മന്ത്രിമാരുടെ വിദേശയാത്ര ചെലവ്

533. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ ഏതൊക്കെ മന്ത്രിമാർക്ക് വിദേശത്ത് പോകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെന്നും, അവരിൽ ഓരോത്തർക്കും വേണ്ടി വിനിയോഗിക്കപ്പെട്ട തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

## കേന്ദ്രസർക്കാർ ഫണ്ട് വിനിയോഗം

534. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കാത്തതുമൂലവും നിശ്ചിത സമയത്ത് ചെലവഴിക്കാൻ കഴിയായത്തതുമൂലവും 2012-13, 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്തിന് നഷ്ടമായതു മൊത്തം എത്ര കോടി രൂപ വീതമാണ് എന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്രം നല്കിയ എത്ര തുക പദ്ധതി നടപ്പാക്കാത്തതുമൂലം തിരികെ നല്കേണ്ടതായി വന്നിട്ടുള്ളത് ; വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ ?

## ധനകാര്യവകുപ്പ് ചെക്കുകൾ

535. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ധനകാര്യ വകുപ്പ് സ്ഥാപനങ്ങൾ, വ്യക്തികൾ, കരാറുകാർ എന്നിവർക്കു നൽകിയ എത്ര തുകയ്ക്കുള്ള ചെക്കുകളാണ് അക്കൗണ്ടിൽ പണമില്ല എന്ന കാരണത്താൽ മടങ്ങിയതെന്നും ആയതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ;

## സർക്കാരിന്റെ ബാധ്യതകൾ

536. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്കും വിവിധ ക്ഷേമ പെൻഷനുകൾക്കുമായി സർക്കാർ കൊടുത്തു തീർക്കേണ്ട കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.റ്റി.സി., കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് മെഡിക്കൽ കോർപ്പറേഷൻ എന്നിവയ്ക്ക് നൽകുവാനുള്ള തുക എത്ര;

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻകാരുടെ കുടിശ്ശിക എത്ര; വിശദമാക്കാമോ;

(ഇ) കർഷകർക്കും, സഹകരണ സംഘത്തിൽ നിന്നും വായ്പയെടുത്തവർക്കും സർക്കാർ

പ്രഖ്യാപിച്ച പലിശ സബ്സിഡി ഇനത്തിൽ കൊടുത്തി തീർക്കാനുള്ള തുകകൾ എത്ര;

(എഫ്) ലാന്റ് അക്വസിഷൻ ഇനത്തിൽ കൊടുത്തു തീർക്കാനുള്ള ബാദ്ധ്യതകൾ എത്ര; വിശദമാക്കാമോ?

## സംസ്ഥാനത്തിന്റെ കടം വർദ്ധന നിരക്ക്

537. പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ കടം വർദ്ധന നിരക്ക് തുകയും ശതമാനവും വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്തിന്റെ കടം എത്രയാണെന്ന് വ്യക്തമാക്കാമോ?

## എക്സ്പെന്റിച്ചർ ഹെഡ്

538. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ എക്സ്പെന്റിച്ചർ ഹെഡ്ഡുകളിൽ വകയിരുത്തപ്പെട്ട തുകയുടെ അൻപത് (50%) ശതമാനത്തിൽ കൂടുതൽ ചെലവഴിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം ഹെഡ്ഡുകളിൽ 60% ത്തിൽ കൂടുതൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ല;

(സി) 70% ത്തിൽ കൂടുതൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ലാത്ത ഹെഡ്ഡുകൾ ഏവ;

(ഡി) ഒരു രൂപ പോലും ചെലവഴിക്കാൻ സാധിച്ചിട്ടില്ലാത്ത ഹെഡ്ഡുകൾ എത്ര?

## സംസ്ഥാനത്തിന്റെ പൊതുകടം

539. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ പണം ട്രഷറിയിൽ നിക്ഷേപിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം ശരിയാണോയെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷേമനിധി ബോർഡുകളിൽ നിന്നുമുള്ള പണവും ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആവശ്യമുന്നയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര കോടി രൂപയാണ് ഇത്തരത്തിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്നത്; ഇതിന് എത്ര

ശതമാനം പലിശയാണ് നല്കുന്നത് ; വിശദാംശം നൽകാമോ?

<u>സംസ്ഥാനത്തിന്റെ ധനക്കമ്മി</u>

540. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനക്കമ്മി സംബന്ധിച്ച് കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് ലഭ്യമാക്കാമോ;

(ബി) 2014 മാർച്ച് 31-ൽ ധനക്കമ്മി എത്രയായിരുന്നുവെന്നും 2015 മാർച്ച് 31-ൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിൽ ധനക്കമ്മി എത്രയായിരിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഈ ധനക്കമ്മി മറികടക്കുവാൻ കേന്ദ്രത്തിൽ നിന്നും എന്തെല്ലാം ധനകാര്യ സഹായങ്ങൾ ആണ് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2014 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; വിശദമാക്കാമോ;

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ നാളിതുവരെ ഓരോ വകുപ്പിനും പ്രത്യേക ഹെഡുകളിലായി ചെലവഴിച്ച തുകയുടെ വിശദാംശവും പൊതുകടത്തിലേക്കുള്ള പലിശയിനത്തിൽ തിരിച്ചടച്ചതുൾപ്പെടെയുള്ള തുകയുടെ വിശദാംശവും ലഭ്യമാക്കാമോ?

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

541. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പ്രതീക്ഷിത നികുതി വരുമാനം എത്രയായിരുന്നു;

(ബി) നികുതി വരുമാനത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയുമോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പദ്ധതിച്ചെലവിനത്തിൽ നടപ്പുസാമ്പത്തിക വർഷം ലക്ഷ്യം കൈവരിക്കുവാൻ കഴിയുമോ?

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

542. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നടപ്പ സാമ്പത്തിക വർഷം പ്രഖ്യാപിച്ച പദ്ധതികളിൽ, സാമ്പത്തിക പ്രതിസന്ധി കാരണം മാറ്റിവച്ചവ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ബജറ്റ് നിർദ്ദേശങ്ങളിലുള്ളതടക്കം, സംസ്ഥാനത്ത് പ്രഖ്യാപിച്ച പദ്ധതികളുടെ പൂർത്തീകരണത്തിനും, പശ്ചാത്തല സൗകര്യ വികസനത്തിനും അധിക വിഭവ സമാഹരണം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

543. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വിശദമാക്കാമോ;

(ബി) 2015 ജനുവരി 31വരെ ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി</u>

544. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015-ൽ സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി എത്രയാണ്;

(ബി) ഈ സാമ്പത്തിക വർഷം ഇതിനോടകം എത്ര തവണ പൊതുവിപണിയിൽ നിന്നും കടമെടുത്തുവെന്നും എപ്പോഴെല്ലാമാണ് കടമെടുത്തതെന്നും ഓരോ തവണയും എത്ര തുകയാണ് കടമെടുത്തതെന്നും വ്യക്തമാക്കുമോ;

(സി) നടപ്പ സാമ്പത്തികവർഷം ഇനി എത്ര തുക കടമെടുക്കുവാൻ കഴിയുമെന്നും ഇനിയും കടമെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>നടപ്പിലാക്കപ്പെട്ട ബഡ്ജറ്റ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത പദ്ധതികൾ</u>

545. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രഖ്യാപനങ്ങളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;. വിശദാംശം ലഭ്യമാക്കുമോ?

## കേന്ദ്രനികുതിയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം

T 546. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രനികുതിയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം 32% ത്തിൽ നിന്ന് 42% ആക്കുമ്പോൾ കേരളത്തിന് ലഭിക്കുന്ന വരുമാന വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2014-15 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും നികുതിയിനത്തിൽ വിഹിതമായി എത്ര തുക ലഭിച്ചു;

(സി) വരുന്ന സാമ്പത്തിക വർഷം (2015-16) എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) കേരളത്തിന്റെ ധനക്കമ്മി എത്രയാണ്; ധനക്കമ്മി പരിഹരിക്കുവാൻ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ എന്ത് സഹായമാണ് പ്രതീക്ഷിക്കുന്നത്;

(ഇ) കേരളത്തിന്റെ ധനക്കമ്മി ഏത് വർഷം പരിഹരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

## സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം

547. ഡോ.ടി.എം.തോമസ് ഐസക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം നിലവിൽ എത്ര ശതമാനമാണ്; 2011-12മുതൽ 2014-15 വർഷം വരെ ഓരോ വർഷവും എത്ര തുക വീതം കേന്ദ്ര നികുതി വിഹിതം ഇനത്തിൽ ലഭിക്കുകയുണ്ടായി; ഓരോ വർഷവും ലഭിച്ച തുക എത്ര കോടി വീതമായിരുന്നു ;

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശയിന്മേൽ കേന്ദ്ര ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെയടിസ്ഥാനത്തിൽ, സംസ്ഥാനത്തിന് ലഭിക്കുമെന്ന് കരുതുന്ന കേന്ദ്ര നികുതി വിഹിതം എത്ര ശതമാനമാണ്; അപ്രകാരം 2015-16 വർഷത്തിൽ ലഭിക്കുമെന്ന് കരുതാവുന്ന കേന്ദ്ര നികുതി വിഹിതം എത്ര കോടിയായിരിക്കും;

(സി) ജി.എസ്.ടി. നടപ്പിലാക്കുമ്പോഴുണ്ടാകുന്ന 2015-16-ലെ നഷ്ടം എത്ര കോടിയായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ?

## **2014 - 15** സാമ്പത്തിക വര്‍ഷത്തെ ബജറ്റ് വിഹിതം

548. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും നിയമവും ഭവനനിര്‍മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2014 - 15 സാമ്പത്തിക വര്‍ഷം ഓരോ വകുപ്പിനും ബഡ്ജറ്റിലൂടെ ചെലവഴിക്കാനായി അനുവദിച്ച തുക എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാന്‍, നോണ്‍പ്ലാന്‍ ഇനത്തില്‍ ഓരോ വകുപ്പും ഇതുവരെ ചെലവഴിച്ച തുക എത്രവീതമാണ് പ്രത്യേകം വ്യക്തമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി കിട്ടിയത് എത്ര വീതമായിരുന്നു; ഇതുവരെ ചെലവഴിക്കപ്പെട്ട തുക എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

## **2014-15** ബജറ്റില്‍ വകുപ്പുകള്‍ക്കായി നീക്കിവച്ച തുക

549. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും നിയമവും ഭവനനിര്‍മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2014-15 ബജറ്റില്‍ ഓരോ വകുപ്പുകള്‍ക്കായി നീക്കി വച്ച തുകയെത്രയെന്ന് വകുപ്പ് തിരിച്ച് നല്‍കുമോ;

(ബി) ഓരോ വകുപ്പിന്റെയും 31-1-2015 വരെയുള്ള ചെലവെത്രയെന്ന് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

## **2014-15** സാമ്പത്തിക വര്‍ഷത്തെ വരവു ചെലവു കണക്കുകള്‍

550. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും നിയമവും ഭവനനിര്‍മാണവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) 2014-15 സാമ്പത്തിക വര്‍ഷം, എത്ര തുകയുടെ വരുമാനവും ചെലവുകളുമാണ് ലക്ഷ്യമിട്ടിരുന്നത് ;ആയതു പ്രകാരം 2015 ജനുവരി 31 വരെ എത്ര തുക ചെലവഴിച്ചു ; എത്ര തുകയുടെ വരുമാനം ലഭിച്ചു ;

(ബി) നിലവില്‍ ഓരോ മാസവും ചെലവുകള്‍ നേരിടുന്നതിന് ശരാശരി എത്ര തുക ആവശ്യമുണ്ടെന്നും ഓരോ മാസവും വരവുകള്‍ ഇനത്തില്‍ ശരാശരി എത്ര തുക കിട്ടുന്നുണ്ടെന്നും ; വ്യക്തമാക്കുമോ ?

(സി) വരുമാനം കുറഞ്ഞത് കാരണം സര്‍ക്കാര്‍ പ്രവര്‍ത്തനങ്ങള്‍ക്കായി ഈ

സാമ്പത്തിക വർഷം ഏതെല്ലാം സ്ഥാപനങ്ങൾ, ബാങ്കുകൾ, രാജ്യാന്തര സ്ഥാപനങ്ങൾ തുടങ്ങിയവകളിൽ നിന്നും എത്ര തുകയുടെ കടം വാങ്ങിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) നടപ്പുവർഷം ഓണം /ക്രിസ്തുമസ് കാലത്ത് ചെലവുകൾക്കായി എന്തു തുക എവിടെ നിന്നെല്ലാം കടമെടുത്തു ;

(ഇ) ഇത്തരത്തിൽ കടമെടുക്കേണ്ട ഗുരുതര സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

## **2014-15** സാമ്പത്തിക വർഷത്തെ നികുതി നിർദ്ദേശങ്ങൾ

551. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ഏതെല്ലാം നികുതി നിർദ്ദേശങ്ങൾ പിന്നീട് വേണ്ടന്ന് വയ്ക്കുകയോ, ലഘൂകരിക്കുകയോ ചെയ്തിട്ടുണ്ട് ; അവ വിശദമാക്കാമോ ;

(ബി) 2014-15 ലെ ധനകാര്യ ബില്ലിൽ സൂചിപ്പിച്ച ഏതെല്ലാം നികുതി നിർദ്ദേശങ്ങൾ വെണ്ടന്ന് വയ്ക്കുകയോ, ലഘൂകരിക്കുകയോ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാം;

(സി) 2014-15 ലെ ധനകാര്യ ബില്ലിലെ ഏതെല്ലാം നികുതി നിർദ്ദേശങ്ങൾ ബില്ല് പരിഗണിച്ച സബ്ജക്ട് കമ്മിറ്റി വേണ്ടെന്ന് വയ്ക്കുകയോ ലഘൂകരിക്കുകയോ കൂട്ടിചേർക്കുകയോ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

## **2014-15** സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്

552. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് സഭ പാസ്സാക്കിയ ബഡ്ജറ്റിലെ നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ എന്തൊക്കെയാണെന്ന് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) നാളിതുവരെ ഭരണാനുമതി നൽകാത്ത നിർദ്ദേശങ്ങൾ ; ഭരണാനുമതി നൽകിയെങ്കിലും നടപ്പിലാക്കിയിട്ടില്ലാത്തവ ; ഖജനാവിൽ നിന്നും നാളിതുവരെ പണം ചെലവഴിക്കപ്പെട്ടിട്ടില്ലാത്തവ ; നടപ്പിലാക്കേണ്ടതില്ലെന്ന് പിന്നീട് തീരുമാനിച്ച നിർദ്ദേശങ്ങൾ ; എന്നിവയുടെ വിശദാംശങ്ങൾ വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ബഡ്ജറ്റ് നിർദ്ദേശത്തെത്തുടർന്ന് നൽകിയ ഭരണാനുമതികൾഎത്ര; 2015

ജനുവരി 1 ന ശേഷം ഭരണാനുമതി നൽകിയവ എത്ര?

**2014-15-**ലെ ബജറ്റിൽ വകകൊള്ളിച്ച തുക

553\. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ ബജറ്റിൽ ഓരോ വകുപ്പിനും പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ വകകൊള്ളിച്ച തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഓരോ വകുപ്പിലും 31.1.2015 വരെ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ ഉണ്ടായ ചെലവിന്റെ ശതമാനം തുകവിവരം സഹിതം വെളിപ്പെടുത്താമോ?

**2014-15-**ൽ വാർഷിക പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള തുക

554\. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ വാർഷിക പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള തുകയെത്രയെന്ന് വികസന മേഖല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ വികസന മേഖലയിലും നാളിതുവരെയുണ്ടായ ചെലവ് എത്രയാണ്; ഓരോ മേഖലയിലും ചെലവാക്കാൻ ബാക്കി എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ?

**2014 -2015** സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുക

555\. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 -2015 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി സംസ്ഥാനത്ത് ഇതുവരെ ചെലവഴിച്ച തുക എത്രയാണ്;

(ബി) ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ചെലവഴിക്കപ്പെട്ടത് എത്രയാണെന്നും തനത് പദ്ധതികൾക്ക് ചെലവഴിക്കപ്പെട്ടത് എത്രയാണെന്നും വ്യക്തമാക്കാമോ?

**2014-2015** ലെ ബഡ്ജറ്റിൽ മാറ്റിവച്ച തുക

556\. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 ലെ ബഡ്ജറ്റിൽ സംസ്ഥാനത്തെ ഓരോ വകുപ്പുകൾക്കും പദ്ധതി ചെലവിനും പദ്ധതിയേതര ചെലവിനും മാറ്റിവച്ച തുക എത്ര വീതമാണ്;

(ബി) ഓരോ വകുപ്പുകൾക്കും പദ്ധതി ചെലവിനത്തിലും പദ്ധതിയേതര ചെലവിനത്തിലും ഇതിനോടകം എത്ര തുക വീതം നൽകിയെന്നു വ്യക്തമാക്കുമോ;

(സി) ഓരോ വകുപ്പുകളും പദ്ധതി ചെലവിനത്തിലും പദ്ധതിയേതര ചെലവിനത്തിലും ഇതിനോടകം എത്ര തുക വീതം ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ?

<u>ദേശീയ സമ്പാദ്യ വകുപ്പിലെ ഒഴിവുകൾ</u>

557. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ വകുപ്പിൽ അഡീഷണൽ ഡയറക്ടറുമാരുടെ എത്ര ഒഴിവുകളുണ്ട്; എ.ഡി., ഡി.ഡി. മാരുടെ എത്ര ഒഴിവുകളുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഒഴിവുകൾ നികത്തുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രമോഷൻ നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ എന്താണ് കാരണം;പ്രമോഷൻ എന്നത്തേയ്ക്ക് നടത്താനാകും എന്ന് വിശദമാക്കാമോ?

<u>ദേശീയ സമ്പാദ്യപദ്ധതിയുടെ പ്രവർത്തനങ്ങൾ</u>

558. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ തസ്തിക തിരിച്ചും ജില്ല തിരിച്ചുമുള്ള എണ്ണം വ്യക്തമാക്കുമോ;

(സി) വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>കേരള സോപ്പ് ആൻഡ് ഒയിൽസ് - ന്റെ നികുതി കിഴിവുകൾ</u>

559. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സോപ്പ് ആൻഡ് ഒയിൽസ് , അതിന്റെ ഉൽപ്പന്നങ്ങൾക്ക് 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നികുതി കിഴിവുകൾ ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ്; വ്യക്തമാക്കുമോ?

<u>ചരക്ക് സേവന നികുതി സമ്പ്രദായം</u>

560. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. (ചരക്ക് സേവന നികുതി) സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ വരുമാനത്തെ ഏതെല്ലാം നിലയിൽ സ്വാധീനിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന് ഉണ്ടാവുന്ന നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ ; അത് സംബന്ധമായി നടത്തിയ പരിശോധനയും നിഗമനങ്ങളും വിശദമാക്കുമോ ?

<u>നികുതി പിരിവ്</u>

561. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം എത്ര തുക നികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ തീരുമാനിച്ചു; ആയതിന്റെ അടിസ്ഥാനത്തിൽ 2015 ജനുവരി 31 വരെ എത്ര തുക പിരിച്ചെടുക്കുവാൻ സാധിച്ചു; വിൽപന നികുതി, കാർഷികാദായ നികുതി എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം നികുതി പിരിവിൽ വന്ന ഗുരുതര ചോർച്ചയും ചെക്ക് പോസ്റ്റുകളിൽ വ്യാപിച്ചു വരുന്ന കെടുകാര്യസ്ഥതയും അഴിമതിയും മൂലം നികുതി പിരിവിൽ സ്തംഭനം വന്നിട്ടുള്ളതായി കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം നികുതി പിരിവിലെ ഗുരുതര വീഴ്ചകൾ കണ്ടെത്തുവാൻ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ കണ്ടെത്തലുകൾ വഴി 2015 ജനുവരി 31 വരെ എത്ര തുക നികുതി വെട്ടിപ്പ് കണ്ടെത്തി ഖജനാവിലേയ്ക്ക് സമാഹരിക്കുവാൻ കഴിഞ്ഞു; വിശദാംശം വ്യക്തമാക്കാമോ?

<u>നികുതി സ്റ്റേ</u>

562. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പാലാ, തൊടുപുഴ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, ഇടുക്കി, ഇരിങ്ങാലക്കട, പൂഞ്ഞാർ, കോതമംഗലം, കടുത്തുരുത്തി എന്നീ നിയമസഭാ മണ്ഡലങ്ങളിലെ, വിവിധ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് നികുതി സ്റ്റേ അനുവദിച്ചതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനം

563. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനത്തിൽ എത്ര കോടി രൂപയുടെ കുറവ് മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനം

564. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ ചെക്ക് പോസ്റ്റുകളിലൂടെയുള്ള നികുതി വരുമാനം എത്രയാണെന്ന് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) 2014-15 വർഷത്തിൽ ഫെബ്രുവരി മാസം അവസാനം വരെ പ്രസ്തുത ഇനത്തിലുള്ള വരുമാനം എത്രയാണെന്ന് വിശദമാക്കാമോ ;

(സി) നികുതി വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ ?

റബ്ബർ വിപണനവുമായി ബന്ധപ്പെട്ട് നികുതി വരുമാനം

565. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിപണനവുമായി ബന്ധപ്പെട്ട് ഒരു വർഷം ശരാശരി ലഭിക്കുമായിരുന്ന നികുതി വരുമാനം എത്രയാണ്; നടപ്പ് വർഷം ലഭിച്ചത് എത്ര;

(ബി) കഴിഞ്ഞ പത്ത് വർഷം റബ്ബറുമായി ബന്ധപ്പെട്ട് ലഭിച്ച നികുതി വരുമാനം മൊത്തം എത്ര കോടി രൂപ വീതമായിരുന്നു; കണക്കുകൾ വിശദമാക്കാമോ?

## ഡീസലിനും പെട്രോളിനും നികുതി വർദ്ധനവ്

566. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനത്തെ ഒരു വർഷത്തിനിടയിൽ ഡീസലിനും പെട്രോളിനും എത്ര തവണ നികുതി വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നികുതി വർദ്ധനവ് എപ്പോഴൊക്കെയാണ് വരുത്തിയിട്ടുള്ളത് എന്നും ഇതിൽ ഓരോ പ്രാവശ്യത്തെ വർദ്ധനവ് കൊണ്ട് എത്ര രൂപ നികുതി ഇനത്തിൽ ലഭ്യമായിട്ടുണ്ട് എന്നും പ്രത്യേകം വിശദമാക്കാമോ?

## സംയോജിത ചെക്ക്പോസ്റ്റ് സമ്പ്രദായം

567. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ വെയിംങ് ബ്രിഡ്ജ് സംവിധാനമുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) വെയിംങ് ബ്രിഡ്ജുകൾ ഇല്ലാത്ത ചെക്ക് പോസ്റ്റുകളിൽ അവ സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ ഓരോ ചെക്ക് പോസ്റ്റുകളിലും അനുവദിക്കപ്പെട്ടിട്ടുള്ള ഇൻസ്പെക്ടർമാരുടെ എണ്ണം എത്രയെന്നും നിലവിൽ എത്രപേർ വീതം സേവനം അനുഷ്ഠിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) വാളയാർ ചെക്ക്പോസ്റ്റിൽ സംയോജിത ചെക്ക്പോസ്റ്റ് സമ്പ്രദായത്തിന്റെ പൈലറ്റ് പദ്ധതി നടപ്പിലാക്കുമെന്ന കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ഇ) സംസ്ഥാനത്തെ മുഴുവൻ വാണിജ്യനികുതി ചെക്ക് പോസ്റ്റുകളിലും സംയോജിത ചെക്ക്പോസ്റ്റ് സമ്പ്രദായം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

## സ്വർണ്ണ വില്പനയിലൂടെ ലഭിച്ച നികുതി വരുമാനം .

568. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര കിലോഗ്രാം സ്വർണ്ണ വില്പന നടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; 2010-11 മുതൽ 2014-15 വരെയുള്ള സ്ഥിതിവിവരക്കണക്കുകളുടെയടിസ്ഥാനത്തിൽ ഓരോ വർഷവും നടന്ന സ്വർണ്ണ വില്പനയുടെ മൊത്തം കണക്കുകൾ വെളിപ്പെടുത്താമോ;

(ബി) സ്വർണ്ണ വില്പനയിലൂടെ 2010-11 മുതൽ 2014-15 വരെ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം എത്ര;

(സി) 2010 ഡിസംബർ അവസാനം ഒരു പവൻ സ്വർണ്ണത്തിന് വില എത്രയായിരുന്നു; അതിപ്പോൾ എത്രയായി ഉയർന്നിട്ടുണ്ട്;

(ഡി) സ്വർണ്ണവില്പന വിലയും, വില്പന വർദ്ധനയും നികുതി വരുമാനത്തിൽ പ്രതിഫലിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഇ) 2010-11 ൽ സംസ്ഥാനത്ത് എത്ര സ്വർണ്ണ വ്യാപാര സ്ഥാപനങ്ങൾ ഉണ്ടായിരുന്നു; അതിപ്പോൾ എത്രയാണ്?

## ഓൺലൈൻ കച്ചവടസ്ഥാപനങ്ങളുടെ നികുതി വെട്ടിപ്പ്

569. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ കച്ചവടസ്ഥാപനങ്ങൾ നികുതി നൽകാതെ സംസ്ഥാനത്ത് നടത്തിവരുന്ന അനധികൃത കച്ചവടങ്ങൾക്കെതിരെ നിയമസഭയിൽ ഉയർന്നുവന്ന ആക്ഷേപങ്ങളെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇടപാടുകൾ നടത്തിയ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ വാണിജ്യ നികുതി വകുപ്പ് പിഴ ചുമത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്; ഏതെല്ലാം സ്ഥാപനത്തിൽ നിന്ന് ഇതിനകം പിഴ ഈടാക്കാൻ സാധ്യമായി; വിശദമാക്കുമോ;

(സി) രജിസ്ട്രേഷൻ ഇല്ലാതെ വർഷങ്ങളായി നികുതി വെട്ടിപ്പ് നടത്തി വ്യാപാരം നടത്തി വന്നിരുന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കാൻ വൈകിയതിന്റെ കാരണം വെളിപ്പെടുത്താമോ?

## മൈദമാവിന് നികുതി ഇളവ് .

570. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 - 15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ മൈദമാവിന് നികുതിയിനത്തിൽ എത്ര ശതമാനമാണ് ഇളവു നൽകിയത് എന്നു വ്യക്തമാക്കുമൊ;

(ബി) 2013 - 14 സാമ്പത്തിക വർഷത്തിൽ മൈദമാവിന് സംസ്ഥാനത്ത് എത്ര ശതമാനം തീരുവയാണ് നിലവിലുണ്ടായിരുന്നത് എന്നു വ്യക്തമാക്കുമൊ;

(സി) 2013 - 14 ലെ തീരുവയിൽ നിന്ന് 2014 - 15 ൽ എന്തെങ്കിലും കുറവു വരുത്തിയിട്ടുണ്ടെങ്കിൽ ആയതു കാരണം എത്ര തുകയുടെ നഷ്ടം സംസ്ഥാന ഖജനാവിനുണ്ടായി എന്നു വിശദമാക്കുമൊ?

## പെട്രോളിയം ഉല്പന്നങ്ങളുടെ മേലുള്ള നികുതി .

571\. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റെയും ഡീസലിന്റെയും ആഭ്യന്തര വില കൂട്ടാനുള്ള എണ്ണ കമ്പനികളുടെ തീരുമാനം സംസ്ഥാനത്ത് 2013-14, 2014-15 എന്നീ സാമ്പത്തിക വർഷത്തിൽ വിലയിലുണ്ടാക്കിയ വർദ്ധനവ് ലിറ്റർ ഒന്നിന് എത്ര രൂപ വീതമാണ്;

(ബി) ജനങ്ങളുടെ മേൽ ഏല്പിച്ച ഈ വർദ്ധനവിന് ആനുപാതികമായ, സംസ്ഥാന നികുതി വേണ്ടന്ന തീരുമാനം എടുത്തിട്ടുണ്ടോ;

(സി) സംസ്ഥാന ഗവൺമെന്റ് ഈ വർഷം എത്ര തവണ പെട്രോളിന്റെയും ഡീസലിന്റെയും നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്; ഇപ്പോൾ അടയ്ക്കുന്ന നികുതി എത്ര ശതമാനമാണ്;വ്യക്തമാക്കുമോ;

(ഡി) 2013-14, 2014-15 എന്നീ സാമ്പത്തിക വർഷത്തിൽ പെട്രോളിയം ഉല്പന്നങ്ങളുടെ മേലുള്ള നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്ര കോടി രൂപ വീതമാണ്; വിശദമാക്കാമോ; ?

(ഇ) പ്രതിവർഷം പെട്രോളിയം ഉല്പന്നങ്ങളുടെ ഉപഭോഗത്തിന് എത്ര ശതമാനം കണ്ട് വർദ്ധന അനുഭവപ്പെടുന്നുണ്ട്; സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കുമോ

## സ്വർണ്ണം, വെള്ളി, വജ്രം വില്പന ഇനത്തിൽ നികുതി വരുമാനം

572\. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണം, വെള്ളി, വജ്രം തുടങ്ങിയവ വിപണനം ചെയ്യുന്ന എത്ര ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) സ്വർണ്ണം, വെള്ളി, വജ്രംതുടങ്ങിയ വില്പന ഇനത്തിൽ സർക്കാരിന്റെ നികുതി വരുമാനം സംബന്ധിച്ച കഴിഞ്ഞ നാല് വർഷത്തെ കണക്കുകൾ വെളിപ്പെടുത്താമോ;

(സി) ജ്വല്ലറിയുടെ എണ്ണത്തിലെയും വ്യാപാരത്തിലെയും വർദ്ധനയ്ക്കനുസൃതമായി നികുതി വരുമാനം വർദ്ധിക്കാതിരുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തെ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രതിദിനം സംസ്ഥാനത്ത് എത്ര കിലോഗ്രാം സ്വർണ്ണം വില്പന നടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ

(ഇ) സംസ്ഥാനത്ത് നടക്കുന്ന സ്വർണ്ണ വ്യാപരത്തിലൂടെ യഥാർത്ഥത്തിൽ ലഭിക്കേണ്ടുന്ന നികുതിയിൽ നല്ലൊരുപങ്കും ചോർന്നു പോകുന്നതായി സർക്കാരിനറിയാമോ; ഈ രംഗത്ത് നികുതി പിരിവ് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ

## സ്വർണ്ണത്തിന്റെ വില്പന നികുതി

573. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ വില്പന നികുതി വരവിൽ ഈ സാമ്പത്തിക വർഷം കുറവു വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ വ്യാപകമായ നികുതി വെട്ടിപ്പു നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് നികുതി വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തുവാൻ സാധിച്ചിട്ടുള്ളത്;

(ഇ) ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## കോഴിക്കടത്തിലൂടെ നികുതി വെട്ടിപ്പ്

574. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോഴിയിറച്ചിയുടെ ഉപഭോഗം വർദ്ധിച്ചു വരുന്നതായി അറിയാമോ; സംസ്ഥാനത്തേയ്ക്ക് കടത്തുന്ന കോഴിയുടെ നികുതി വരുമാനത്തിൽ ഇത് പ്രതിഫലിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ബി) ഇറച്ചികോഴി ഇനത്തിൽ 2010 -11 മുതൽ 2014 -15 വരെ ഓരോ വർഷവും ലഭിച്ച നികുതി വരുമാനം എത്രയാണെന്ന് വിശദമാക്കാമോ;

(സി) കോഴിക്കടത്തിലൂടെ നികുതി വെട്ടിക്കാൻ ശ്രമിച്ചവർക്കെതിരെ നിലവിൽ എത്ര

കേസുകൾ ഉണ്ട്; ഇവയുടെ ചുമത്തപ്പെട്ട നികുതി നിലവിൽ എത്ര ;

(ഡി) സെയിൽടാക്സ് സ്ക്വാഡ് പ്രവർത്തനത്തിലൂടെ കണ്ടെത്തപ്പെട്ട കോഴിക്കടത്ത് നികുതിവെട്ടിപ്പ് കേസുകൾ എത്ര; എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പുകൾ നടപ്പ് വർഷം കണ്ടെത്തി;

(ഇ) നികുതി വെട്ടിപ്പ് കേസുകളിൽ സർക്കാർ ഭാഗം തുടർച്ചയായി പരാജയപ്പെടുന്നതിന്റെ കാരണമെന്താണ്?

<u>നൂറനാട് ട്രഷറിക്ക് കെട്ടിടം .</u>

575. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നൂറനാട് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കുമോ;

(സി) അടിയന്തരമായി ട്രഷറി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ട്രഷറി സേവിംഗ്സ് ബാങ്ക് നിക്ഷേപം</u>

576. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാറിന്റെ ട്രഷറി സേവിംഗ്സ് ബാങ്കിൽ നിലവിൽ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടെന്ന് വ്യക്തമാക്കാമോ; അതിൽ സ്ഥിരനിക്ഷേപം എത്ര; ഇതിൽ പൊതുജനങ്ങളുടേത് എത്ര; സഹകരണ സ്ഥാപനത്തിൽ നിന്നുള്ളവ എത്ര; ബോർഡുകളിലും കോർപ്പറേഷനുകളിലും നിന്നും ഉള്ളവ എത്ര; ഇതിലൊന്നും പെടാത്തവ എത്ര; വിശദമാക്കാമോ;

(ബി) നിലവിലുള്ള നിക്ഷേപങ്ങൾക്ക് പലിശ ഇനത്തിൽ നല്കാൻ ബാധ്യതപ്പെട്ട തുക എത്രയാണെന്ന് വിശദമാക്കാമോ?

<u>പഴയങ്ങാടി ട്രഷറി കെട്ടിട നിർമ്മാണം</u>

577. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ 27.1.2011 ന് ഭരണാനുമതി ലഭിച്ച് ഇൻകെലിനെ എല്പിച്ച പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം ഇപ്പോൾ ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ട്രഷറി കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?

## കുന്നമംഗലം സബ് ട്രഷറി

578. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമംഗലത്ത് പുതിയ സബ് ട്രഷറി പ്രവർത്തനമാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) സബ് ട്രഷറി ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ; ജീവനക്കാരെ പുനർ വിന്യാസത്തിലൂടെ എവിടെ നിന്നെല്ലാമാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## പയ്യന്നൂർ, ചെറുപുഴ സബ് ട്രഷറി ഓഫീസിന് കെട്ടിടം

579. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സബ് ട്രഷറി ഓഫീസിനു സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം

580. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് വന്നതിനു ശേഷം പുതിയ ട്രഷറി കെട്ടിടനിർമ്മാണങ്ങൾ ആരംഭിച്ച് പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ ജില്ലയിലെ ഏതൊക്കെ ട്രഷറി കെട്ടിടങ്ങളാണെന്ന് അറിയിക്കുമോ;

(ബി) കൊല്ലം ജില്ലയിലെ ചാത്തന്നൂർ പ്രവർത്തിക്കുന്ന സബ്ട്രഷറി കെട്ടിടം മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്ക് ഭൂമി സൗജന്യമായി ലഭിച്ചിരുന്നുവോ; എങ്കിൽ എത്ര

സെന്റ് ഭൂമി എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോ; ഇല്ലായെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) NH റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ചാത്തന്നൂരിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സബ്ട്രഷറി കെട്ടിടം പൊളിച്ച് മാറ്റേണ്ട സ്ഥിതിവിശേഷം ഉണ്ടെന്നകാര്യം പരിഗണിച്ച് പുതിയ കെട്ടിടം നിർമ്മിക്കുവാൻ സന്നദ്ധമാകുമോ?

## തൃക്കരിപ്പൂരിൽ അനുവദിച്ച സബ് ട്രഷറി

581. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂരിൽ അനുവദിച്ച സബ് ട്രഷറി പ്രവർത്തനം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാൻ തയ്യാറായിട്ടും പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ലന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(സി) സബ് ട്രഷറി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

## കേരള സംസ്ഥാന ലോട്ടറി സമ്മാനത്തുക.

582. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലോട്ടറി വകുപ്പ് ഏതൊക്കെ പേരുകളിലായി എത്ര വിഭാഗം ലോട്ടറി ടിക്കറ്റുകളാണ് സംസ്ഥാനത്ത് വിറ്റഴിക്കുന്നത്; ഓരോ ലോട്ടറിയുടെയും പേരും ടിക്കറ്റ് വിലയും സമ്മാനത്തുകയും എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കാത്തതിനാൽ സമ്മാനത്തുക നൽകാതിരുന്ന വകയിൽ കഴിഞ്ഞ 3 വർഷമായി സർക്കാരിന് എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സമ്മാനാർഹമായ ടിക്കറ്റ് ഹാജരാക്കിയാൽ എത്ര നാളുകൾക്കുള്ളിൽ ജേതാവിന് തുക ലഭിക്കാറുണ്ട്; ക്ലെയിം ചെയ്തിട്ടും ഇതുവരെ പണം വിതരണം ചെയ്യാത്ത എത്ര കേസ്സുകൾ ഇപ്പോൾ പെൻഡിംഗിലുണ്ട്; എത്ര തുകയാണ് ഇങ്ങനെ വിതരണം ചെയ്യാതിരിക്കുന്നത്; ഇത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സമയബന്ധിതമായി സമ്മാന തുക വിതരണം ചെയ്യുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>കാരുണ്യ പദ്ധതി പ്രകാരമുള്ള ചികിത്സാ ചെലവ് കുടിശ്ശിക</u>

583. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി പ്രകാരം രോഗികൾക്ക് ചികിത്സ ലഭ്യമാക്കിയ ആശുപത്രികൾക്ക് ചികിത്സാ ചെലവ് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എന്നു മുതൽക്കാണ് തുക കുടിശ്ശികയായത് ;

(ബി) ഏതെല്ലാം ആശുപത്രികൾക്ക് എന്ത് തുക വീതം നൽകാനുണ്ടെന്ന് അറിയിക്കാമോ;

(സി) ലോട്ടറി ടിക്കറ്റ് വിൽപന വഴി സർക്കാരിന് ലഭിച്ച പണം ചികിത്സ നൽകിയ ആശുപത്രികൾക്ക് യഥാസമയം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

(ഡി) കാരുണ്യാ ലോട്ടറിയിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ഇതിന്റെ ചെലവിലേക്കായി വിനിയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>കാരുണ്യ ബനവലന്റ് ഫണ്ട്</u>

584. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നും ആലപ്പുഴ ജില്ലയിൽ നാളിതുവരെ ചികിത്സാ സഹായം ലഭ്യമായവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രത്യേക അനുമതിയോടുകൂടി കെ. ബി . എഫ് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചവരുടെ വിശദാംശങ്ങൾ (ആശുപത്രിയുടെ വിവരങ്ങൾ ഉൾപ്പെടെ) ലഭ്യമാക്കുമോ ;

(സി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി അനുമതി നൽകാത്ത അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഇ) സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ ഘടന, അംഗങ്ങളുടെ വിശദാംശങ്ങൾ, മാനദണ്ഡം, യോഗ്യത എന്നിവ വിശദമാക്കുമോ ?

<u>കാരുണ്യ ബനവലന്റ് ഫണ്ട് കരാർ നിയമനങ്ങൾ</u>

585. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിന്റെ പ്രവർത്തിന് കരാർ അടിസ്ഥാനത്തിലും, എംപ്ലോയ്മെന്റ് മുഖാന്തിരവും നടത്തിയിട്ടുളള നിയമനങ്ങൾ ഏതൊക്കെയെന്നു വിശദമാക്കുമോ;

(ബി) ഈ തസ്തികകളിലെ നിയമനങ്ങൾ PSC യ്ക്ക് വിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) കരാറടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുളള ലെയ്സൺ ഓഫീസർമാരെ സ്ഥിരപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പ് സർക്കാർ തലത്തിൽ തിരുമാനിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കാരുണ്യ ബെനവലെന്റ് സ്കീം -സഹകരണ സ്വകാര്യ ആശുപത്രികൾക്ക് നല്കുന്ന ഫണ്ട്

586. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലെന്റ് സ്കീമിൽ ഉൾപ്പെട്ട സഹകരണ -സ്വകാര്യ ആശുപത്രികളിലെ രോഗികൾക്ക് നൽകിയ ചികിത്സയുടെ ക്ലെയിം ഫയലുകളിൽ എത്ര സമയത്തിനകമാണ് ഫണ്ട് നൽകാൻ സംവിധാനമുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) 2014 ഡിസംബർ 31 വരെ ഏത്ര രൂപയുടെ ഫണ്ടാണ് സഹകരണ-സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ളത് എന്ന് വിശദമാക്കുമോ;

(സി) അവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കാരുണ്യ ബെനവലെൻറ് ഫണ്ട്

587. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലെൻറ് ഫണ്ട് ലഭിക്കുന്നതിനുവേണ്ടി ശ്രീ. സുകു, പാടത്ത് കാപ്പുമ്മൽ, പേരാമ്പ്ര പി.ഒ, കോഴിക്കോട് എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചുവെന്നും എപ്പോൾ വിതരണം ചെയ്യുമെന്നും അറിയിക്കുമോ?

## സർക്കാർ ലോട്ടറികളുടെ പ്രചാരണം

588. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ലോട്ടറിക്ക് പത്രമാധ്യമങ്ങളിലുടെയും ചാനലുകളിലുടെയുമുള്ള പരസ്യങ്ങൾ നൽകുന്നത് നിർത്തലാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ലോട്ടറികളുടെ വിപണനത്തിൽ പരസ്യം നൽകുന്ന സ്വാധീനം ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ ലോട്ടറികളുടെ വിപണനത്തിൽ ഉണ്ടാകുന്ന കുറവ് സ്വകാര്യ, ഓൺലൈൻ ലോട്ടറികളെയും ഒറ്റനമ്പർ ലോട്ടറി വിഭാഗത്തിനും സഹായകരമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാർ ലോട്ടറികളുടെ പ്രചാരണത്തിനായി കൂടുതലായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

## ഗില്ല്യൻ ബാരി സിൻഡ്രോം രോഗികൾക്ക് കാരുണ്യ ചികിത്സാ സഹായം

589. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗില്ല്യൻ ബാരി സിൻഡ്രോം ബാധിച്ച വ്യക്തികൾക്ക് കാരുണ്യ ചികിത്സാ സഹായ പദ്ധതിയിലൂടെ ധനസഹായം നൽകുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഗില്ല്യൻ ബാരി സിൻഡ്രോം ബാധിച്ച വ്യക്തികളെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

## കാരുണ്യാ പദ്ധതി

590. ശ്രീ.തോമസ് ഉണ്ണിയാടൻ

,, മോൻസ് ജോസഫ്

,, സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ പദ്ധതിയുടെ നടത്തിപ്പിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ നൽകിവരുന്ന തുകയ്ക്ക് പുറമെ ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ

തേടുന്നവർക്ക് അധിക ധനസഹായം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) കാരുണ്യാ പദ്ധതി വിപുലീകരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ ?

## കാരുണ്യാ ചികിത്സാ പദ്ധതി

591\. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ചികിത്സാ പദ്ധതിയിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) കാരുണ്യാ ബെനവലെന്റ് ഫണ്ടിൽ നിന്നുമുള്ള ധനസഹായം രോഗികൾക്ക് നേരിട്ടു നൽകുന്നതിനെ കുറിച്ച് ആലോചിക്കുന്നുണ്ടോ ;

(സി) കാരുണ്യാ ചികിത്സാ ധനസഹായം അനുവദിക്കുമ്പോൾ എം.എൽ.എ. മാർ നൽകിയിരിക്കുന്ന ശിപാർശയാണെങ്കിൽ അനുവദിക്കുന്ന തുകയുടെ വിവരം എം.എൽ.എ. മാരെ കൂടി അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## ലോട്ടറിരംഗത്തെ കർമ്മപദ്ധതികൾക്കായി-കമ്മീഷൻ

592\. ശ്രീ.സി.പി.മുഹമ്മദ്

,, കെ.ശിവദാസൻ നായർ

,, വർക്കല കഹാർ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറിരംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യകാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്നതിനുമുള്ള നടപടി കമ്മീഷന്റെ അന്വേഷണ പരിധിയിൽ

ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാകുമോ ;

(ഇ) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് എന്ന് ലഭ്യമാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കെ.എസ്.എഫ്.ഇ. യിലെ ജീവനക്കാരുടെ പെൻഷൻ പ്രായം</u>

593. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കെ.എസ്. എഫ്. ഇ. യുടെ നിശ്ചിത പെൻഷൻ പ്രായം കഴിഞ്ഞിട്ടും സർവ്വീസിൽ തുടരുന്ന ജീവനക്കാരെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; ബ്രാഞ്ച് തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രായപരിധി കഴിഞ്ഞിട്ടും ജീവനക്കാരെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വിശദമാക്കാമോ?

<u>കെ.എസ്.എഫ്.ഇ.യിൽ വിരമിക്കൽ പ്രായം കഴിഞ്ഞ ജീവനക്കാർക്ക് ജോലി.</u>

594. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ വിരമിക്കൽ പ്രായം കഴിഞ്ഞ ജീവനക്കാർ ജോലിയിൽ തുടരുന്നതിനാൽ, നിയമനം കാത്തു പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സാദ്ധ്യതകളെ ഇത് തടസ്സമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർ ഏതെല്ലാം ഓഫീസുകളിൽ ഇത്തരത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിരമിച്ചിട്ടും സർവ്വീസ് തുടരുന്ന ജീവനക്കാർക്ക് എന്ത് പുനരധിവാസ പദ്ധതിയാണ് കെ.എസ്.എഫ്.ഇ നടപ്പാക്കുന്നത്; അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണ്; വിരമിച്ച ജീവനക്കാരുടെ സേവനം ഉപയോഗിക്കുന്നതുകൊണ്ട് മറ്റ് ജീവനക്കാർക്ക് അർഹതപ്പെട്ട പ്രമോഷൻ നഷ്ടപ്പെടുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇതിനകം എത്ര ജീവനക്കാർക്ക് പ്രമോഷൻ നഷ്ടമായിട്ടുണ്ട്;

(സി) കമ്പനീസ് ആക്ടിന് വിരുദ്ധമായി കുടിശ്ശിക പിരിക്കുന്നതിന് കെ.എസ്.എഫ്.ഇ വൈസ് ചെയർമാന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻകാലങ്ങളിൽ ഈ അധികാരം ആരാണ് നിർവ്വഹിച്ചിരുന്നത്; എം.ഡിയ്ക്ക് ഇപ്പോൾ ഇതിൽ എന്ത് അധികാരമാണുള്ളതെന്നും വെളിപ്പെടുത്തുമോ;

## സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

595. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്തെല്ലാം ഇൻഷ്വറൻസ് പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇൻഷ്വറൻസ് പദ്ധതിയിലെ വരിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകി വരുന്നത് എന്ന് വിശദമാക്കുമോ;

(സി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

## സർക്കാർ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്

T 596. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് ചെലവഴിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തോടൊപ്പം ഒരു സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളെയും കൂടി ഉൾപ്പെടുത്തി സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മുദ്രപത്രങ്ങളുടെ ലഭ്യത കുറവ്

597. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ തുകയ്ക്കുള്ള മുദ്രപത്രങ്ങൾക്ക് മലബാർ പ്രദേശത്ത് ക്ഷാമം നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരം മുദ്രപത്രങ്ങളുടെ ലഭ്യത കുറവ് മൂലം വിദ്യാർത്ഥികളും രക്ഷിതാക്കളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ദൂരീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലാ ട്രഷറിയിൽ നിന്നും ഏതെല്ലാം തുകയ്ക്കുള്ള മുദ്രപത്രങ്ങൾക്കാണ് 2014 നവംബർ മുതൽ 2015 മാർച്ച് വരെ ഇന്റന്റ് നൽകിയിട്ടുള്ളതെന്ന്

വിശദമാക്കാമോ?

<u>ലീഗൽ സർവ്വീസ് അതോറിറ്റികൾ</u>

598. ശ്രീ.എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, ആർ . സെൽവരാജ്

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ;പ്രസ്തുത അതോറിറ്റികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ബി) അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസുകൾക്ക് അന്തിമതീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ നടത്തിയ അദാലത്തുകൾ,അന്തിമ തീർപ്പ് കൽപ്പിച്ച കേസുകൾ എന്നിവ എത്രയെന്ന് വെളിപ്പെടുത്താമോ?

<u>സംസ്ഥാന - കേന്ദ്ര നിയമങ്ങളുടെ പേര് ഉൾപ്പെടുത്തിയ ലിസ്റ്റ്</u>

599. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള സംസ്ഥാന ,കേന്ദ്ര നിയമങ്ങളുടെയെല്ലാം പേര് ഉൾപ്പെടുത്തിയ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ?

<u>ഭവന നിർമ്മാണ ബോർഡ് വഴിയുള്ള വായ്പ</u>

600. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഭവന നിർമ്മാണ ബോർഡ് വഴി വായ്പ എടുത്ത എത്ര പേരുടെ വായ്പകളാണ് എഴുതിത്തള്ളിയത്; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഭവന നിർമ്മാണ ബോർഡ് വഴി വായ്പ എടുത്ത് സാമ്പത്തിക പ്രയാസവും കുടുംബ സാഹചര്യങ്ങളും മൂലം കുടിശ്ശികയായി ജപ്തി ഭീഷണി നേരിടുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടികൾ

സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## ഗൃഹശ്രീ ഭവന പദ്ധതി

601. ശ്രീ.എം.പി.വിൻസെൻറ്

,, ലൂഡി ലൂയിസ്

,, ടി.എൻ. പ്രതാപൻ

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം ആരെയാണ് ഏൽപ്പിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിക്ക് ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത് ;ഇതിൽ സർക്കാർ സബ്സിഡി എത്രയാണ് ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേയ്ക്കാണ് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ?

## ഹൗസിംഗ് ഫിനാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

602. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, പാലോട് രവി

,, ലൂഡി ലൂയിസ്

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൗസിംഗ് ഫിനാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത കോർപ്പറേഷൻ രൂപീകരണത്തിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പാർപ്പിട വികസനത്തിന് സഹായകമാകുംവിധം പ്രസ്തുത കോർപ്പറേഷനെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ ?

## അഫോർഡബിൾ ഹൗസിംഗ് സ്കീം

603. ശ്രീ.ആർ . സെൽവരാജ്

,, വർക്കല കഹാർ

,, പി.എ.മാധവൻ

,, സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഫോർഡബിൾ ഹൗസിംഗ് സ്കീമിനു രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കീം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എല്ലാവർക്കും ഭൂമി, വീട് എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സ്കീമിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

## എല്ലാവർക്കും വീട് പദ്ധതി

604. ശ്രീ.വർക്കല കഹാർ

,, ആർ . സെൽവരാജ്

,, എം.എ. വാഹീദ്

,, ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും വീട് എന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## സംസ്ഥാനത്തെ ചെറുകിട വ്യവസായ വളർച്ച

605. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, ഡൊമിനിക് പ്രസന്റേഷൻ

,, ടി.എൻ. പ്രതാപൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ചെറുകിട വ്യവസായ വളർച്ചയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നേട്ടങ്ങൾ കരസ്ഥമാക്കാൻ ഈ സർക്കാറിന്റെ കാലത്ത് എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുതമേഖലയിൽ എന്തെല്ലാം ഊന്നലുകളാണ് ഈ സർക്കാർ നൽകിയത് എന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര ശതമാനം വളർച്ചാനിരക്കാണ് പ്രസ്തുത മേഖലയിൽ കൈവരിച്ചത് എന്ന് വ്യക്തമാക്കാമോ ?

## അരീക്കരക്കുന്ന് മെഡിസിറ്റി പദ്ധതി

606. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ അരീക്കരക്കുന്ന് കേന്ദ്രമായ മെഡിസിറ്റി പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത മെഡിസിറ്റി നിർമ്മാണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത മെഡിസിറ്റി ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജ്

607. ശ്രീ.പി.എ.മാധവൻ

,, കെ.ശിവദാസൻ നായർ

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ഐ.ഡി.സി. എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്എന്ന് വ്യക്തമാക്കുമോ?

## കേരള അക്കാഡമി ഫോർ സ്കിൽ ഡവലപ്പ്മെന്റിന്റെ കെട്ടിടനിർമ്മാണം

608. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽ ഡവലപ്പ്മെന്റ്, കൊല്ലത്ത് കെട്ടിടം നിർമ്മിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്കിൽ ഡലവപ്മെന്റ് സെന്ററിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നു; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) ഏതെല്ലാം ഹെഡ്ഡുകളിൽ എത്ര തുകയുണ്ടെന്നും ഇതിനായി കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമാണെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) അക്കാഡമിയുടെ കെട്ടിടനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കി, പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ;

(ഇ) പദ്ധതിയ്ക്ക് മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു?

## കേരള ടെക്നോളജി ഇന്നവേഷൻ സോൺ

609. **ശ്രീ.പി.എ.മാധവൻ**
**,, എ.പി.അബ്ദുള്ളക്കുട്ടി**
**,, ടി.എൻ. പ്രതാപൻ**
**,, ബെന്നി ബെഹനാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ കേരള ടെക്നോളജി ഇന്നവേഷൻ സോണിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

എന്തെല്ലാം ;

(ബി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഇതിനു വേണ്ടി കെ.എസ്.ഐ.ഡി.സി നൽകുന്ന സഹായങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ?

<u>സഹകരണ മേഖലയിലെ കശുവണ്ടി ഫാക്ടറികൾ .</u>

610. ശ്രീ.മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി.ഇ.എസ്.ബിജിമോൾ
,, ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന പത്ത് കശുവണ്ടി ഫാക്ടറികൾ പഴയ ഉടമകൾക്ക് വിട്ടുകൊടുക്കാൻ സുപ്രീം കോടതി വിധിയുണ്ടായിട്ടുണ്ടോ; ഇവ സഹകരണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) കേസുകൾ നടത്തുന്ന കാര്യത്തിലുണ്ടായ അലംഭാവമാണ് ഇത്തരത്തിൽ ഒരു വിധി ഉണ്ടാകാൻ കാരണമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>വിദേശ രാജ്യങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പണം.</u>

611. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പണം സംസ്ഥാനത്തിൻെറ വ്യവസായവികസനത്തിനായി ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്തുന്നു;വ്യക്തമാക്കുമോ ;

(ബി) അപ്രകാരം നിക്ഷേപം നടത്തുവാൻ തയ്യാറായി വന്നിട്ടുള്ളവരുടെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) ഈ വിഭാഗത്തിൽ നിലവിൽ ഏതെല്ലാം പദ്ധതികൾ ആണ് വിജയകരമായി നടപ്പിലാക്കി വരുന്നത് ; വിശദീകരിക്കാമോ ;

<u>കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി</u>

612. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിക്ക് വേണ്ടിയുള്ള സർവ്വേ എത്ര ശതമാനം പൂർത്തികരിച്ചിട്ടുണ്ട് ;

(സി) പദ്ധതിക്ക് വേണ്ടി എത്ര തുക ചെലവായിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഗ്രീൻ ചാനൽ സമിതികൾ

613. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് രൂപീകരിച്ച ഗ്രീൻ ചാനൽ സമിതികൾ മുഖേന നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഈ സമിതികളുടെ സേവനങ്ങൾ ഓരോ ജില്ലയിലും എത്ര വീതം സംരംഭകർ വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യകതമാക്കുമോ ;

(സി) പുതിയ സംരംഭകർക്ക് ഗ്രീൻ ചാനൽ മുഖേന ലഭ്യമാകുന്ന സബ്സിഡികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ

614. ശ്രീ.വി.ഡി.സതീശൻ
**,,** വർക്കല കഹാർ
**,,** കെ.മുരളീധരൻ
**,,** തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായാണ്

സഹകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചതിൽ വ്യവസായരംഗം എത്ര ശതമാനം പുരോഗതി പ്രാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>വരവൂർ വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

615. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ആയത് വിനിയോഗിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത വ്യവസായ പാർക്കിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത പ്രൊജക്ട് സംസ്ഥാന സർക്കാർ നേരിട്ട് നടപ്പിലാക്കുന്നതാണോ, അതോ മറ്റേതെങ്കിലും കേന്ദ്ര സർക്കാർ ഏജൻസികളുടെ സഹായത്തോടെയാണോ നടപ്പിലാക്കുന്നതെന്നും അതിനാവശ്യമായ ഫണ്ടും അനുമതിയും ലഭ്യമാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(എഫ്) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>വ്യവസായ മേഖലയിലെ കേന്ദ്ര നിക്ഷേപം</u>

616. **ശ്രീ.എം.ചന്ദ്രൻ**

**,,** പി.ശ്രീരാമകൃഷ്ണൻ

**,,** എ. പ്രദീപ്കുമാർ

**,,** കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം നേടിയെടുക്കുന്നതിൽ ഈ സർക്കാരിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിനർഹമായതും, ആവശ്യമായ തരത്തിലുള്ളതുമായ വിഹിതം

നേടിയെടുക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നൽകുന്ന കേന്ദ്രനിക്ഷേപത്തിന്റെ തോതിനനുസരിച്ച് ഇവിടയും കേന്ദ്രനിക്ഷേപം ലഭ്യമായിട്ടുണ്ടോയെന്ന് അറിയാമോ; വ്യക്തമാക്കാമോ?

<u>വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂരിലെ വഞ്ചിക്ലേമൈൻസ് വക ഭൂമി</u>

617. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂരിലെ വഞ്ചിക്ലേമൈൻസ് വക ഭൂമി കേഡസ് എന്ന സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാട്ടക്കാരൻ പാട്ടവ്യവസ്ഥകൾ ലംഘിച്ചാണ് ഭൂമി കൈവശം വച്ചിരിക്കുന്നുവെന്നതിനാൽ പാട്ടം റദ്ദു ചെയ്തു ഭൂമി തിരികെ എടുക്കണമെന്ന് ആവശ്യപ്പെട്ട് ചാത്തന്നൂർ കേന്ദ്രീകരിച്ചുള്ള ആക്ഷൻ കൗൺസിൽ അപേക്ഷ നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; അന്വേഷണത്തിൽ പാട്ടവ്യവസ്ഥകൾ ലംഘിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>മലബാർ സിമന്റിന്റെ ചേർത്തല യൂണിറ്റ്</u>

618. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റിന്റെ ചേർത്തല യൂണിറ്റ് വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് പ്രവർത്തനം പുനരാംഭിച്ചതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത യൂണിറ്റിന്റെ ഉത്പാദന ക്ഷമത എത്രയാണ് ; യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ ക്ലിങ്കർ-ന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത യൂണിറ്റിൽ നിന്നുമാത്രം പ്രതിവർഷം പ്രതീക്ഷിക്കുന്ന ലാഭം എത്രയാണ് ;

(ഡി) മലബാർ സിമന്റ്സ് കൊച്ചി തുറമുഖത്ത് സിമന്റ് ലോജിസ്റ്റിക്സ് ഹബ്ബ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ യൂണിറ്റിന്റെ പ്രവർത്തനോദ്ദേശ്യം അറിയിക്കാമോ ;

(ഇ) ചേർത്തല യൂണിറ്റിന്റെയും നിർദ്ദിഷ്ട ഹബ്ബിന്റെയും ഭാവി പ്രതിസന്ധികൾ

എന്തെല്ലാമാവാമെന്നതിനെക്കുറിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ഭാവി പദ്ധതികളാണ് ഈ യൂണിറ്റുകൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ?

<u>മാവൂരിലെ ഗ്രാസിം ഭൂമി</u>

619. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാസിം മാനേജ്മെന്റ് മാവൂരിലെ ഗ്രാസിം ഭൂമിയിൽ എന്തെങ്കിലും വ്യവസായ പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>കശുവണ്ടി മേഖലയിലെ പ്രതിസന്ധികൾ</u>

620. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിലെ പ്രതിസന്ധികൾ സംബന്ധിച്ച് വ്യവസായ വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കശുവണ്ടി മേഖലയിലെ പ്രതിസന്ധികൾ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>പരിസ്ഥിതി സൗഹൃദ വ്യവസായ വികസനം</u>

621. **ശ്രീ.കെ.അച്ചുതൻ**
**,,** ജോസഫ് വാഴയ്ക്കൻ
**,,** ആർ . സെൽവരാജ്
**,,** **വി.ഡി.സതീശൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വ്യവസായ വികസനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ സംസ്ഥാനത്ത് നിലവിലുള്ള വ്യവസായങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് സംസ്ഥാനത്ത് ഒരു നയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>പരമ്പരാഗത വ്യവസായ സംരക്ഷണം</u>

622. ശ്രീ.എ.എ.അസീസ്

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) കശുവണ്ടി വ്യവസായത്തിൽ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി</u>

623. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ പക്കൽ എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നിലവിൽ ഉപയോഗിക്കുന്നതും ഉപയോഗിക്കാതെ കിടക്കുന്നതുമായ എത്ര ഏക്കർ ഭൂമിയുണ്ട് എന്നതിന്റെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പക്കലുള്ള ഭൂമിക്ക് എത്ര തുകയാണ് വാടകയായി നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; എന്നാണ് ഇത്തരത്തിൽ വാടക നിശ്ചയിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അന്ന് വാടക നിശ്ചയിച്ചിരുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനുശേഷം വാടക പുതുക്കി നിശ്ചയിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഏതെങ്കിലും കമ്മിറ്റി റിപ്പോർട്ടുകൾ ലഭ്യമാണോ; വിശദമാക്കുമോ;

(എഫ്) ഇക്കാര്യത്തിലുള്ള സർക്കാർ തീരുമാനം വ്യക്തമാക്കുമോ?

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ</u>

624. ശ്രീ.സി.ദിവാകരൻ

,, കെ.രാജു

,, ചിറ്റയം ഗോപകുമാർ

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കാൻ നീക്കം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ ഓഹരികളാണ് വിറ്റഴിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഡോ. ബി. എ. പ്രകാശ് അദ്ധ്യക്ഷനായുള്ള പൊതു ചെലവ് അവലോകന സമിതിയുടെ അന്തിമ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## പരമ്പരാഗത വ്യവസായങ്ങളുടെ പരിരക്ഷ

625. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പഠനം നടത്തിയിട്ടുള്ളത്; പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽ നിന്നും സംരക്ഷിക്കാൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പരമ്പരാഗത വ്യവസായങ്ങളെ കരകയറ്റുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പ്രസ്തുത നടപടിയുടെ ഫലമായി ഈ മേഖലയിലുണ്ടായ ഭൗതികനേട്ടങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ?

## പരമ്പരാഗത വ്യവസായങ്ങളുടെ ഏകോപനം

626. ശ്രീമതി.പി. അയിഷാ പോറ്റി

ഡോ.കെ.ടി.ജലീൽ

ശ്രീമതി.കെ.കെ.ലതിക

ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പരമ്പരാഗത വ്യവസായങ്ങളുടെയും ഏകോപനത്തിനായി ഒരു പുതിയ വകുപ്പ് രൂപീകരിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പരമ്പരാഗത വ്യവസായങ്ങളുടെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(സി) വാഗ്ദാനം നടപ്പിലാക്കുന്നതിൽ എന്തെല്ലാം നടപട കൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ?

<u>യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പ്രവർത്തനം</u>

627. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ഇപ്പോഴത്തെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനത്തിന്റെ ലാഭ - നഷ്ട കണക്ക് വർഷം തിരിച്ച് നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിർമ്മിച്ച ഇലക്ട്രോണിക് മീറ്ററുകൾ എത്രയെന്ന് വ്യക്തമാക്കുമോ; മീറ്ററുകളുടെ വിപണനം സംബന്ധിച്ച വിശദാംശം നൽകുമോ;

(ഡി) കെ.എസ്.ഇ.ബി. ക്ക് മീറ്ററുകൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

<u>എമർജിംഗ് കേരള സംഗമം</u>

628. **ശ്രീ.സി.പി.മുഹമ്മദ്**

**,,** തേറമ്പിൽ രാമകൃഷ്ണൻ

**,,** ആർ . സെൽവരാജ്

**,,** സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടത്തിയ എമർജിംഗ് കേരള സംഗമത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംഗമത്തിൽ വന്ന എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(സി) എത്ര പദ്ധതികളിലാണ് എം .ഒ.യു. ഒപ്പിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സംഗമത്തിൽ വന്നതും നടപ്പാക്കാൻ തീരുമാനിച്ചതുമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>എമർജിംഗ് കേരള പദ്ധതി</u>

629. ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള പദ്ധതി പ്രകാരം ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ നാളിതുവരെ ആരംഭിക്കുവാൻ കഴിഞ്ഞ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയുടെയും ഇൻവെസ്റ്റ്മെന്റ് എത്രയെന്നും വിശദമാക്കുമോ ?

<u>സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

630. ശ്രീ.ബെന്നി ബെഹനാൻ

,, വി.പി.സജീന്ദ്രൻ

,, ഹൈബി ഈഡൻ

,, ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; നിർമ്മാണപ്രവർത്തനങ്ങളിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്;

(സി) സ്മാർട്ട് സിറ്റിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>വ്യാവസായിക രംഗത്തെ നിക്ഷേപം</u>

631. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യവസായ രംഗത്ത് എത്ര രൂപയുടെ നിക്ഷേപം ഉണ്ടായി;

(ബി) എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു;

(സി) പ്രസ്തുത കാലയളവിൽ എത്ര ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുവാൻ കഴിഞ്ഞു;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഫാക്ടറികൾ അടച്ചുപൂട്ടി; കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) വ്യവസായ രംഗത്തെ കേരള മോഡൽ എന്നതുകൊണ്ട് എന്തെല്ലാമാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കാമോ;

(എഫ്) ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; എത്ര സംരംഭകർക്ക് അതിന്റെ ഗുണം ലഭിച്ചു; വിശദാംശം നൽകാമോ?

<u>കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ബി. എച്ച്. ഇ . എൽ</u>

632. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കെ. ഇ .എൽ.നെ ബി. എച്ച്. ഇ . എൽ ആക്കി മാറ്റിയ ശേഷം എന്ത് പുരോഗതിയാണ് ആ സ്ഥാപനത്തിനുണ്ടായത്;

(ബി) ഉദ്പാദന വർദ്ധനവ്, മാർക്കറ്റിംഗിൽ പുരോഗതി, തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ വർദ്ധനവ് എന്നിവ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ബി. എച്ച്. ഇ . എൽ ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) തൊഴിലാളികളുടെയും കമ്പനിയുടെയും താൽപര്യങ്ങൾ സംരക്ഷിക്കാനും പ്രവർത്തനം മെച്ചപ്പെടുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ പ്രവർത്തനം</u>

633. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ 2010-11, 2011-12, 2012-13 വർഷങ്ങളിൽ ലാഭമോ നഷ്ടമോ എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവർത്തന മൂലധനമില്ലാത്തതിനാൽ പ്രസ്തുത കമ്പനിയിൽ ഈ സാമ്പത്തിക വർഷം പ്രൊഡക്ഷൻ കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കുറഞ്ഞിട്ടുണ്ടെങ്കിൽ പ്രവർത്തന മൂലധനം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

## കാസർഗോഡ് മണ്ഡലത്തിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ

634. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് മണ്ഡലത്തിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എതെല്ലാം മേഖലകളിൽ; വിശദവിവരം നൽകാമോ;

(ബി) ഇല്ലെങ്കിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യതകളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദ വിവരം നൽകാമോ;

(സി) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര; മറ്റുള്ളവ എത്ര?

## സംസ്ഥാനത്തെ കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങൾ .

635. **ശ്രീ.**കോടിയേരി ബാലകൃഷ്ണൻ

**,,** എളമരം കരീം

**,,** എം.ചന്ദ്രൻ

**,,** എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്കാവശ്യമായ സാമ്പത്തിക-സാമ്പത്തികേതര കാര്യങ്ങൾ നേടിയെടുക്കുന്ന പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കേന്ദ്ര-പൊതുമേഖലാ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനം കഴിഞ്ഞ നാലു വർഷമായി സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ; കൊച്ചി തുറമുഖം, എഫ്.എ.സി.റ്റി, എച്ച്.ഒ.സി, എച്ച്.എം.ടി തുടങ്ങിയവ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് അറിയാമോ;

(സി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിയിൽ കഴിഞ്ഞ നാലു വർഷമായി കേന്ദ്ര സർക്കാരിന്റെ നിലപാടുകൾ അനുയോജ്യമായ തരത്തിലായിരുന്നോ ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര പൊതുമേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും നിക്ഷേപം നേടിയെടുക്കാൻ സാദ്ധ്യമായോ;വ്യക്തമാക്കുമോ?

<u>വ്യവസായികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികൾ</u>

636. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പരിപാടികൾ എവിടെയൊക്കെയാണ് നടത്തിയത് എന്നും എന്തൊക്കെ പരിപാടികളായിരുന്നു എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) ഇതിൽ ഓരോ പരിപാടിക്കും സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും ചിലവഴിച്ച തുക എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

<u>തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽവേ പദ്ധതി</u>

637. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുമ്പ് നിർദ്ദേശിക്കപ്പെട്ട തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽവേ പദ്ധതിയുടെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിക്കായുള്ള സർവ്വേ നടപടികൾ പൂർത്തിയായോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കാവുന്ന ആകെ ചെലവ് എത്ര കോടിയാണെന്നും, എത്ര കോടി രൂപ ആകെ ഇതുവരെ ചെലവഴിച്ചുവെന്നും വിശദമാക്കുമോ

<u>സ്റ്റാർട്ട് അപ് പോളിസി</u>

638. ശ്രീ.അൻവർ സാദത്ത്

**,,** എ.റ്റി.ജോർജ്

**,,** കെ.മുരളീധരൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) നയത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പോളിസി എന്ന് മുതൽ നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## കാപ്പക്സിന്റെ ഫാക്ടറികൾ സംരക്ഷിക്കാൻ സ്വീകരിച്ച നടപടി

639. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പക്സിന്റെ ഫാക്ടറികൾ പഴയ ഉടമകൾക്ക് വിട്ടുകൊടുക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ വിധി വന്ന സാഹചര്യത്തിൽ കാപ്പക്സിനെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ

640. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങളും ഘടനയും വിശദീകരിക്കാമോ;

(സി) എമർജിംഗ് കേരള മീറ്റിൽ വന്ന വ്യവസായ വകുപ്പിനു കീഴിലുള്ള എത്ര പദ്ധതികൾ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ മോണിറ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഇതിന്റെ ഓരോന്നിന്റെയും നിലവിലുള്ള അവസ്ഥ വിശദീകരിക്കാമോ?

## കേരള ഇൻവെസ്റ്റേഴ്സ് മീറ്റ് 2012

641. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2012-ൽ നടന്ന കേരള ഇൻവെസ്റ്റേഴ്സ് മീറ്റിൽ കൊറിയൻ കമ്പനിയായ ടാൻഗോങ്ങ് എനർജി പ്രൈവറ്റ് ലിമിറ്റഡിനെ പ്രതിനിധീകരിച്ച്

ആരൊക്കെയാണ് പങ്കെടുത്തതെന്ന് വിശദമാക്കുമോ ;

(ബി) ടാൻഗോങ്ങ് എനർജി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി സർക്കാർ ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

## സംരംഭക പദ്ധതികളുടെ രൂപീകരണം -മിഷൻ 676

642. ശ്രീ.ടി.എൻ. പ്രതാപൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, എ.റ്റി.ജോർജ്

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ട് അപ്പ് വില്ലേജ് ഉൾപ്പെടെയുള്ള സംരംഭക പദ്ധതികളുടെ രൂപീകരണത്തിന് മിഷൻ 676ൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ;

(ബി) ഇതിനായി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്നു വിശദമാക്കാമോ;

(സി) പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## ക്വാറി സമരം

643. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറികൾക്ക് പെർമിറ്റ് നൽകുന്നതിനും പുതുക്കുന്നതിനും പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ക്വാറി സമരം മൂലം ഉടലെടുത്തിരിക്കുന്ന നിർമ്മാണ മേഖലയിലെ പ്രതിസന്ധികൾ നേരിടാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ക്വാറി-ക്രഷർ യൂണിറ്റുകൾക്ക് പ്രവർത്തന അനുമതി

644. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്വാറി-ക്രഷർ യൂണിറ്റുകൾക്ക് പ്രവർത്തന അനുമതി നൽകുന്നതിലുള്ള തടസ്സങ്ങൾ കാരണം നിർമാണമേഖല സ്തംഭിക്കുകയും വികസന പ്രവൃത്തികൾ മന്ദഗതിയിലാകുകയും ചെയ്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത സാഹചര്യം ഉറപ്പുവരുത്തി ക്വാറി-ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനത്തിന് അനുമതി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

## നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

T 645. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ സാമഗ്രികളുടെ ക്ഷാമം, വില വർദ്ധനവ്, വാഹന പരിശോധനമൂലമുള്ള ബുദ്ധിമുട്ടുകൾ എന്നിവയ്ക്ക് പരിഹാരം കാണാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

## കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള കേന്ദ്രസഹായം

646. **ശ്രീ.ഇ.പി.ജയരാജൻ**

**,,** സി.കൃഷ്ണൻ

**,,** കെ.കെ.നാരായണൻ

**,,** കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം കൈത്തറി സഹകരണ സംഘങ്ങളും വൻ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന ആസൂത്രണ ബോർഡിന്റെ പഠന റിപ്പോർട്ട് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കൈത്തറി സഹകരണ സംഘങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച സഹായം ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കാമോ?

## കൈത്തറി മേഖലയുടെ പുനരുദ്ധാരണം

647. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി എന്തു തുക വിനിയോഗിച്ചുവെന്ന് അറിയിക്കാമോ ;

(സി) കൈത്തറി സഹകരണ സംഘങ്ങളുടെ വായ്പയും പലിശയും ഒഴിവാക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ?

## മാവൂർ ഗ്വോളിയോർ റയോൺസ് ഭൂമി

648. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയോർ റയോൺസ് ഭൂമിയിൽ പുതിയ വ്യവസായം ആരംഭിക്കുന്നതിന് ബിർള ഗ്രൂപ്പിന് അന്തിമനിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഈ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടികൾ ത്വരിതപ്പെടുത്താൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) കോഴിക്കോട് കോംട്രസ്റ്റ് മാതൃകയിൽ നിയമനിർമ്മാണത്തിലൂടെ ഗ്വോളിയോർ റയോൺസ് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ നിയമന അഴിമതി

649. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡിൽ ഒഴിവുവന്ന മൂന്ന് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനത്തിനായി നടത്തിയ എഴുത്ത് പരീക്ഷയുടെ ചോദ്യപേപ്പർ ചോർച്ച, നിയമനത്തിനു കോഴ, 30-12-2014 നു നടത്തിയ ഇന്റർവ്യൂവിൽ അഴിമതി, സംവരണതത്വം പാലിക്കാതെയും മിൽ ഡയറക്ടർ ബോർഡിന്റെ അനുമതി തേടാതെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതുൾപ്പെടെയുള്ള വ്യാപക ക്രമക്കേട് നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരാതികൾ നിലവിലുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള അന്വേഷണത്തിനാണ്

ഉത്തരവിട്ടിട്ടുള്ളത്;

(ബി) 29-12-2014 ന ഒഴിവുള്ള ഡെപ്യൂട്ടി ഫിനാൻഷ്യൽ കൺട്രോളർ തസ്തികയിലേക്ക് നടത്തിയ ഇന്റർവ്യൂവിൽ പങ്കെടുത്ത മൂന്ന് ഉദ്യോഗാർത്ഥികളിൽ രണ്ട് ഉദ്യോഗാർത്ഥികൾക്ക് പ്രവർത്തന പരിചയം ഇല്ലാത്തതിനാൽ അയോഗ്യരാക്കുകയും എന്നാൽ മൂന്നാമത്തെ ഉദ്യോഗാർത്ഥിക്ക് സമാന മേഖലയിൽ തന്നെ പ്രവർത്തന പരിചയം ഉണ്ടായിട്ടും നിയമനം തടഞ്ഞതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത സംബന്ധിച്ച് പരാതികൾ നിലവിലുണ്ടോ; അയോഗ്യരാക്കിയ ഉദ്യോഗാർത്ഥികളിൽ മിൽ ചെയർമാന്റെ ബന്ധു ഉൾപ്പെട്ടതിനാൽ പ്രവർത്തന പരിചയ കാലയളവ് തികക്കാൻ വീണ്ടും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുവാനുള്ള തീരുമാനം റദ്ദ് ചെയ്യുമോ;

(സി) മലപ്പുറം മില്ലിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷനിലൂടെ നിയമനം നടത്തിയത് പത്ര പരസ്യം, ഇന്റർവ്യൂ തുടങ്ങിയ നടപടിക്രമങ്ങൾ പാലിച്ചാണോ; ചെങ്കന്നൂർ പ്രഭുറാം മില്ലിൽ പേർസണൽ മാനേജർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരന് ഉന്നത ചീഫ് എക്സിക്യൂട്ടീവ് തസ്തികയായ മലപ്പുറം മില്ലിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് ഡെപ്യൂട്ടേഷനിലൂടെ നിയമനം നൽകിയത് ചട്ടപ്രകാരമാണോ; താഴ്ന്ന തസ്തികയിൽ ജോലി ചെയ്യുന്ന പ്രസ്തുത ജീവനക്കാരന് ഡെപ്യൂട്ടേഷനിലൂടെ സമാന തസ്തികക്ക് പകരം ഉന്നത തസ്തിക അനുവദിച്ച് നൽകുവാനുള്ള കാരണം എന്താണ്; ഉന്നത തസ്തിക അനുവദിച്ച് നൽകുന്നത് ഏത് നിയമ പ്രകാരമാണ്; എത്ര വർഷത്തേക്കാണ് നിയമനം നൽകിയത്; ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് പരാതികൾ നിലവിലുണ്ടോ; എങ്കിൽ പരാതിയിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരന് ചെങ്കന്നൂർ പ്രഭുറാം മില്ലിൽ ഡെപ്യൂട്ടി മാനേജർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയത് ചട്ട വിരുദ്ധമാണെന്ന് പറഞ്ഞ് കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; പ്രസ്തുത ജീവനക്കാരന് അഴിമതി സംബന്ധിച്ച് പോലീസ് കേസ്സുകൾ നിലവിലുണ്ടോ; ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് പരാതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പരാതിയിൻമേൽ ഇതുവരെയായും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിലെ പഴയ മെഷീനറി വിൽപ്പന .

650. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ലും 2014-ലും മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിൽനിന്നും പഴയ മെഷീനറി വിൽപ്പന നടത്തിയതിന് ഇ-ടെൻഡർ ക്ഷണിച്ചിരുന്നോ ; നിയമപ്രകാരം ഇ-ടെൻഡർ ക്ഷണിക്കേണ്ട ആവശ്യകത ഉണ്ടോ ;

(ബി) മലപ്പുറം മില്ലിലെ ഡയറക്ടർ ബോർഡിലുള്ള വ്യവസായവകുപ്പ് അണ്ടർ സെക്രട്ടറിയുടെ സമ്മർദ്ദത്തിൽ ,വ്യവസായവകുപ്പിലെയും ഹാന്റക്സിലെയും ഡയറക്ടറേറ്റിലെയും ഉദ്യോഗസ്ഥരെ ഉപയോഗിച്ച് പഴയ മെഷീനറി വിൽപ്പനക്കായി കുറവ് വാല്യുവേഷൻ നടത്തിയതായും പഴയ മെഷീനറി വിൽപ്പനയിൽ അഴിമതി നടന്നതായും ഉയർന്നിട്ടുള്ള പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; പരാതിയിന്മേൽ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുമോ ; ഇല്ലെങ്കിൽ മറ്റേതെങ്കിലും അന്വേഷണത്തിനു ഉത്തരവിടാമോ ;

(സി) മില്ലിലേക്ക് 5 ലക്ഷം രൂപക്ക് മുകളിൽ പോളിയെസ്റ്റർ വാങ്ങുന്നത് ഇ-ടെണ്ടർ ക്ഷണിച്ചാണോ ?ഇ-ടെണ്ടർ വിളിക്കാതെ വാങ്ങുവാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ നിയമ വിരുദ്ധമായി വാങ്ങിയതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുമോ ?

## ഐ.ടി. മേഖലയിലെ തൊഴിൽ ചൂഷണവും തട്ടിപ്പും

651. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ നടക്കുന്ന തൊഴിൽ ചൂഷണവും തട്ടിപ്പും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഐ.ടി. മേഖലയിൽ ട്രെയിനിംഗ് എന്ന പേരിൽ യുവാക്കളെയും സർക്കാരിനെയും വഞ്ചിക്കാൻ ശ്രമിക്കുന്ന കമ്പനികളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സർക്കാരിന്റെ ആനുകൂല്യങ്ങൾ മുഴുവനും നേടിയ ശേഷം പൂട്ടിപ്പോകുന്ന കമ്പനികളെ നിയന്ത്രിക്കുന്നതിനായി ഐ.ടി. മേഖലയിൽ പ്രത്യേക നിയമം കൊണ്ടുവരുമോ ?

## ഇ -ഡിസ്ട്രിക്ട് പദ്ധതി പ്രകാരമുള്ള ഓൺലൈൻ സർട്ടിഫിക്കറ്റുകൾ

652. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ -ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര ഓൺലൈൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകളാണ് ഓൺലൈൻ വഴി സർട്ടിഫിക്കറ്റുകൾ അനുവദിച്ചതെന്നും ഓരോ വകുപ്പും എത്ര വീതം സർട്ടിഫിക്കറ്റുകൾ നൽകിയെന്നും വിശദമാക്കാമോ;

(സി) ഇ -ഡിസ്ട്രിക്ട് പദ്ധതിക്കു കീഴിൽ പുതുതായി നൽകുവാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഐ.ടി. മേഖല</u>

653. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. കമ്പനികളിൽ നിന്നും ഈ സർക്കാരിന്റെ കാലത്ത് ഒഴിവാക്കപ്പെട്ടവരെ സംബന്ധിച്ച് സ്ഥിതി വിവരകണക്കുകൾ ലഭ്യമാക്കാമോ;

(ബി) എത്ര ഐ.ടി. കമ്പനികൾ ഈ കാലയളവിൽ പ്രവർത്തനം നിർത്തിവെച്ചിട്ടുണ്ട്;

(സി) തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കാലിക്കറ്റ് സൈബർ പാർക്ക് എന്നിവിടങ്ങളിൽ നിലവിൽ എത്ര ഐ.ടി കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഐ.ടി. മേഖലയിൽ മൊത്തം എത്ര പേർ ഇപ്പോൾ തൊഴിൽ ചെയ്യുന്നു;

(ഡി) ധാരാളം തൊഴിൽ നൽകാൻ കഴിയുന്ന ഐ.ടി. മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ വിനിയോഗിക്കപ്പെടാതെ കിടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>അക്ഷയ കേന്ദ്രങ്ങൾ</u>

654. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ, കല്ലുവാതുക്കൽ, പൂതക്കുളം, ആദിച്ചനല്ലൂർ, പൂയപ്പള്ളി, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലും പരവൂർ നഗരസഭയിലുമായി ആകെ എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുവെന്നും, ആയത് ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലാണെന്നും അറിയിക്കുമോ;

(ബി) ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ/നഗരസഭയുടെ പരിധിയിൽ എത്ര അക്ഷയ കേന്ദ്രങ്ങൾക്ക് വരെ അനുമതി നൽകാറുണ്ട്; ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ഒരു അക്ഷയ കേന്ദ്രം മാത്രമേ ഉള്ളൂവെങ്കിൽ ജനങ്ങളുടെ സൗകര്യം പരിഗണിച്ച് കൂടുതൽ എണ്ണത്തിന് അനുമതി നൽകുവാൻ സന്നദ്ധമാകുമോ;

(സി) പുതുതായി അക്ഷയ കേന്ദ്രം ആരംഭിക്കുന്നതിലേക്ക് എന്തൊക്കെ നടപടി

ക്രമങ്ങളാണുള്ളത്; അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും, അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

കുണ്ടറ ടെക്നോ പാർക്ക്

655. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുണ്ടറ ടെക്നോ പാർക്കിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ;

(ബി) കുണ്ടറ ടെക്നോപാർക്കിന്റെ എത്രത്തോളം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ വന്നതിനുശേഷം കുണ്ടറ ടെക്നോപാരിക്കിന്റെ എത്ര ഘട്ടങ്ങൾ പൂർത്തിയായിക്കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

കുണ്ടറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തനം

656. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തനത്തിനായി എന്തെങ്കിലും പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുണ്ടറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തന പുരോഗതിക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോ പാർക്ക് എന്നിവയുടെ അടിസ്ഥാന സൗകര്യവികസനം

657. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോ പാർക്ക് എന്നിവയുടെ അടിസ്ഥാന സൗകര്യവികസനത്തിനും സ്ഥലം ഏറ്റെടുക്കലിനും വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; ചെലവഴിച്ച തുക എത്ര ; വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു ;

(ബി) ഓരോ പാർക്കിലും ലക്ഷ്യമിട്ട അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ്; അവ പൂർത്തീകരിക്കുന്നതിന് എത്ര തുക വീതം ആവശ്യമാണ്;

(സി) സൈബർ പാർക്കിൽ പുതുതായി നിർമ്മിച്ച ഐ.ടി. സ്പെയ്സ് മാർക്കറ്റിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി പ്രത്യേക പാക്കേജ് അനുവദിക്കുമോ?

<u>അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്</u>

658. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സാധ്യമാക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഏതെല്ലാം ജില്ലകളിലെ പ്രവൃത്തി ഇതിനകം ടെണ്ടർ ചെയ്തിട്ടുണ്ട്;

(ഡി) സംസ്ഥാനമൊട്ടാകെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ; ഏതെല്ലാം ജില്ലകളെ ആദ്യഘട്ടത്തിൽ ഒഴിവാക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

<u>കുണ്ടറ ടെക്നോപാർക്ക്</u>

659. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ ടെക്നോപാർക്കിൽ നാളിതുവരെ എത്ര കമ്പനികൾ പ്രവർത്തനം ആരംഭിച്ചു ;

(ബി) കുണ്ടറ ടെക്നോപാർക്കിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) കുണ്ടറ ടെക്നോപാർക്ക് വികസനത്തിനായി നവീന പദ്ധതികൾ എന്തെങ്കിലും ആരംഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

<u>ചെറുകിട കർഷകരുടെയും ബി.പി.എൽ കുടുംബത്തിൽപ്പെട്ട കുടുംബത്തിലെയും പെൺകുട്ടികൾക്ക് ലാപ് ടോപ്പ്</u>

660. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കർഷകരുടെയും ബി.പി.എൽ കുടുംബത്തിൽപ്പെട്ട കുടുംബത്തിലെയും പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടിയ എല്ലാ പെൺകുട്ടികൾക്കും ലാപ് ടോപ്പ് സൗജന്യമായി നല്കിയിട്ടുണ്ടോ; എത്ര പേർക്ക് നല്കുകയുണ്ടായി; ഇതിനായി ചെലവഴിച്ച മൊത്തം തുക എത്ര; നടപ്പ് ബജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയായിരുന്നു;

(ബി) ഏതു ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്; എത്ര ലാപ് ടോപ്പുകൾ ഇതിനായി വാങ്ങുകയുണ്ടായി; വിതരണം ചെയ്തവ എത്ര; ഏത് കമ്പനിയുടെ എന്ത് വിലയുള്ള ലാപ്ടോപ്പുകൾ വാങ്ങുകയുണ്ടായി;

(സി) ഇതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയുണ്ടായോ; ഏതെല്ലാം കമ്പനികൾ ക്വാട്ട് ചെയ്തു; ക്വാട്ട് ചെയ്ത തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ?

## തലശ്ശേരി ഐ.ടി. പാർക്ക്

661. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഐ.ടി. പാർക്ക് എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

## കൊരട്ടി ഇൻഫോ പാർക്ക്

662. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഇൻഫോ പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) കൂടുതൽ ഐ.ടി. കമ്പനികൾ കൊരട്ടി ഇൻഫോ പാർക്കിൽ പ്രവർത്തനം ആരംഭിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

## ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ

T 663. **ശ്രീ.കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന പരാതി ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുമോ;

(ബി) ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിലടയ്ക്കുന്ന പണം ബന്ധപ്പെട്ട ലക്ഷ്യത്തിൽ യഥാസമയം വരവ് വയ്ക്കാത്തതുമൂലം പണമടയ്ക്കുന്നവർക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ സേവന കേന്ദ്രവും ലക്ഷ്യകേന്ദ്രവും തമ്മിലുള്ള ഏകോപനം കുറ്റമറ്റതാക്കാൻ നടപടി നടത്തുമോ;

(സി) നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ സർക്കാർ സേവങ്ങൾക്ക് നൽകുന്ന സൗജന്യം തുടരുന്നതോടൊപ്പം നിശ്ചിത ഫീസ് ഈടാക്കി അക്ഷയ കേന്ദ്രങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങൾ ഇവിടെയും ആരംഭിക്കുന്നതിന് നിർദ്ദേശിക്കുമോ?

## കുറ്റ്യാടി നാളികേര പാർക്ക്

664. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കുറ്റ്യാടി നാളികേര പാർക്കിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട പാർക്കിൽ എന്തെല്ലാം പദ്ധതികളാണ് കെ.എസ്.ഐ.ഡി.സി. നടപ്പാക്കുക എന്ന് വ്യക്തമാക്കുമോ?

## സ്മാർട്ട് സിറ്റി പദ്ധതി

665. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്ത് കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അവ ഏതുതരം ആവശ്യത്തിന് ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

## ആദിവാസി ഗോത്രസഭയുടെ നില്പ് സമരം

666. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) തിരുവനന്തപുരത്ത് ആദിവാസി ഗോത്രസഭയുടെ നില്പ് സമരം അവസാനിപ്പിക്കാൻ സർക്കാരും സമരക്കാരും തമ്മിലുണ്ടാക്കിയ ഒത്ത് തീർപ്പ് വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഒത്ത് തീർപ്പ് വ്യവസ്ഥകൾ പ്രകാരം സർക്കാർ ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചു ; അവ ഏതെല്ലാം ; അവയുടെ കോപ്പികൾ ലഭ്യമാക്കുമോ ;

(സി) ആദിവാസികൾക്ക് നിലവിൽ ലഭ്യമല്ലാതിരുന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് പുതിയ ഒത്ത് തീർപ്പ് വ്യവസ്ഥയിലൂടെ ലഭ്യമായതെന്ന് വ്യക്തമാക്കുമോ ?

## പട്ടിക ഗോത്ര വർഗ്ഗ വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം

667. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, ബെന്നി ബെഹനാൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിക്കാൻ പട്ടികവർഗ്ഗ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## പട്ടിക വർഗ്ഗ വിദ്യാർഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് നീക്കിവച്ച തുക

668. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് നീക്കിവച്ചത് ; ഇതുവരെ എത്ര തുകയാണ് ചെലവഴിച്ചത് ?

## പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ

669. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ, കണ്ണൂരിലെ പട്ടുവത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; എത്ര തസ്തികകൾ നിലവിലുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു; വിശദാംശം നൽകാമോ;

(ബി) സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളിനായി വാഹനം വാങ്ങുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## ആദിവാസി പുനരധിവാസ മിഷൻ

670. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന സ്ഥലം പതിച്ച് നൽകിയിട്ടുണ്ടോ;എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ട് ; ഇനി എത്ര പേർക്ക് നൽകാനുണ്ട് ;വിശദമാക്കുമോ;

(ബി) നെല്ലിയാമ്പതിയിലെ മുഴുവൻ ആദിവാസി വിഭാഗക്കാർക്കും വീടും സ്ഥലവും നൽകുന്നതിനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കുമോ;വിശദാംശം നൽകുമോ?

## ആദിവാസി ഭൂമിവിതരണ പരിപാടി

671. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി ഭൂമിവിതരണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) നടപ്പുവർഷം പ്രസ്തുത പദ്ധതി പ്രകാരമുള്ള ലക്ഷ്യം വ്യക്തമാക്കുമോ;

(സി) നടപ്പുവർഷം വിതരണം ചെയ്ത ഭൂമി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

<u>ചാലക്കുടി നായരങ്ങാടി എം. ആർ. എസ്.- ൽ ഹയർ സെക്കൻഡറി കോഴ്സിന് അഡീഷണൽ ബാച്ച്</u>

672. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി എസ്. എസ്. എൽ. സി. പരീക്ഷയിൽ നൂറ് ശതമാനം വിജയം കൈവരിച്ച ചാലക്കുടി മണ്ഡലത്തിലെ നായരങ്ങാടി എം. ആർ. എസ്.- ൽ ഹയർ സെക്കൻഡറി കോഴ്സിന് അഡീഷണൽ ബാച്ച് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>അട്ടപ്പാടി യിൽ സ്ത്രീകളുടെയും കുട്ടികളുടെയും മരണം</u>

673. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷങ്ങളിൽ അട്ടപ്പാടി ആദിവാസി മേഖലയിൽ എത്ര സ്ത്രീകളും കുട്ടികളും മരണമടഞ്ഞിട്ടുണ്ടെന്ന് പറയാമോ;

(ബി) ഈ മേഖലയിൽ അമ്മമാരും കുഞ്ഞുങ്ങളും തുടർച്ചയായി മരണപ്പെട്ടതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അവയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇവിടെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും മരണങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) മേൽപ്പറഞ്ഞ രീതിയിൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ?

<u>കൽപ്പറ്റ നിയോജക മണ്ഡലത്തിലെ റ്റി ആർ.ഡി.എം. പദ്ധതി</u>

674. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ,റ്റി.ആർ.ഡി.എം. പദ്ധതി പ്രകാരം നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നടപ്പാക്കുന്ന തടയണ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവ ഏതു ഘട്ടം വരെയായിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്കു പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

<u>പുതുക്കാട് മണ്ഡലത്തിലെ സമഗ്ര വികസന പദ്ധതി</u>

675. പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ എല്ലാ ട്രൈബൽ കോളനിയിലും സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്ന പ്രോജക്ട് നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുതപദ്ധതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏര്യാ ആക്ട്</u>

676. ശ്രീ.എ.കെ.ബാലൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏര്യാ (PESA) ആക്ട് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് രാജ് ആക്ട് പ്രകാരമാണോ, മറ്റേതെങ്കിലും നിയമപ്രകാരമാണോ PESA സംസ്ഥാനത്ത് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാനത്ത് എന്താണ് പുതുതായി നടപ്പാക്കുവാൻ പോകുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം നടപടി ക്രമങ്ങൾക്ക് ശേഷമാണ് പ്രസ്തുത ആക്ട് പ്രകാരമുള്ള കാര്യങ്ങൾ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

<u>കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്</u>

677. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടിക വർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ആഫീസ് എന്ന പരിഗണന നൽകി അടിയന്തിര നടപടി ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ ?

<u>പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി</u>

678. ശ്രീ.വി.പി.സജീന്ദ്രൻ

,, ഐ.സി.ബാലകൃഷ്ണൻ

,, എ.റ്റി.ജോർജ്

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി പട്ടിക വര്ഗ്ഗ വകുപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ലൈംഗികമായി പീഡിപ്പിക്കപ്പെട്ട ആദിവാസി സ്ത്രീകൾ</u>

679. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആദിവാസി സ്ത്രീകളും പ്രായപൂർത്തിയാകാത്ത ആദിവാസി പെൺകുട്ടികളും ലൈംഗികമായി

പീഡിപ്പിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇത്തരം സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാരീരികവും മാനസികവുമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനും പുനരധിവാസ സഹായം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ?

<u>പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം</u>

680. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പ്രസ്തുത വകുപ്പിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ ഇടനിലക്കാർ കൈക്കലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ</u>

681. **ശ്രീ.സി.എഫ്.തോമസ്**

**,, മോൻസ് ജോസഫ്**

**,, റ്റി.യു. കുരുവിള**

**,, തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയ ബന്ധിതമായി നടപടികൾ ഉണ്ടാകുമോ;

(സി) മുഴുവൻ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഭൂമി, വീട്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

## അട്ടപ്പാടിയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി

682. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂമിയില്ലാത്ത എത്ര പട്ടികവർഗ്ഗക്കാരുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ; ഇതിനായി എത്ര ഏക്കർ ഭൂമി സർക്കാർ കണ്ടെത്തിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇതിൽ എത്രപേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) അട്ടപ്പാടിയിലെ ഭൂരഹിതരുടെ വിശദവിവരം നൽകുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരായിട്ടുള്ള ഭൂരഹിതരുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിനായി മാത്രം ചെയ്തിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ; ഇതിന്റെ ഭാഗമായി എത്രപേർക്ക് ഭൂമി നൽകി;

(ഡി) ഭൂമി വിലയ്ക്കുവാങ്ങി വയനാട്ടിലെ പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ഇ) കഴിഞ്ഞ 8 വർഷമായി ഇതിലേയ്ക്ക് അനുവദിക്കപ്പെട്ട തുകയുടെയും ചിലവിന്റെയും വിശദവിവരങ്ങൾ നൽകുമോ?

## ആദിവാസികൾക്ക് ഭൂമിയും വീടും പദ്ധതി

683. ശ്രീ.കെ.കെ.ജയചന്ദ്രൻ
,, കെ.വി.വിജയദാസ്
,, എം. ഹംസ
,, വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയ്ക്കും കൂരയ്ക്കുമായുള്ള ആദിവാസികളുടെ പരാതികൾ സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ;ആദിവാസികൾക്ക് ഭൂമിയും അതിലൊരു വീടും പദ്ധതി പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ ജാഗ്രതക്കുറവും അലംഭാവവുമാണ് ആദിവാസി സമൂഹത്തിന്റെ ഭൂമിയും വീടും പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കാത്തത് എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) പ്രഖ്യാപനങ്ങൾ മാത്രം നടത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം കാണിക്കുകയും ചെയ്യുന്നത് കാരണമാണ് ആദിവാസികൾക്ക് ദുരിതങ്ങളിൽ നിന്ന് കരകയറാൻ സാധിക്കാത്തത് എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ;

(ഡി) അന്യാധീനപ്പെട്ട ആദിവാസി ഭൂമി കണ്ടെത്തി തിരിച്ചുപിടിച്ച് ആദിവാസികൾക്ക് ലഭ്യമാക്കാനും ഭൂരഹിതരായ സംസ്ഥാനത്തെ എല്ലാ ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യാനും എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കുമോ?

ആദിവാസികോളനികളിൽ പച്ചക്കറി സ്വയം പര്യാപ്തതാ പദ്ധതി നടപ്പാക്കൽ

684. ശ്രീ.സി.മോയിൻ കുട്ടി

,, എം.ഉമ്മർ

,, കെ.എം.ഷാജി

,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചക്കറി സ്വയം പര്യാപ്തതാ പദ്ധതി ആദിവാസികോളനികളിലൂടെ നടപ്പാക്കാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് നല്കിയ സഹായസഹകരണങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതി ഏറ്റെടുത്ത് വിജയകരമാക്കാൻ കോളനിവാസികളെ സജ്ജരാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കോളനിവാസികളെ സംഘടിപ്പിച്ച് സംയുക്ത കൃഷിരീതി ആവിഷ്കരിക്കാനും കൃഷിക്ക് പാട്ടഭൂമി ലഭ്യമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

പട്ടികവർഗ്ഗസങ്കേത വികസനപദ്ധതി

685. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, എൻ. ഷംസുദ്ദീൻ

,, കെ.മുഹമ്മദുണ്ണി ഹാജി

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്താമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന എത്ര സങ്കേതങ്ങളുണ്ടെന്നും ഏതൊക്കെ സങ്കേതങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പദ്ധതിമൂലം സങ്കേതങ്ങളിൽ ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടങ്ങളെ സംബന്ധിച്ച വിശദവിവരം നൽകാമോ?

<u>പട്ടികവർഗ്ഗക്ഷേമത്തിനായി അനുവദിച്ച പദ്ധതി തുക</u>

686. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്ഷേമത്തിനായി നടപ്പ സാമ്പത്തികവർഷം വകയിരുത്തിയ തുകയും, അനുവദിച്ച തുകയും, നാളിതുവരെ ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സർക്കാർ വകുപ്പ് നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി, വകയിരുത്തിയ തുകയും, അനുവദിച്ച തുകയും,നാളിതുവരെ വിനിയോഗിച്ച തുകയും തരംതിരിച്ച് വിശദമാക്കാമോ;

(സി) പദ്ധതി തുക അനുവദിച്ചതിലും വിനിയോഗിക്കുന്നതിലും, മുൻവർഷത്തേക്കാൾ കുറവോ കൂടുതലോ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>മിഷൻ **676-**പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള സമ്പൂർണ്ണ ഭവന പദ്ധതി</u>

687. **ശ്രീ.വി.പി.സജീന്ദ്രൻ**
**,, ഐ.സി.ബാലകൃഷ്ണൻ**
**,, അൻവർ സാദത്ത്**
**,, പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>യുവജന നയം</u>

688. ശ്രീ.വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>യൂത്ത് റിസോഴ്സ് സെന്ററുകൾ</u>

689. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഹൈബി ഈഡൻ

,, വി.റ്റി.ബൽറാം

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ബ്ലോക്കുകളിലും യൂത്ത് റിസോഴ്സ് സെന്ററുകൾ ആരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ലഭിക്കുന്ന കേന്ദ്രസഹായം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുമായി സഹകരിക്കാനുദ്ദേശിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

## യുവജനനയം

690. ശ്രീ.ഹൈബി ഈഡൻ

,, പി.സി വിഷ്ണുനാഥ്

,, വി.റ്റി.ബൽറാം

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) യുവജനക്ഷേമത്തിനായി പ്രസ്തുത നയത്തിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) യുവജനനയം നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;വ്യക്തമാക്കുമോ?

## ജോബ്ഫെയർ

691. ശ്രീ.ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ്

,, ഹൈബി ഈഡൻ

,, വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ്ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ജോബ്ഫെയറിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ജോബ്ഫെയറുമായി സഹകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ്ഫെയർ വഴി പൂർത്തീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മിഷൻ **676**-ൽ യുവജനക്ഷേമ പദ്ധതികൾ

692. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, ഹൈബി ഈഡൻ

,, വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ ആവിഷ്കരിക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
01-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.